# ദി ഡിഫെൻഡർ

Vol. No. 13 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor 2010 June 16 Price: Rs.100/- P.A.


## സി.ഓ.ജി. ജനറൽ ബോഡി: പ്രമുഖർ പങ്കെടുത്തില്ല

ചർച്ച് ഓഫ് ഗോഡിന്റെ അഖിലേന്ത്യാ ജനറൽ ബോഡിയിൽ നിന്നു പ്രമുഖർ വിട്ടുനിന്നതായി ആരോപണം. ജൂൺ 10ന് പാക്കിൽ നടന്ന ജനറൽ ബോഡിയാണ് നേതാക്കൻമാരുടെ അസാന്നിദ്ധ്യം കൊണ്ടു ശ്രദ്ധേയമായത്. ഓവർസിയർമാരായ എ.മത്തായി, എം.കുഞ്ഞപ്പി. കെ.എം.തങ്കച്ചൻ തുടങ്ങിയവർ എത്തിയില്ല. കേരള സ്റ്റേറ്റ് നേതാക്കളിൽ ഭൂരിപക്ഷവും ജനറൽ ബോഡിയിൽ നിന്നു വിട്ടുനിന്നു.

ഒരു വർഷം മുൻപു തീരുമാനിക്കപ്പെട്ട പ്രോഗ്രാമാണിത്. അതുകൊണ്ട് മറ്റു പ്രോഗ്രാമുകൾ ഒഴിവാക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നതുമില്ല. എങ്കിലും ചില നേതാക്കൻമാർ ഈ ദിവസങ്ങളിൽ വിദേശയാത്രയിലാണ്. മറ്റു ചിലർ വിദേശയാത്രയ്ക്കുള്ള ഒരുക്കത്തിലാണ്. ജനറൽ ബോഡി നടക്കുന്ന സമയത്തു കേരളത്തിൽ ഉണ്ടായിരുന്നവർ പോലും പങ്കെടുത്തില്ല എന്നതു ഗൗരവമുള്ള വിഷയമാണ്.

മീറ്റിംഗ് നടക്കുന്നതു പാക്കിൽ ആയതിനാൽ ജാതി സ്പിരിറ്റ് മൂലമാണ് മിക്കവരും വിട്ടുനിന്നതെന്ന ആരോപണം അവഗണിക്കാനാവില്ല. അതാണു കാരണമെങ്കിൽ അയിത്താചരണം നടത്തിയവർക്കെതിരെ ക്രിമിനൽ കേസ്സ് എടുക്കേണ്ടതാണ്. നാലു പതിറ്റാണ്ടു മുൻപ് കേരളത്തിലെ ചർച്ച് ഓഫ് ഗോഡിൽ പിളർപ്പുണ്ടായതു ജാതിയുടെ പേരിലാണെന്ന വസ്തുതയും ശ്രദ്ധേയമാണ്. വർഷം നാല്പതു കഴിഞ്ഞിട്ടും നേതാക്കൻമാർ ജാതിപ്പിശാചിന്റെ പിടിയിൽ നിന്നു മോചിതരായിട്ടില്ലെങ്കിൽ നിയമത്തിന്റെ ഭാഷയിൽ ഇവരോടു സംസാരിക്കയേ നിവൃത്തിയുള്ളൂ.

ഇന്ത്യ ഒട്ടുക്കുള്ള നേതാക്കൻമാരും പാസ്റ്റർമാരും പ്രതിനിധികളും പങ്കെടുക്കുമെന്ന പ്രതീക്ഷയിൽ 1500 പേർക്കുള്ള ഭക്ഷണം സംഘാടകർ ഒരുക്കിയിരുന്നെങ്കിലും അഞ്ഞൂറോളം ആളുകൾ മാത്രമേ എത്തിയുള്ളൂ. അതുകൊണ്ട് വളരെയധികം ഭക്ഷണം മിച്ചം വന്നു. ഇതുമൂലം അനാവശ്യ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാനും ഇടയായി. ദൈവവേലയ്ക്കുള്ള പണമാണ് ഈ വിധത്തിൽ പാഴായത്.

നേതാക്കൻമാരുടെ വിദേശയാത്ര ചർച്ച് ഓഫ് ഗോഡിൽ മാത്രമല്ല എല്ലാ പെന്തക്കോസ്ത് സഭകളിലും പ്രശ്നമായിരിക്കയാണ്. എന്തെങ്കിലും ആവശ്യവുമായി സഭാകേന്ദ്രത്തിൽ എത്തുന്നവർക്കു നേതാക്കൻമാരെ കാണാൻ കഴിയുന്നില്ല. മാസങ്ങളോളം നീളുന്ന ഈ വിദേശയാത്രകളിലൂടെ ലഭിക്കുന്ന പണം നേതാക്കൻമാർ സഭയ്ക്കു നൽകുകയാണു ചെയ്യുന്നതെങ്കിൽ ഇത്തരം യാത്രകൾ ഒരളവോളമെങ്കിലും ന്യായീകരിക്കാം. പക്ഷേ അതല്ല സംഭവിക്കുന്നത്. ചില നേതാക്കൻമാർ സഭയ്ക്കു നക്കാപ്പിച്ച നൽകാറുണ്ട്. മറ്റുള്ളവർ ഒന്നും കൊടുക്കുകയുമില്ല.

ആരും ക്ഷണിക്കാതെ, വിശേഷിച്ച് ഒരു പ്രോഗ്രാമുമില്ലാതെ വിദേശത്തെത്തിയിട്ടുള്ള നേതാക്കൻമാരോടു വിശദീകരണം തേടാൻ വിദേശത്തുള്ള ദൈവമക്കൾ ധൈര്യം കാണിക്കണം. ജനറൽ ബോഡിയിൽ പോലും പങ്കെടുക്കാതെ വിദേശപര്യടനം നടത്തുന്ന നേതാക്കൻമാരെ തിരിച്ചറിഞ്ഞു ബഹിഷ്ക്കരിക്കാൻ അമേരിക്കയിലുള്ള ചർച്ച് ഓഫ് ഗോഡ് അംഗങ്ങൾ തയ്യാറാകണം. പണം കിട്ടാതാകുമ്പോഴേ ഇവരൊക്കെ മര്യാദ പഠിക്കൂ.

### പകൽക്കാലം



## ഉപദേശിയുടെ മകൻ മറുപടി പറയുന്നു

'ഉപദേശിയുടെ മകൻ' എന്ന സിനിമയുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന വിവാദങ്ങൾക്കു മറുപടിയുമായി ഉപദേശിയുടെ മകനായ ജോർജ് മത്തായി രംഗത്തെത്തിയിരിക്കുന്നു. റ്റി.എസ്. ഏബ്രഹാമിന്റെ കത്ത്, വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകൾ എന്നിവയ്ക്കാണ് പ്രധാനമായും മറുപടി പറയുന്നത്. കൂടാതെ, കുറെ ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നുമുണ്ട്.

'ഉപദേശിയുടെ മകൻ' എന്ന ചിത്രത്തിൽ ജോർജ് മത്തായി അഭിനയിച്ചു എന്നു റ്റി.എസ്. ഏബ്രഹാം ആരോപിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന ചോദ്യം പ്രസക്തമാണ്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടേയില്ല എന്നു സിനിമ കണ്ടവർ പറയുന്നു. ഈ വസ്തുത കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ചൂണ്ടിക്കാട്ടിയിരുന്നല്ലോ.

ചില വർഷങ്ങൾക്കു മുൻപ് 'ഹെബ്രോൻ' എന്നൊരു സിനിമ നിർമ്മിച്ചപ്പോൾ എല്ലാവിധ പ്രോത്സാഹനവും നൽകിയവർക്ക് ഇപ്പോൾ എതിർക്കാൻ അവകാശമില്ലെന്നു ജോർജ് മത്തായി വാദിക്കുന്നു. ആ സിനിമയ്ക്ക് ആമുഖം പറഞ്ഞതു ടി.എസ്.ഏബ്രഹാം ആണത്രേ.



കെ.ഇ.ഏബ്രഹാമായി സിനിമാതാരം ഗോപകുമാറും ടി.എസ്.ഏബ്രഹാമിന്റെ വല്യപ്പനായി സിനിമാനടൻ മധുവും അഭിനയിച്ചു. അതുകൊണ്ടു സിനിമാതാരത്തോടൊപ്പം അഭിനയിച്ചു എന്ന ആരോപണം തനിക്കല്ല ടി.എസ്. ഏബ്രഹാമിനാണു ചേരുക എന്നും ജോർജ് മത്തായി കത്തിൽ വ്യക്തമാക്കുന്നു.

'ഉപദേശിയുടെ മകൻ' എന്ന സിനിമയ്ക്കെതിരെ വിവിധ മാധ്യമങ്ങളിൽ എഴുതിയ അനിൽ കൊടിത്തോട്ടം, സാം മുഖത്തല, ജെ.സി.ദേവ്, തോമസ് തോന്നയ്ക്കൽ എന്നിവരെ ജോർജ് മത്തായി പേരെടുത്തു പറഞ്ഞു വിമർശിക്കുന്നുണ്ട്. സിനിമയുടെ പ്രിവ്യൂ കാണാൻ ഇവരാരും എത്തിയിരുന്നില്ല. സിനിമ നാളിതുവരെ തിയേറ്ററിൽ എത്തിയിട്ടുമില്ല. അതുകൊണ്ട് ഇവരൊക്കെ സിനിമയിൽ എന്താണുള്ളത് എന്നു കാണാതെയാണു വിമർശനം നടത്തുന്നത്.

ഈ സിനിമയ്ക്കു തിരക്കഥയെഴുതിക്കാൻ ജോർജ് മത്തായി ജെ.സി.ദേവിനെ സമീപിച്ചിരുന്നു എന്നു ദേവ് പറയുന്നതു ശുദ്ധ പൊളിയാണെന്നും കത്തിലുണ്ട്. പരിശുദ്ധാത്മാവു തടഞ്ഞതുകൊണ്ടാണ് താൻ തിരക്കഥ എഴുതാതിരുന്നതെന്നു ദേവ് പറയുന്നതിനെ ജോർജ് മത്തായി പരിഹസിക്കയും ചെയ്യുന്നു.

'ഉപദേശിയുടെ മകൻ' എന്ന സിനിമ പെന്തക്കോസ്തിന്റെ മൂല്യച്യുതിക്കു കാരണമാകുന്നു എന്ന വാദത്തിനെതിരെ ജോർജ് മത്തായി ആഞ്ഞടിക്കുന്നുണ്ട്. താൻ സിനിമ എടുക്കുന്നതിനു വളരെ മുമ്പുതന്നെ പെന്തക്കോസ്തിൽ ഗുരുതരമായ മൂല്യച്യുതിയുണ്ടായെന്നും അതിനു തുടക്കമിട്ടതു കുമ്പനാട്ടെ ഹെബ്രോനിൽത്തന്നെ ആണെന്നുമുള്ള ആരോപണം ഗൗരവത്തിൽ ചർച്ച ചെയ്യേണ്ടതാണ്.

(കത്തിന്റെ പൂർണ്ണരൂപം 6-ാം പേജിലുണ്ട്.)

## കെ.എ.ഏബ്രഹാം ചതിച്ചു: തോമസ്കുട്ടി

കെ.എ.ഏബ്രഹാം ചതിച്ചെന്നു കെ.പി.തോമസ്കുട്ടി. റ്റി.എസ്.ബാലനും കുടുംബത്തിനും അപമാനകരമാകുന്ന വിധത്തിൽ വചനഘോഷണത്തിലെഴുതാൻ ഇടയായത് കെ.എ.ഏബ്രഹാമിന്റെ വഞ്ചനയിൽ അകപ്പെട്ടതുമൂലമാണെന്നത്രേ തോമസ്കുട്ടി പറയുന്നത്. കഴിഞ്ഞ ശാരോൻ കൺവൻഷനിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന മറ്റു പ്രമുഖ കൺവൻഷനുകളിലും തോമസ്കുട്ടി വിതരണം ചെയ്ത വചനഘോഷണം പത്രം, വചനഘോഷണത്തിന്റെ സപ്ലിമെന്റ് തുടങ്ങിയവയിൽ റ്റി.എസ്.ബാലനെയും കുടുംബത്തെയും അപമാനിക്കുന്ന വ്യാജ വാർത്തകളും പരാമർശങ്ങളും കുത്തിനിറച്ചിരുന്നു. ഇതിനെതിരെ റ്റി.എസ്.ബാലൻ നിയമനടപടി സ്വീകരിക്കയും ചെയ്തു. വചനഘോഷണത്തിലൂടെ പ്രചരിപ്പിച്ച വ്യാജം കോടതിയിൽ തെളിയിക്കാനാവില്ലെന്നു വ്യക്തമായതോടെയാണ് തോമസ്കുട്ടി കുറ്റം ഏറ്റുപറഞ്ഞു ക്ഷമായാചനം നടത്തിയത്.

ജൂൺ 10ന്, രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ റ്റി.എസ്.ബാലന് എഴുതി നൽകിയ മാപ്പപേക്ഷയിൽ തോമസ്കുട്ടി ഇപ്രകാരം പറയുന്നു: ''കെ.എ. ഏബ്രഹാമിന്റെ നിർദ്ദേശപ്രകാരം



കെ.എ.ഏബ്രഹാം

ഞാൻ 2009 ഡിസംബറിൽ പ്രസിദ്ധീകരിക്കുകയും 2009ലെ ശാരോൻ ജനറൽ കൺവൻഷനിലും മറ്റു കൺവൻഷനുകളിലും വിതരണം നടത്തുകയും ചെയ്ത വചനഘോഷണം പത്രത്തിലും വചനഘോഷണത്തിന്റെ സപ്ലിമെന്റുകളിലും റ്റി.എസ്. ബാലനും കുടുംബാംഗങ്ങൾക്കും അപമാനകരമായ നിരവധി വാർത്തകളും പരാമർശങ്ങളും ഉണ്ടെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അറിയപ്പെടുന്ന പ്രസംഗകനായ കെ.എ. ഏബ്രഹാം എഴുതിത്തന്ന ലേഖനം പൂർണ്ണമായും സത്യമായിരിക്കുമെന്നുള്ള ധാരണയിൽ ഞാൻ പ്രസിദ്ധീകരിക്കയായിരുന്നു. ഈ



കെ.പി.തോമസ്കുട്ടി

ലേഖനം അപമാനകരമാണെന്നും അതു പിൻവലിച്ചു മാപ്പു പറയണമെന്നും ആവശ്യപ്പെട്ടു റ്റി.എസ്. ബാലൻ എനിക്കു നോട്ടീസ് അയച്ചപ്പോഴും ഞാൻ കെ.എ.ഏബ്രഹാമിന്റെ വാക്കുകൾ വിശ്വസിച്ചു. ലേഖനത്തിന്റെ ഉള്ളടക്കം പൂർണ്ണമായും സത്യമാകയാൽ റ്റി.എസ്.ബാലനു നഷ്ടപരിഹാരം ആവശ്യപ്പെടാനാവില്ല എന്നു കെ.എ.ഏബ്രഹാം എനിക്ക് ഉറപ്പു തന്നിരുന്നു. പക്ഷേ റ്റി.എസ്.ബാലൻ നിയമനടപടികളുമായി മുൻപോട്ടു പോകുകയും പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ സിവിൽ കേസ്സ് ഫയൽ ചെയ്യുകയും ചെയ്തതോടെ ഞാൻ കൂടുതൽ അന്വേഷണം നടത്തി. കെ.എ.ഏബ്രഹാം എന്നെ ചതിക്കുകയായിരുന്നു എന്ന് അപ്പോഴാണു മനസ്സിലായത്. കെ.എ.ഏബ്രഹാമിന്റെ ദുർന്നടപടികൾക്കെതിരെ റ്റി.എസ്.ബാലൻ ഡിഫെൻഡറിലൂടെ നടത്തിയ പോരാട്ടം വിജയിക്കുകയും കെ.എ. ഏബ്രഹാമിനു പ്രോഗ്രാമുകൾ ലഭിക്കാതാകുകയും ചെയ്തു. ഈ വൈരാഗ്യം മൂലം റ്റി.എസ്.ബാലനെ അപമാനിക്കാനായി കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി നൽകുകയാണുണ്ടായത് എന്ന് എനിക്കു ബോദ്ധ്യമായി. സത്യമെന്തെന്നു മനസ്സിലാക്കാതെ ഞാൻ റ്റി.എസ്. ബാലനെയും കുടുംബാംഗങ്ങളെയും അപമാനിക്കുന്ന വ്യാജവാർത്ത പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു. റ്റി.എസ്.ബാലന്റെ മരിച്ചുപോയ മകന് മാനഹാനിയുണ്ടാക്കത്തക്കവിധം എഴുതിയതിൽ പ്രത്യേകമായി ക്ഷമായാചനം നടത്തുന്നു. കെ.എ.ഏബ്രഹാമിനെ അന്ധമായി വിശ്വസിച്ചതുമൂലം ഞാൻ ചെയ്ത ഈ തെറ്റുകൾ റ്റി.എസ്.ബാലനും കുടുംബവും ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. മേലിൽ റ്റി.എസ്. ബാലനും കുടുംബത്തിനും അപമാനകരമായ വാർത്തകളോ ലേഖനങ്ങളോ ഞാൻ പ്രസിദ്ധീകരിക്കുകയില്ല എന്ന് വാക്കുതരുന്നു.''

ദി ഡിഫെൻഡർ

Vol. No.13 Issue No.12 2010 June 16

# ഉപദേശം തെറ്റിയാൽ

ഉപദേശവും ജീവിതവും പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ്. ഒരു ചിറകുകൊണ്ടുമാത്രം പറക്കാനാവില്ല. പക്ഷേ ഇവ തമ്മിൽ ഒരു വ്യത്യാസമുണ്ട്: ജീവിതം തെറ്റിയാൽ ഒരു വ്യക്തിയെയോ കുറെ വ്യക്തികളെയോ മാത്രം ബാധിക്കുമ്പോൾ ഉപദേശത്തിലുണ്ടാകുന്ന പിശക് ഒരു സമൂഹത്തെ മുഴുവൻ ബാധിക്കും. ഉപദേശപ്പിശകുമൂലമുണ്ടാകുന്ന ദോഷം ഏറെ ഗുരുതരമായിരിക്കുമെന്നു ചുരുക്കം.

പവ്വർ വിഷൻ സത്യസുവിശേഷം പ്രചരിപ്പിക്കുന്ന ചാനലാണെന്നു ധരിച്ചുവച്ചിരിക്കുന്നവരുണ്ട്. അങ്ങനെയുള്ളവർ പവ്വർ വിഷനിൽ കാണുന്നതെന്തും സത്യസുവിശേഷമായി അംഗീകരിക്കും. കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന മുല്ലക്കരയും തങ്കുവും മറ്റും വർഷങ്ങളായി പവ്വർ വിഷനിലൂടെ വ്യാജസുവിശേഷം പ്രചരിപ്പിച്ചു വരുകയാണ്. അതിനിടയിലാണ് ബൈബിൾ ക്വിസ്സുമായി മാത്യു വർഗീസിന്റെ കൾട്ട് എത്തിയത്. ദുരുപദേശങ്ങൾ കുത്തിത്തിരുകിയ ഒരു ബൈബിളും അവർക്കുണ്ട്. ഇപ്പോഴിതാ ശാബതുകാരും പവ്വർ വിഷനിലൂടെ ദുരുപദേശപ്രചരണം നടത്തുന്നു.

ശാബതുകാർ പവ്വർ വിഷനിൽ പ്രസംഗിക്കുന്നു എന്ന വാർത്ത ഡിഫെൻഡറിൽ കണ്ടശേഷം പവ്വർ വിഷനിൽ നിന്ന് ആരെങ്കിലും ഡിഫെൻഡർ ഓഫീസിലേക്കു വിളിക്കുമെന്നും ദുരുപദേശ പ്രോഗ്രാം ഏതെന്ന് അന്വേഷിക്കുമെന്നും പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ അതുണ്ടായില്ല. ശാബതുകാരുടെ പ്രോഗ്രാം ഏതെന്ന് പവ്വർ വിഷന് അറിയാൻപോലും താല്പര്യമില്ല. അങ്ങനെ ആ പ്രോഗ്രാം തുടരുകയാണ്.

കെ.സി.ജോൺ ജീവിതത്തിൽ തെറ്റിയവനാണ്. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോൺ വ്യഭിചാരത്തിനു റിക്കാഡ് സ്ഥാപിക്കയും ചെയ്തുകഴിഞ്ഞു. പക്ഷേ ഇതിലൂടെ നശിച്ചതു കെ.സി.ജോണും ഇയാളോടൊപ്പം വ്യഭിചരിച്ചവരും മാത്രമാണ്. പക്ഷേ അതല്ല ദുരുപദേശപ്രചരണത്തിലൂടെ സംഭവിക്കുന്നത്. പവ്വർ വിഷനിലൂടെ കൾട്ടുകൾ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങൾ സത്യസുവിശേഷമായി സാധുക്കൾ സ്വീകരിക്കും. പിന്നീട് അവർ അതു പ്രചരിപ്പിക്കും. ദുരുപദേശമാണു തങ്ങൾ പ്രചരിപ്പിക്കുന്നതെന്നറിയാതെ ഈ സാധുക്കൾ അനേകരുടെ നാശത്തിനു കാരണക്കാരാകും. ദുരാത്മാവു ബാധിച്ച കെ.സി.ജോൺ കുരുടൻമാരടെ മുമ്പിൽ ഇടർച്ച വയ്ക്കുകയാണ്. ഹവ്വായെ ഉപായത്താൽ ചതിച്ച ആ പഴയ പാമ്പാണ് കെ.സി.ജോണിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഈ വസ്തുത തുറന്നു പറയാൻ ദൈവജനം ധൈര്യം കാണിക്കണം.

# സത്യം സത്യമായി

മലയാളഭാഷയ്ക്ക് ഇതാ ഒരു പുതിയ വാക്കു ലഭിച്ചിരിക്കുന്നു. പുതിയ വാക്ക് എന്നു പറഞ്ഞാൽ അതു പൂർണ്ണമായ അർത്ഥത്തിൽ ശരിയല്ല. കാരണം, ഒരു വാക്കിന് പുതിയ ഒരു അർത്ഥം ലഭിക്കയാണു ചെയ്തിരിക്കുന്നത്. അല്ലെങ്കിൽ ഒരു പ്രവൃത്തിയെ സൂചിപ്പിക്കാൻ നിലവിലുള്ള വാക്കിനു പകരം മറ്റൊരു വാക്കു ലഭിച്ചു എന്നും പറയാം. ഈ മഹത്തായ കണ്ടുപിടുത്തം നടത്തിയത് നമ്മുടെ വൈദ്യുതി മന്ത്രിയാണ്. സർക്കാരിന്റെയോ സ്വകാര്യ വ്യക്തിയുടേയോ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അനധികൃതമായി കടന്നുകയറി കുടിൽ കെട്ടിയാൽ അതിനെ കയ്യേറ്റമെന്നാണ് നാളിതുവരെ ഏവരും വിളിച്ചിരുന്നത്. ഇനി അതു പാടില്ല. മഹത്തായ ഈ പ്രവൃത്തി ചെയ്യുന്നതു നമ്മുടെ പാർട്ടിക്കാരുടെ ഒത്താശയോടെയാണെങ്കിൽ അതിനെ 'ചൂണ്ടിക്കാണിക്കൽ' എന്നു മാത്രമേ വിളിക്കാവൂ. പിടികിട്ടിയില്ലെങ്കിൽ വിശദീകരിക്കാം.

എൽ.ഡി.എഫ് വിട്ട വീരന്റെ പറമ്പിൽ കയറി കുടിൽ കെട്ടിയവർക്ക് നമ്മുടെ പാർട്ടിയാണു പിൻതുണ കൊടുക്കുന്നത്. അതുകൊണ്ട് അവർ നടത്തിയതു കൈയ്യേറ്റമല്ല മിച്ചഭൂമി ചൂണ്ടിക്കാണിക്കൽ മാത്രമാണ്. പാർട്ടിയുടെ പിൻതുണയോടെ മറ്റു ചില സ്ഥലങ്ങളിലും ചൂണ്ടിക്കാണിക്കൽ നടക്കുന്നുണ്ട്. തികച്ചും ജനോപകാരപ്രദമായ സൽക്കർമ്മം. അതുകൊണ്ട് അവരെ ഒഴിപ്പിക്കാനാവില്ല. ഒഴിപ്പിച്ചാൽ ക്രമസമാധാന പ്രശ്നമുണ്ടാകും. (ഉണ്ടായില്ലെങ്കിൽ ഉണ്ടാക്കും.) കയ്യേറുന്നതു പാർട്ടിയുടെ പിൻതുണയോടെയല്ലെങ്കിൽ അതു കയ്യേറ്റം തന്നെ, സംശയമില്ല.

കേരളത്തിൽ പനിയുണ്ടോ? ഇല്ലേയില്ല. ഉണ്ടെന്നുള്ള വാദം കേവലം മാധ്യമ സൃഷ്ടി മാത്രം. പറയുന്നത് ആരോഗ്യമന്ത്രിയാകുമ്പോൾ വിശ്വസിക്കയേ തരമുള്ളൂ. പക്ഷേ മന്ത്രി ഇങ്ങനെ പറഞ്ഞതു കൊതുകുകൾ അറിഞ്ഞില്ല. അതുകൊണ്ട് അവ പൂർവ്വാധികം ഉഷാറായി മനുഷ്യരെ കുത്തി. അങ്ങനെ പനിക്കാരുടെ എണ്ണം കൂടി. അപ്പോൾ മന്ത്രിക്ക് ഒരു ശങ്ക: പനി മന്ത്രിമന്ദിരത്തിലേക്കു കയറി വരുമോ? ഒരു മുൻകരുതൽ എന്തുകൊണ്ടും നല്ലതാണ്. ഒരു വിദേശപര്യടനം ആകാം. അപ്പോഴതാ ദോഷൈകദൃക്കുകൾ പ്രതിഷേധവുമായി വന്നിരിക്കുന്നു. കേരളം പനിച്ചു വിറയ്ക്കുമ്പോൾ ആരോഗ്യമന്ത്രി വിദേശത്തേക്കു പോകുന്നതു ശരിയല്ലത്രേ. ഇതെന്തു കൂത്ത്! മന്ത്രിയാണോ പനിക്കു മരുന്നു കൊടുക്കുന്നത്? മന്ത്രി കേരളത്തിലില്ലെങ്കിൽ ഡോക്ടർമാർ രോഗികൾക്കു മരുന്നു കൊടുക്കില്ലേ?

പാർട്ടിയായാൽ ഇങ്ങനെ വേണം. മാണി ഗ്രൂപ്പിന്റെ കാര്യമാണു പറഞ്ഞു വരുന്നത്. ഈ പാർട്ടിയിൽ ജനറൽ സെക്രട്ടറിമാർ എത്രയുണ്ടെന്നു പറയാമോ? ഒന്ന്? രണ്ട്? അഞ്ച്? പത്ത്? ഇതൊന്നുമല്ല, എഴുപത്. (ഇതു കൃത്യമായ സംഖ്യയല്ല, ഏകദേശ കണക്കാണ്.) ഭാരവാഹികളുടെ യോഗം ചേരുമ്പോൾ 'ജനറൽ സെക്രട്ടറിമാരല്ലാത്തവർ കൈ പൊക്കിയാട്ടെ' എന്നു പറയുകയാകും എളുപ്പം. ഒരു സംശയം മാത്രം ബാക്കി നിൽക്കുന്നു: ഇത്രയും ജനറൽ സെക്രട്ടറിമാരുണ്ടെങ്കിൽ വെറും സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നൊക്കെയുള്ള പേരുകളിൽ എത്രപേരുണ്ടാകും?

പി.ജെ.ജോസഫുമായി സഹകരിക്കില്ലെന്നു ബാലകൃഷ്ണപിള്ള പ്രഖ്യാപിച്ചിരിക്കുന്നു. അഥവാ, വല്ല സഹകരണവുമുണ്ടെങ്കിൽ അത് ഏതെങ്കിലും പള്ളിപ്പെരുന്നാളിൽ ഒന്നിച്ചു പങ്കെടുക്കുന്നതു മാത്രമായിരിക്കും. 'പണ്ടൊക്കെ നമ്മൾ ഒരു കുടക്കീഴിലേ പള്ളിയിൽ പോകാറുള്ളൂ' എന്ന സ്ഥിതിയിൽ കഴിഞ്ഞവർ ഇപ്പോൾ ഇത്ര ശത്രുതയിലായതിന്റെ ഗുട്ടൻസ് പിടികിട്ടി പിള്ളേച്ചാ.

ലോക കപ്പ് ഫുട്ബോൾ മത്സരം ആരംഭിച്ചു കഴിഞ്ഞു. കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത നിരവധി രാജ്യങ്ങൾ യോഗ്യതാ മത്സരത്തിൽ വിജയിച്ചു രംഗത്തുണ്ട്. ഇവയിൽ പലതിലും കേരളത്തിലുള്ളത്ര പോലും ജനസംഖ്യയില്ല. പക്ഷേ ലോകത്തിലെ ഏഴാമത്തെ വലിയ രാജ്യം - ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഇന്ത്യ- ആ പ്രദേശത്തെങ്ങുമില്ല. കൊച്ചുകൊച്ചു രാജ്യങ്ങൾ വരെ മെഡലുകൾ വാരിക്കൂട്ടുന്ന ഒളിമ്പിക്സിലും ഇന്ത്യയുടെ പേര് അപൂർവ്വമായേ കേൾക്കാറുള്ളൂ. അറിയാഞ്ഞിട്ടു ചോദിക്കുകയാണ്, എന്താ ഇന്ത്യയ്ക്കു പറ്റിയത്? ഇവിടെയുള്ളവർക്കു കൈയ്യും കാലുമില്ലേ?

പെന്തക്കോസ്തിൽ സിനിമാ വിവാദം പൊടിപൊടിക്കയാണ്. സിനിമ എന്നു പറയുന്നതുപോലും പാപമാണെന്നു പാരമ്പര്യ ചേരി വാദിക്കുമ്പോൾ തിയേറ്ററിൽ പോയി സിനിമ കാണുന്നു യുവതലമുറക്കാരായ പാസ്റ്റർമാരും സെന്റർ പാസ്റ്ററും. അതിനിടയിൽ ഒരു കിംവദന്തി കേട്ടു: ഉപദേശിയുടെ മകൻ എന്ന സിനിമയിൽ ഉൾപ്പെടുത്താനായി കുമ്പനാടു കൺവൻഷന്റെ ഒരു ഭാഗം ചിത്രീകരിച്ചപ്പോൾ കെ.സി.ജോണും വൽസനും അതിൽ അഭിനയിച്ചത്രേ. പക്ഷേ എഡിറ്റ് ചെയ്തപ്പോൾ ആ ഭാഗം കട്ടു ചെയ്തതുകൊണ്ട് ഇപ്പോൾ സിനിമയിൽ ആ ഭാഗം ഇല്ലെന്നേയുള്ളൂ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകൻമാരും അമ്മയപ്പൻമാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയൻമാരും ഉഗ്രൻമാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നൂണുകടക്കുകയും പാപങ്ങളെ ചുമന്നുകൊണ്ടു നാനാമോഹങ്ങൾക്കും അധീനരായിഎപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കുവാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവർ ആകുന്നു; 2തിമോ.3:1-7

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**tsbalan.org tsbalan.net**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

ബൈബിൾ റേഡിയോ
**www.thebibleradio.com**

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# ഷിക്കാഗോ തന്ത്രം വിഫലമായി



തങ്കുവിന്റെ ഷിക്കാഗോ തന്ത്രം പാളി. വലിയ ജനക്കൂട്ടമുണ്ടാകുമെന്നും അത്യുഗ്രൻ അത്ഭുതങ്ങൾ നടക്കുമെന്നും മറ്റുമായിരുന്നു പ്രചരണമെങ്കിലും കാര്യമായി ഒന്നും നടന്നില്ല. പ്രതീക്ഷിച്ചത്ര ജനം വന്നില്ലെന്നു മാത്രമല്ല അത്ഭുതമെന്നു തീർത്തു പറയാവുന്ന ഒരു സംഭവം പോലും നടന്നുമില്ല. കുറെ പണം പാഴായതു മാത്രം മിച്ചം.

ഭൂലോകത്തെ കീഴ്മേൽ മറിക്കുന്നു എന്നവകാശപ്പെടുന്ന തങ്കുവിന് അമേരിക്കയിൽ നാളിതുവരെ കാര്യമായ വേരോട്ടമില്ല. പാരമ്പര്യ പെന്തക്കോസ്തുകാരുടെ എതിർപ്പും നിസ്സഹകരണവും മൂലം വേല ക്ലച്ചു പിടിക്കുന്നില്ല എന്നതുതന്നെ കാരണം. ഈ സ്ഥിതിക്ക് ഒരു ഭേദം വരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഷിക്കാഗോയിൽ തങ്കുവിന്റെ മീറ്റിംഗ് ക്രമീകരിച്ചത്. ഒരു സാധാരണ കൺവൻഷൻ എന്ന നിലക്കു പരിഗണിക്കപ്പെടാതിരിക്കാൻ 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയുടെ ഭാഗമായാണ് മീറ്റിംഗ് ക്രമീകരിച്ചിരുന്നത്. എം. എ.വർഗീസ്, സുരേഷ് ബാബു തുടങ്ങിയ വിരുതൻമാരേയും ഉപവാസപ്രാർത്ഥനയുടെ വിവിധ ഘട്ടങ്ങളിൽ പ്രസംഗിക്കാൻ ക്ഷണിച്ചു. ഭൂലോകം ഇളക്കിയുള്ള പരസ്യം കൂടി ആയപ്പോൾ എന്തൊക്കെയോ നടക്കും എന്ന പ്രതീതിയുണ്ടാക്കാൻ സംഘാടകർക്കു കഴിഞ്ഞു. പാരമ്പര്യ പെന്തക്കോസ്ത് സഭകളുടെ സഹകരണം ഉറപ്പാക്കാൻ എം.എസ്. സാമുവലിനെ ഉദ്ഘാടകനായും ക്ഷണിച്ചു. പക്ഷേ തക്ക സമയത്തു ഡിഫെൻഡർ ഇടപെട്ടതുകൊണ്ടു തങ്കുവിന്റെ പദ്ധതി പൊളിഞ്ഞു. മീറ്റിംഗ് പരാജയമായി.

തങ്കു ദുരുപദേശക്കാരനാണെന്നും കൾട്ടിന്റെ നേതാവാണെന്നും ഈ മീറ്റിംഗിൽ എം. എസ്. സാമുവൽ പങ്കെടുക്കരുതെന്നും ഡിഫെൻഡർ ആവശ്യപ്പെട്ടു. അങ്ങനെ എം.എസ്.സാമുവൽ പ്രോഗ്രാം ക്യാൻസലാക്കി. ദുരുപദേശപ്രസ്ഥാനമായ സ്വർഗ്ഗീയ വിരുന്നുമായി സഹകരിക്കേണ്ടതില്ലെന്നു മറ്റു പെന്തക്കോസ്ത് സഭകളും തീരുമാനിച്ചു. അങ്ങനെയാണ് അമേരിക്കയിൽ വേരുറപ്പിക്കാനുള്ള തങ്കുവിന്റെ ശ്രമം വിഫലമായത്.

# ശുംഭൻ റോൾസ് റോയ്സിൽ

അമേരിക്കയിലുള്ള ഒരു ശുംഭന്റെ കഥയാണു പറയാൻ പോകുന്നത്. ഒന്നാംതരം പൊങ്ങപ്പൊഴനാണു കക്ഷി. ആവശ്യത്തിലധികം പണം കൈവശമുണ്ട്. എങ്കിലും അറുത്ത കൈയ്ക്ക് ഉപ്പു തേയ്ക്കുകയില്ല. പക്ഷേ പൊങ്ങച്ചം കാണിക്കാൻ നല്ല വിരുതാണ്.

ഈയിടെ ഒരു സഭയിൽ ഒരു ശിശുപ്രതിഷ്ഠ നടക്കുകയാണ്. സമുദായത്തിലെ മാമ്മോദീസയേക്കാൾ കേമമായിട്ടാണല്ലോ ഇപ്പോൾ പെന്തക്കോസ്തുകാർ ശിശുപ്രതിഷ്ഠ നടത്തുന്നത്. സംഭവം നടക്കുന്ന സഭാഹാളിൽ ശ്രീമാൻ ശുംഭനെത്തിയത് റോൾസ് റോയ്സിലാണ്. എന്നിട്ട് ഈ സാധനം എല്ലാവരും കാണുന്ന സ്ഥലത്തുതന്നെ പാർക്ക് ചെയ്തു നിർവൃതിയടഞ്ഞു. ഈ വണ്ടി കക്ഷിയുടെ സ്വന്തമാണോ അതോ തൽക്കാലത്തേക്കു വാടകയ്ക്കെടുത്തതാണോ എന്നു വ്യക്തമായിട്ടില്ല. വിശദ വിവരം കിട്ടിയാൽ അതു പിന്നീടു പറയാം.



# അവറാൻ വെട്ടിലായി

തോമസ്കുട്ടി കാലുമാറിയതോടെ അവറാൻ വെട്ടിലായി. റ്റി.എസ്.ബാലനും കുടുംബത്തിനും മാനനഷ്ടമുണ്ടാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അവറാന്റെ തലയിൽ വരുകയാണ്. റ്റി. എസ്.ബാലനോടുള്ള വൈരാഗ്യം മൂലം വ്യാജപ്രചരണം നടത്തുകയായിരുന്നു എന്നു പബ്ലീഷർ തന്നെ സമ്മതിക്കുന്നു.

മാനസാന്തരപ്പെടാൻ നിരവധി അവസരങ്ങൾ ലഭിച്ചിട്ടും അവയൊന്നും കെ.എ.ഏബ്രഹാം ഉപയോഗിച്ചില്ല. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. ഇംഗ്ലീഷ് ഡേറ്റ് തികയാത്തതുമൂലം മലയാളം ഡേറ്റ് കൊടുക്കേണ്ട സ്ഥിതിയിൽ ആയിരുന്ന ഈ ജനപ്രിയ പ്രസംഗകനെ ഇപ്പോൾ ആർക്കും വേണ്ടാതായിരിക്കുന്നു. വളരെ കുറച്ചു പ്രോഗ്രാമുകൾ മാത്രമേ ഈ കൺവൻഷൻ സീസണിൽ കെ.എ.ഏബ്രഹാമിനും ടീമിനും ലഭിച്ചുള്ളൂ. ഇപ്പോഴിതാ സീസൺ കഴിയുകയും ചെയ്തിരിക്കുന്നു. അടുത്ത കൺവൻഷൻ സീസൺ വരെ പണിയൊന്നുമില്ല.

# മുല്ലക്കരയ്ക്കും പണിയില്ല



കെ.എ.ഏബ്രഹാമിനു മാത്രമല്ല മുല്ലക്കരയ്ക്കും പണിയില്ലാതായിരിക്കുകയാണ്. കൺവൻഷൻ സീസണിൽ മാത്രമല്ല മഴക്കാലത്തും മുല്ലക്കരയ്ക്ക് ഒരു ദിവസം പോലും ഒഴിവില്ലാതെ പ്രോഗ്രാം ലഭിച്ചിരുന്നു. പക്ഷേ ഇക്കൊല്ലം അതല്ല സ്ഥിതി. കൺവൻഷൻ സീസണിൽപ്പോലും സ്വന്തം സഭകളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രോഗ്രാമുകളാണ് അധികവും ഉണ്ടായിരുന്നത്. പെന്തക്കൊസ്തുകാരുടെ യോഗങ്ങൾ ഏറെയൊന്നും ലഭിച്ചില്ല. കുമളിയിലെ പ്രശ്നം കൂനിന്മേൽ കുരുവാകുകയും ചെയ്തു.

മുല്ലക്കരയുടെ പ്രോഗ്രാമുകളിൽ ഏറെയും നടക്കുന്നത് ഹാളുകൾക്കുള്ളിലാണ്. അതുകൊണ്ട് മഴക്കാലത്തും യോഗം നടത്താം. കഴിഞ്ഞ കാലങ്ങളിൽ മഴക്കാലത്തുപോലും യോഗങ്ങൾ നടത്തിയിരുന്നു. പക്ഷേ ഇപ്പോൾ സ്ഥിതിക്കു മാറ്റം വന്നിരിക്കുന്നു. മഴക്കാലത്തു വളരെ കുറച്ചു യോഗങ്ങളേയുള്ളൂ.

കഴിഞ്ഞവർഷം പിണ്ണാക്കുകാർ ക്ഷണിച്ചതനുസരിച്ചാണ് അമേരിക്കയ്ക്കു പോയത്. പക്ഷേ ഇത്തവണ ആരും ക്ഷണിച്ചിട്ടില്ല. എങ്കിലും ഈ ചങ്ങാതി അമേരിക്കയ്ക്കു പോകുന്നുണ്ട്. അവിടെ എത്തിയശേഷം പ്രോഗ്രാം ലഭിക്കുമെന്നാണു പ്രതീക്ഷ. പക്ഷേ പ്രതീക്ഷിക്കുന്നതു പോലെ നടക്കുമോ? കണ്ടറിയണം.

# ലജ്ജയായതിൽ അജ്ഞനു മാനം




മരുപ്പച്ചയുടെ ജൂൺ 5 ലക്കം ഒന്നാം പേജിൽ കണ്ട ആശംസ

ലജ്ജാകരമായ കാര്യങ്ങൾ രഹസ്യമാക്കി വയ്ക്കാൻ മിക്കവരും ശ്രമിക്കും. പക്ഷേ ചിലർ അങ്ങനെയല്ല ചെയ്യുക. നാണക്കേടുണ്ടാക്കുന്ന കാര്യങ്ങൾ ചെണ്ടകൊട്ടി മാലോകരെ അറിയിക്കും. അതിലൂടെ അവർക്കു ലഭിക്കുന്ന ആത്മസംതൃപ്തി ഒന്നു വേറെതന്നെ.

മരുപ്പച്ചയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂർ ഈ ഗ്രൂപ്പിൽ പെട്ട ഒരാളാണെന്നു പറയേണ്ടി വന്നതിൽ ദു:ഖമുണ്ട്. സംശയമുള്ളവർ ജൂൺ 5ന് ഇറങ്ങിയ മരുപ്പച്ചയുടെ ആദ്യ പേജ് നോക്കുക. ഐ.പി.സി ഫാമിലി കോൺഫ്രൻസിന് മരുപ്പച്ച ആശംസ അർപ്പിച്ചിരിക്കുന്നു. അതു തെറ്റാണെന്നു പറയാനാവില്ല. പക്ഷേ മരുപ്പച്ചയുടെ ആശംസയോടൊപ്പം കാണുന്ന ഫോട്ടോകൾ ഏവ? സ്റ്റാൻലി ജോർജ്, ഉമ്മൻ എബനേസർ എന്നിവരുടെ ഫോട്ടോകൾ. ഉമ്മൻ എബനേസർ ആരോപണങ്ങൾക്കതീതനാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഫോട്ടോ കൊടുക്കാൻ ലജ്ജിക്കേണ്ടതില്ല. അക്കൂട്ടത്തിൽ അച്ചൻകുഞ്ഞിന്റെ ഫോട്ടോ കൂടിയാണു കൊടുത്തിരുന്നതെങ്കിൽ പ്രശ്നമില്ലായിരുന്നു. പക്ഷേ അതല്ല അച്ചൻകുഞ്ഞു ചെയ്തത്. എന്തോ ബിസിനസ്സ് തന്ത്രത്തിന്റെ ഭാഗമായി സ്റ്റാൻലി ജോർജിന്റെ ചിത്രം കൊടുത്തിരിക്കുന്നു. ബിസിനസ്സല്ലേ, നടക്കട്ടേ എന്നു പറയണമെന്നുണ്ട്. പക്ഷേ ഈ ബിസിനസ്സ് അച്ചൻകുഞ്ഞിനു ദോഷം ചെയ്യും.

ശരാശരി പ്രചാരമുള്ള പത്രമാണ് മരുപ്പച്ച. അതുകൊണ്ട് കുറച്ചുപേർ വരിസംഖ്യ തരാനും സാദ്ധ്യതയുണ്ട്. പക്ഷേ സ്റ്റാൻലിയുടെ പടം കൊടുത്തതുകൊണ്ട് ഒരാളെങ്കിലും കുറയാനല്ലാതെ കൂടാൻ സാദ്ധ്യതയില്ല. അത്രയ്ക്കുണ്ട് സ്റ്റാൻലിക്ക് അമേരിക്കയിലുള്ള പേര്. ഈ ചങ്ങാതിയുടെ വീരശൂര പരാക്രമങ്ങൾ ഡിഫെൻഡറിന്റെ പഴയ ലക്കങ്ങളിൽ ഉള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഈ ധീരകൃത്യങ്ങളൊക്കെ ചെയ്ത സ്റ്റാൻലിയെ മരുപ്പച്ചയുടെ ആശംസ കോരിച്ചൊരിയാനായി നിർത്തിയ അജ്ഞൻ കുഞ്ഞിന്റെ തൊലിക്കട്ടിക്കു നല്ല നമസ്ക്കാരം പറയുകയേ നിവൃത്തിയുള്ളൂ.



# ഇഗ്നേഷ്യസ് ലയോള പ്രഭവിതറിയ മിഷനറിയോ?

സി.വി.വടവന പ്രസിദ്ധീകരിക്കുന്ന ജീവവചനം എന്ന പത്രത്തിൽ ''പ്രഭവിതറിയ മിഷനറിമാർ'' എന്നൊരു പംക്തിയുണ്ട്. പ്രശസ്ത മിഷനറിമാരുടെ ലഘുജീവചരിത്രങ്ങളാണ് ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുക. ജീവവചനത്തിന്റെ മെയ് ലക്കം പേജ് 6-ൽ പ്രഭവിതറിയ മിഷനറിയായി അവതരിപ്പിച്ചിരിക്കുന്നത് ഇഗ്നേഷ്യസ് ലയോളയെയാണ്. അദ്ദേഹം രണ്ടാം പൗലോസെന്ന നവീകരണ നക്ഷത്രമാണെന്ന വിശദീകരണവുമുണ്ട്. ജീവവചനം ഒരു കത്തോലിക്കാ പ്രസിദ്ധീകരണമാണെങ്കിൽ ഈ പറഞ്ഞതൊക്കെ പ്രതീക്ഷിക്കാം. പക്ഷേ ബ്രദറൺ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്ന ജീവവചനം ലയോളയെ പ്രഭവിതറിയ മിഷനറിയായി ചിത്രീകരിച്ചത് കുറെ കടന്ന കൈയ്യായിപ്പോയി.

പാസ്റ്റർ കെ.ഇ.ഏബ്രഹാം ദൈവദാസനായിരുന്നു എന്നു പെന്തക്കോസ്തുകാർ, വിശേഷിച്ചും ഐ.പി.സിക്കാർ, പറയും. പക്ഷേ ഒരു കത്തോലിക്കന് ഒരിക്കലും കെ.ഇ.ഏബ്രഹാമിനെ വിശുദ്ധനായി കാണാൻ കഴിയുകയില്ല. കാരണം, കത്തോലിക്കാ സഭയെ നിശിതമായി വിമർശിക്കുകയും എതിർക്രിസ്തുവിന്റെ മണവാട്ടിയായി അവതരിപ്പിക്കുകയും ചെയ്ത വ്യക്തിയാണു കെ.ഇ.ഏബ്രഹാം. ഇതിനോടു സമാനമായ പ്രശ്നമാണ് ലയോളയുടെ കാര്യത്തിലുമുള്ളത്. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന്റെ പ്രഖ്യാപിത ശത്രുവായിരുന്നു ഇഗ്നേഷ്യസ് ലയോള. കത്തോലിക്കാ സഭയിൽ പ്രതിനവീകരണത്തിന്റെ വിത്തു പാകിയതും ലയോള തന്നെ. കത്തോലിക്കാസഭയുടെ വളർച്ചയ്ക്കായി എന്തും ചെയ്യാൻ ലയോള തയ്യാറായി. ജസ്യൂട്ട് പ്രസ്ഥാനം സ്ഥാപിച്ചതും ലയോള തന്നെ.

സ്പെയിനിലെ ലയോള എന്ന പ്രഭു കുടുംബത്തിൽ 1491ൽ ഇഗ്നേഷ്യസ് ജനിച്ചു. പാംപ്ലോണ യുദ്ധത്തിൽ വെടിയേറ്റ് ഇടതുകാൽ ഒടിഞ്ഞതോടെയാണ് ലയോളയുടെ ജീവിതം മറ്റൊന്നായത് എന്നു പറയാം. ചികിത്സ കഴിഞ്ഞു ലയോള മടങ്ങിയെത്തിയത് മതഭക്തനായാണ്. കത്തോലിക്കാ സഭയിലെ വിശുദ്ധരുടെ ജീവചരിത്രങ്ങൾ വായിച്ച് ആവേശം ഉൾക്കൊണ്ട ലയോള മോണ്ട് സെറാറ്റ് എന്ന തീർത്ഥാടന കേന്ദ്രത്തിലെത്തി. അവിടെവച്ച് കന്യാമറിയത്തിന്റെ പ്രതിമയ്ക്കു മുൻപിൽ ആയുധം



വച്ച് സ്വയം സമർപ്പിച്ചു. തുടർന്നുള്ള ജീവിതം ലയോള കത്തോലിക്കാ സഭയ്ക്കുവേണ്ടി സമർപ്പിച്ചു. സഭയെ അന്ധമായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. "I will believe that the white that I see is black if the hierarchical Church so defines it" എന്നുവരെ അദ്ദേഹം പറഞ്ഞു. വെളുത്ത വസ്തു കറുത്തതാണെന്നു സഭ പറഞ്ഞാൽ ചോദ്യം ചെയ്യാതെ വിശ്വസിക്കും എന്നു പറയുമ്പോൾ കത്തോലിക്കാമതത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന വിധേയത്വം വ്യക്തമാകുമല്ലോ.

ഇഗ്നേഷ്യസ് ലയോള കത്തോലിക്കാസഭയെ എത്രത്തോളം തീവ്രമായി സ്നേഹിച്ചോ അത്രത്തോളം തീവ്രമായി പ്രൊട്ടസ്റ്റന്റ് ആശയങ്ങളെയും പ്രസ്ഥാനത്തേയും വെറുത്തു. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യാൻ തന്നാലാവോളം പരിശ്രമിക്കുകയും ചെയ്തു. ഈ ഉദ്ദേശ്യത്തോടെയാണ് ലയോള ജസ്യൂട്ട് പ്രസ്ഥാനം സ്ഥാപിച്ചത്. ഇൻക്വിസിഷനും ലയോള നേതൃത്വം നൽകി. മതനിന്ദ ആരോപിച്ച് ആയിരക്കണക്കിനു പ്രൊട്ടസ്റ്റന്റ് അനുഭാവികളെ കൊന്നൊടുക്കിയ ഇൻക്വിസിഷൻ റോമാസഭയ്ക്കു തീരാക്കളങ്കമുണ്ടാക്കി.

കത്തോലിക്കാസഭയുടെ സംരക്ഷകരായാണ് ഈശോസഭക്കാർ അറിയപ്പെടുന്നത്. സഭയ്ക്കുവേണ്ടിയാകുമ്പോൾ ഏതു പ്രവൃത്തിയും വിശുദ്ധമാണ് എന്ന നിലപാടാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. ഒന്നര ദശാബ്ദത്തോളം നീളുന്ന കഠിന പരിശീലനത്തിനുശേഷമാണ് ഈശോസഭാംഗങ്ങൾ പ്രവർത്തനത്തിനിറങ്ങുന്നത്. സഭാനേതൃത്വത്തെ അന്ധമായി അനുസരിക്കുക എന്നതാണ് ഇവരുടെ രീതി. സഭയുടെ രഹസ്യങ്ങൾ സൂക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണിവർ. അതുകൊണ്ട് ജസ്യൂട്ടുകളുടെ രഹസ്യങ്ങൾ ഒരിക്കലും ലോകം അറിയാറില്ല. ഈശോസഭയുടെ പരമോന്നത നേതാവ് 'കറുത്ത മാർപാപ്പാ' (Black Pope) എന്ന വട്ടപ്പേരിലാണ് അറിയപ്പെടുന്നത്. കറുത്ത വസ്ത്രം ധരിക്കുന്നതുകൊണ്ടാണ് ഈ പേരു കിട്ടിയത്. പക്ഷേ The Superior General of the Society of Jesus എന്നതാണ് ബ്ലാക്ക് പോപ്പിന്റെ യഥാർത്ഥ സ്ഥാനപ്പേര്. സാക്ഷാൽ പോപ്പാണു കത്തോലിക്കാസഭയുടെ തലവനെങ്കിലും മാർപാപ്പയെ നിയന്ത്രിക്കുന്നതു ബ്ലാക്ക് പോപ്പാണ്. അതുകൊണ്ട് ഈശോസഭയുടെ തലവനാണു കത്തോലിക്കാ സഭയുടെ യഥാർത്ഥ അധികാരകേന്ദ്രം എന്നു പറയാം.

ഇഗ്നേഷ്യസ് ലയോള, ഈശോസഭ, ഇൻക്വിസിഷൻ തുടങ്ങിയവയെക്കുറിച്ച് ഏറെ വിശദീകരിക്കാനുണ്ടെങ്കിലും ഇപ്പോൾ അതിനു തുനിയുന്നില്ല. ലയോളയെ കത്തോലിക്കർ മിഷനറിയായും വിശുദ്ധനായും ചിത്രീകരിക്കുമെങ്കിലും ബ്രദറൺ വിശ്വാസികൾക്ക് ഇങ്ങനെ പറയാനാവില്ല എന്നു തെളിയിക്കാൻ ഇത്രയും മതിയാകുമല്ലോ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** എണ്ണ പ്രാർത്ഥിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ച് ഡിഫെൻഡറിന്റെ അഭിപ്രായം അറിയാൻ ആഗ്രഹിക്കുന്നു.

■ പരിശുദ്ധാത്മാവിന്റെ നിഴലായി എണ്ണയെ പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് എണ്ണക്ക് എന്തോ ദിവ്യത്വമുള്ളതായി പലരും തെറ്റിദ്ധരിക്കുന്നു. യേശുവിന്റെ സ്നാനസമയത്തു പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങി വന്നു എന്നതുകൊണ്ട് പ്രാവിനു ദിവ്യത്വം കല്പിക്കുന്നവരുമുണ്ട്. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാത്തതുകൊണ്ടുള്ള കുഴപ്പങ്ങളാണ് ഇതൊക്കെ.

പുതിയനിയമത്തിൽ ആത്മീയ ശുശ്രൂഷയുമായി ബന്ധപ്പെട്ട് എണ്ണ പരാമർശിക്കപ്പെടുന്ന ഒരു സന്ദർഭം മാത്രമേയുള്ളു: ''നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.''

ഒന്നാം നൂറ്റാണ്ടിലെ സഭകളിൽ നിരവധി ശുശ്രൂഷകന്മാർ (മൂപ്പന്മാർ) ഉണ്ടായിരുന്നു. അവരുടെ അദ്ധ്യക്ഷനായിരുന്നു ബിഷപ്പ് (പാസ്റ്റർ). സംശയമുള്ളവർ 1തിമോ.3:1-13 നോക്കുക. വിശ്വാസികൾക്കു കഷ്ടങ്ങളോ രോഗങ്ങളോ വരുകയില്ല എന്ന ദുരുപദേശം അക്കാലത്ത് ദൈവമക്കളെ സ്വാധീനിച്ചിരുന്നുമില്ല. സഭയിൽ ആരെങ്കിലും രോഗബാധിതരായാൽ അവർ മൂപ്പന്മാരെ വിവരമറിയിക്കും. മൂപ്പന്മാർ എത്തി രോഗിയെ എണ്ണ പൂശി പ്രാർത്ഥിക്കും. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ഫലം ചെയ്യും. കർത്താവു രോഗിയെ സൗഖ്യമാക്കും. ഇതായിരുന്നു അക്കാലത്തു നടന്നിരുന്നത്.

ഈ ഭാഗം ശ്രദ്ധിച്ചു പഠിച്ചാൽ താഴെ പറയുന്ന വസ്തുതകൾ വ്യക്തമാകുന്നതാണ്:

1. ഒരു പ്രാദേശിക സഭയിലെ വിശ്വാസി ആ സഭയിലെ മൂപ്പന്മാരെ വിളിക്കുന്ന കാര്യമാണ് ഇവിടെ പറയുന്നത്.
2. ഒരു പാസ്റ്ററെയോ രോഗശാന്തി വരമുള്ള ഏതെങ്കിലും ദിവ്യനെയോ വിളിക്കുന്ന കാര്യമല്ല ഇവിടെ കാണുന്നത്.
3. എണ്ണക്ക് എന്തെങ്കിലും ദിവ്യശക്തി ഉള്ളതായി ഇവിടെ പറയുന്നില്ല. 'വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും' എന്നാണു പറയുന്നത്.
4. എണ്ണ പ്രാർത്ഥിച്ചു കൊടുത്തുവിടുന്ന പരിപാടി ദൈവവചനത്തിൽ കേട്ടുകേഴ്‌വി പോലുമില്ല.

ദൈവസഭയിലെ ശുശ്രൂഷകൾ മൂപ്പന്മാരാൽ നടത്തപ്പെടുന്ന രീതിയാണ് ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത്. ഇവരുടെ ശുശ്രൂഷകൾക്കു മേൽനോട്ടം വഹിക്കുന്ന കങ്കാണിയായിരുന്നു ബിഷപ്പ് (പാസ്റ്റർ). ഈ രീതി ഇന്നു പെന്തക്കോസ്ത് സഭകളിൽപ്പോലുമില്ല. ഇതര ക്രൈസ്തവ സമുദായങ്ങളെ അനുകരിച്ച് പെന്തക്കോസ്തുകാരും പാസ്റ്റർ എന്നു വിളിക്കപ്പെടുന്ന അച്ചന്മാരെ നിയമിച്ചിരിക്കുന്നു. പേരിലൊഴികെ ഇവർക്ക് അച്ചന്മാരുമായി വലിയ വ്യത്യാസമൊന്നുമില്ല. ഇങ്ങനെയൊക്കെയാണു ബൈബിളിലുള്ളത് എന്ന് ഏവരും ധരിച്ചുവച്ചിരിക്കയുമാണ്. അതുകൊണ്ട് പാസ്റ്ററെന്നല്ല സെന്റർ പാസ്റ്ററെന്ന അത്ഭുത ജീവിയെ വരെ പെന്തക്കോസ്തുകാർ അംഗീകരിച്ചു കഴിഞ്ഞു. എണ്ണ പ്രാർത്ഥിച്ചു കൊടുക്കുന്ന പരിപാടിയെ മിക്കവരും എതിർക്കാത്തതും ഈ വിധത്തിലുള്ള തെറ്റിദ്ധാരണകൾ മൂലമാണ്.

കർത്താവും അപ്പോസ്തലന്മാരും നിരവധി രോഗികളെ സൗഖ്യമാക്കിയിട്ടുണ്ട്. പക്ഷേ ഒരിക്കൽപ്പോലും എണ്ണ പൂശി പ്രാർത്ഥിക്കുകയോ എണ്ണ പ്രാർത്ഥിച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല. ദൈവസഭയിലെ അംഗങ്ങൾ രോഗികളായിരിക്കുമ്പോൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മൂപ്പന്മാർക്ക് എണ്ണ പൂശി പ്രാർത്ഥിക്കാവുന്നതാണ്. പക്ഷേ കൺവൻഷനുകളിൽ പ്രസംഗിക്കാനെത്തുന്നവർ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ഉള്ള വ്യത്യാസം നോക്കാതെ എല്ലാവരേയും എണ്ണ പൂശി പ്രാർത്ഥിക്കുന്ന പരിപാടിക്കു വചനത്തിൽ ആധാരമില്ല.

ശാപം പൊട്ടിക്കാൻ പോലും ചിലർ ഇക്കാലത്ത് എണ്ണ ഉപയോഗിക്കുന്നതായി അറിഞ്ഞു. വീണ്ടും ജനനം പ്രാപിച്ച വിശ്വാസിയിൽ ഒരു ശാപവും അവശേഷിക്കയില്ല എന്ന വസ്തുത ഇത്തരക്കാർ മറക്കുന്നു എന്നു മാത്രമല്ല ഇല്ലാത്ത ശാപം എണ്ണ ഉപയോഗിച്ചു പൊട്ടിക്കാമെന്നു പഠിപ്പിക്കയും ചെയ്യുന്നു. ഇതൊക്കെ വിശ്വസിക്കാനും ഇത്തരക്കാർക്കു പണം വാരിക്കൊടുക്കാനും നിരവധി ആളുകൾ തയ്യാറാകുന്നു. അതുകൊണ്ട് ഈ വ്യാജന്മാർക്ക് അഷ്ടിക്കു മുട്ടുവരാറില്ല.

ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത ഒരു ശുശ്രൂഷയും ദൈവീകമല്ല. അറിയപ്പെടുന്ന പ്രസംഗകർ ചെയ്തതുകൊണ്ടു മാത്രം ഒരു ശുശ്രൂഷ ദൈവീകമാകുകയുമില്ല. ശുശ്രൂഷ ചെയ്യുന്നതാരാണെന്നല്ല നോക്കേണ്ടത്, ശുശ്രൂഷയ്ക്കു വചനത്തിൽ അടിസ്ഥാനമുണ്ടോ എന്നാണ്.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

വിശ്വാസസ്നാനം എന്ന വിഷയത്തിൽ ഡിഫെൻഡറിന്റെ വിശ്വാസം ഇതാണ്: "കർത്താവായ യേശു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിനോടു ചേരുവാൻ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കണം."

ഈ വിശ്വാസപ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന വസ്തുതകൾ ഇവയാണ്:

1. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ- അതായത് രക്ഷിക്കപ്പെട്ടവർ- മാത്രമാണു സ്നാനമേൽക്കേണ്ടത്. രക്ഷിക്കപ്പെടാൻ വേണ്ടി സ്നാനമേൽക്കുകയല്ല രക്ഷിക്കപ്പെട്ടതുകൊണ്ടു സ്നാനമേൽക്കുകയാണു ചെയ്യേണ്ടത്.
2. സ്നാനം യേശുവിനോടു ചേരാനുള്ള കർമ്മമാണ്.
3. സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നടത്തണം.
4. സ്നാനം വെള്ളത്തിൽ മുങ്ങിയാണു നടത്തേണ്ടത്.

ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: രക്ഷിക്കപ്പെടാത്ത വ്യക്തി സ്നാനമേൽക്കരുത്. രക്ഷിക്കപ്പെടാൻ വേണ്ടി സ്നാനമേൽക്കേണ്ടതില്ല. യേശുവിനോടു ചേരുക എന്നതാണ് സ്നാനത്തിന്റെ പ്രധാന ഉദ്ദേശ്യം. സ്നാനം ത്രിത്വ നാമത്തിൽ ആയിരിക്കണം. വെള്ളത്തിൽ മുങ്ങാതെ മറ്റേതെങ്കിലും വിധത്തിലുള്ള സ്നാനം ശരിയായ സ്നാനമല്ല.

ഏറെ വിവാദങ്ങൾക്കു വഴിവച്ചിട്ടുള്ള ഒരു വിഷയമാണു വിശ്വാസസ്നാനം എന്നുള്ളത്. അതുകൊണ്ട് ഈ വിഷയം അല്പം വിശദമായി പഠിക്കേണ്ടതുണ്ട്. മുൻവിധി കൂടാതെ പഠിച്ചാൽ മാത്രമേ വിഷയം മനസ്സിലാക്കാനാകൂ.

സ്നാനം രക്ഷിക്കപ്പെടാനുള്ളതല്ല രക്ഷിക്കപ്പെട്ടവർക്കുള്ളതാണ് എന്നു പറഞ്ഞാൽ പെന്തക്കോസ്തുകാർ പോലും വിയോജിച്ചെന്നു വരാം. അതുകൊണ്ട് ആദ്യമായി ആ വിഷയം വിശദീകരിക്കാം.

രക്ഷയെ സംബന്ധിച്ചു ബൈബിൾ എന്തു പറയുന്നു എന്നു മുൻലക്കങ്ങളിൽ വിശദീകരിച്ചുകഴിഞ്ഞു. ദൈവകൃപയാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം, തികച്ചും സൗജന്യമായാണ് മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. രക്ഷക്ക് സൽപ്രവൃത്തികളോ കർമ്മങ്ങളോ കൂദാശകളോ ആവശ്യമില്ല. ഒരു കർമ്മത്തിനും മനുഷ്യനു രക്ഷ നൽകുവാൻ കഴിയുന്നതുമല്ല.

"വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്ന വാക്യം പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു പറയാതെവയ്യ. രക്ഷയ്ക്കു സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കുന്നവർ ഈ വാക്യമാണ് ആധാരമായി ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അടുത്ത ഭാഗം കൂടി വായിച്ചാൽ തെറ്റിദ്ധാരണ മാറും. "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." ഈ വാക്യത്തിൽ രണ്ടു തരം ആൾക്കാരേക്കുറിച്ചു പറയുന്നു:

1. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്തവർ.
2. വിശ്വസിക്കാത്തവർ.

വിശ്വസിച്ചവരാണെങ്കിലും സ്നാനമേറ്റിട്ടില്ലാത്തവർ എന്നൊരു കൂട്ടർ ദൈവത്തിന്റെ കണക്കിലില്ല. ഒന്നെങ്കിൽ വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്തവനായിരിക്കും. അല്ലെങ്കിൽ വിശ്വസിക്കാത്തവനായിരിക്കും. സ്നാനമേൽക്കാത്തവൻ രക്ഷിക്കപ്പെട്ടവനല്ല എന്നു ചുരുക്കം. കാരണം, രക്ഷിക്കപ്പെട്ടവൻ എത്രയും വേഗം സ്നാനമേൽക്കും എന്നതുതന്നെ.

രക്ഷയ്ക്കു സ്നാനം ആവശ്യമില്ലെങ്കിൽ സ്നാനം ഒഴിവാക്കരുതോ എന്നു ചോദിക്കുന്നവരുണ്ട്. മരിക്കാൻ കുഴിച്ചിടണമെന്നില്ല എന്നതു ശരിതന്നെ. അതുകൊണ്ട് മരിച്ചവരെ കുഴിച്ചിടേണ്ട എന്നാണോ അർത്ഥം?

ബൈബിൾ എന്തു പറയുന്നു എന്നു നോക്കു:

1. സ്നാനം നടത്താനായി യോഹന്നാനെ ദൈവം അയച്ചു. യോഹന്നാൻ യേശുവിനെ ഉൾപ്പെടെ നിരവധി ആളുകളെ സ്നാനപ്പെടുത്തി.
2. കർത്താവായ യേശുക്രിസ്തു പോലും സ്നാനമേറ്റു.
3. കർത്താവിന്റെ അന്ത്യ കല്പനയിൽപ്പോലും സ്നാനത്തേക്കുറിച്ചു പറഞ്ഞു. മത്താ.28:19, മർ. 16:15-16.
4. ദൈവസഭക്ക് ആരംഭം കുറിച്ച പെന്തക്കോസ്ത് നാളിൽ പത്രോസ് ചെയ്ത പ്രസംഗത്തിൽ സ്നാനത്തിന്റെ പ്രാധാന്യം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമാക്കി.
5. വിശ്വസിച്ചവരെല്ലാം സ്നാനമേറ്റതായി പ്രവൃത്തികളുടെ പുസ്തകത്തിലെ ചരിത്രം തെളിയിക്കുന്നു.
6. ലേഖനങ്ങളിൽ സ്നാനത്തേപ്പറ്റി നിരവധി പരാമർശങ്ങളുണ്ട്.

ഇത്രയുമൊക്കെ ഉണ്ടെങ്കിലും സ്നാനം വേണ്ട എന്നാണ് ഒരു വ്യക്തിക്കു തോന്നുന്നതെങ്കിൽ ആ വ്യക്തിക്കു തീർച്ചയായും സ്നാനം ആവശ്യമില്ല. കാരണം, അയാൾ രക്ഷിക്കപ്പെട്ടവനല്ല. വീണ്ടും ജനനം പ്രാപിച്ച വ്യക്തിക്ക് ദൈവവചനത്തിൽ ഇത്ര വ്യക്തമായി പറയുന്ന ഉപദേശം തള്ളിക്കളയാനാവില്ല.

യേശുവിനോടു ചേരാനാണു സ്നാനം എന്നു പ്രാരംഭത്തിൽ തന്നെ പറഞ്ഞുകഴിഞ്ഞു. ഇതേപ്പറ്റി പൗലോസ് ഇപ്രകാരം പറയുന്നു: "പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ." റോമ.6:2-4

ഇവിടെ പൗലോസ് പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

1. പാപം സംബന്ധിച്ചു മരിച്ചവരാണു സ്നാനം ഏൽക്കേണ്ടത്.
2. യേശുവിനോടു ചേരാനാണു സ്നാനം ഏൽക്കുന്നത്.
3. സ്നാനത്തിലൂടെ നാം യേശുവിന്റെ മരണത്തിൽ പങ്കാളികളാകുകയാണു ചെയ്യുന്നത്.
4. സ്നാനമേറ്റവർ ജീവന്റെ പുതുക്കത്തിൽ നടക്കണം.

യേശുവിനെ ഒരു വസ്ത്രം പോലെ ധരിക്കുന്ന അനുഭവമാണു സ്നാനത്തിലൂടെ ഉണ്ടാകുന്നതെന്നും പൗലോസ് പറയുന്നു. ഗലാ.3:27. "ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."

കൊലോ.2:12ൽ പൗലോസ് പറയുന്നു: "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു." നോഹയും കുടുംബവും പെട്ടകത്തിലൂടെ രക്ഷപ്പെട്ടത് സ്നാനത്തിനു മുൻകുറിയാണെന്നത്രേ പത്രോസ് പറയുന്നത്: "ആ പെട്ടകത്തിൽ അല്പജനം, എന്നുവച്ചാൽ എട്ടുപേർ, വെള്ളത്തിൽക്കൂടി രക്ഷപ്രാപിച്ചു. അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു." 1പത്രോ.3:20,21. ദൈവത്തോടു നല്ല മനസ്സാക്ഷിക്കുള്ള അപേക്ഷയാണു സ്നാനം എന്നു കൂടി പത്രോസ് പറയുന്നുണ്ട്.

യിസ്രായേൽ ജനം ചെങ്കടലിലൂടെ കടന്ന സംഭവത്തെ സ്നാനത്തിന്റെ നിഴലായി പൗലോസ് വ്യാഖ്യാനിക്കുന്നു. "സഹോദരൻമാരേ, നമ്മുടെ പിതാക്കൻമാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തിലൂടെ കടന്ന് എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടുചേർന്ന് എല്ലാവരും ഒരേ ആത്മികാഹാരം തിന്ന്, എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു." 1കൊരി.10:1-3. ചെങ്കടലിലൂടെ കടന്നവർ മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു മോശെയോടു ചേർന്നു. ഇക്കാലത്തു വിശ്വാസസ്നാനം സ്വീകരിക്കുന്നവർ യേശുവിനോടു ചേരുന്നു.

ദൈവവചനത്തിൽ ഇത്ര വ്യക്തമായി പറയുന്ന ഉപദേശം പോലും ചിലർ നിസ്സാരമായി തള്ളിക്കളയുന്നതു കാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്. ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന ആർക്കും വിശ്വാസസ്നാനം ഒഴിവാക്കാനാവില്ല.

സ്നാനം ഇപ്പോഴാണു നടത്തേണ്ടത് എന്നതും പ്രസക്തമായ ചോദ്യമാണ്. ചിലർ ശിശുക്കളെ സ്നാനപ്പെടുത്തുന്നു. മറ്റു ചിലർ പ്രായപൂർത്തിയായവരെ സ്നാനപ്പെടുത്തുന്നു. ഇതു രണ്ടും ശരിയായ നടപടിയല്ല. പ്രായമല്ല വിശ്വാസമാണു സ്നാനത്തിന് ആധാരമായി സ്വീകരിക്കേണ്ടത്. വിശ്വസിക്കുക, സ്നാനമേൽക്കുക എന്നതാണ് ശരിയായ നടപടിക്രമം. വിശ്വസിക്കുന്നവരെ മാത്രമേ സ്നാനപ്പെടുത്താൻ പാടുള്ളൂ എന്നു ഫിലിപ്പോസ് ഷണ്ഡനു കൊടുത്ത മറുപടിയിൽ നിന്നു വ്യക്തമാകുന്നുണ്ട്: "അവർ ഇങ്ങനെ വഴിപോകുമ്പോൾ വെള്ളമുള്ളൊരു സ്ഥലത്ത് എത്തി. അപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം; ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്ത് വിരോധം എന്ന് പറഞ്ഞു. അതിനു ഫിലിപ്പൊസ്: നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്ന് പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേര് നിർത്തുവാൻ കല്പിച്ചു; ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു." പ്രവൃ.8:36-38. മരിച്ചവരെയാണു കുഴിച്ചിടുന്നത്. മരിക്കാനായി കുഴിച്ചിടാറില്ല. പാപം സംബന്ധിച്ചു മരിച്ചവരെ അടക്കം ചെയ്യുന്ന ശുശ്രൂഷയാണു സ്നാനം എന്നു പൗലോസ് പറയുന്നുണ്ടല്ലോ. മാത്രമല്ല വിശ്വസിക്കാത്ത ആരേയും സ്നാനപ്പെടുത്തിയതായി ബൈബിളിൽ കാണുന്നുമില്ല.

ആരെയാണു സ്നാനപ്പെടുത്തേണ്ടത്? ഏതു പ്രായത്തിലുള്ളവരെ സ്നാനപ്പെടുത്താം? കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു എന്ന് അർത്ഥം മനസ്സിലാക്കി, ഹൃദയപൂർവ്വം പറയുന്നവരെ സ്നാനപ്പെടുത്താം. പ്രായം നോക്കേണ്ടതില്ല.

സ്നാനം ഏതു വിധത്തിൽ എന്നതും പ്രസക്തമായ ചോദ്യമാണ്. വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തുന്നതായാണു ബൈബിളിൽ കാണുന്നത്. അതുകൊണ്ട് അങ്ങനെതന്നെ ചെയ്യണം. വെള്ളം തളിക്കുക, കോരിയൊഴിക്കുക തുടങ്ങിയതൊന്നും ബൈബിളിൽ കാണുന്നില്ല.

ഏതു നാമത്തിലാണു സ്നാനമേൽക്കേണ്ടത്? പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വേണം സ്നാനമേൽക്കുവാൻ. (മത്താ.28:19). യേശുവിന്റെ കല്പനപ്രകാരം നടക്കുന്ന സ്നാനമാകയാൽ ഇതിനെ കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്നു വിളിച്ചിരുന്നു. അക്കാലത്ത് വിവിധ തരത്തിലുള്ള സ്നാനങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ക്രിസ്തീയ ജലസ്നാനത്തെ വേർതിരിച്ചറിയാനാണ് ഈ വിധത്തിൽ വിളിച്ചിരുന്നത്.

ആരാണു സ്നാനപ്പെടുത്തേണ്ടത്? സ്നാനപ്പെടുത്താൻ ഏതെങ്കിലും വിധത്തിലുള്ള ഓർഡിനേഷൻ ആവശ്യമുണ്ടോ? സ്നാപകന്റെ യോഗ്യത എന്തായിരിക്കണം എന്നു ദൈവവചനത്തിൽ പറയുന്നില്ല. അതുകൊണ്ട് അനുമാനിക്കുകയേ നിവൃത്തിയുള്ളൂ. വീണ്ടും ജനനം പ്രാപിച്ച് വിശ്വാസസ്നാനം സ്വീകരിച്ച് ദൈവകൃപയിൽ നിലനിൽക്കുന്ന ദൈവമക്കൾക്ക് സ്നാനശുശ്രൂഷ നടത്താവുന്നതാണ്. എങ്കിലും സ്ത്രീകൾ സ്നാനപ്പെടുത്തിയതായി ദൈവവചനത്തിൽ കാണുന്നില്ല. അതുകൊണ്ട് സ്ത്രീകൾ സ്നാനം നടത്തുന്നതു ശരിയല്ല എന്നാണു ഡിഫെൻഡറിന്റെ അഭിപ്രായം.

ഒരുവട്ടം സ്നാനമേറ്റവർ വീണ്ടും സ്നാനമേൽക്കണമോ? വീണ്ടും ജനനം പ്രാപിച്ചശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനം സ്വീകരിച്ച വ്യക്തി വീണ്ടും സ്നാനമേൽക്കേണ്ടതില്ല. എന്നാൽ തെറ്റായ രീതിയിൽ സ്നാനമേറ്റവർ വീണ്ടും സ്നാനം സ്വീകരിക്കണം. കാരണം, വചനവിരുദ്ധമായി സ്വീകരിച്ച സ്നാനം യഥാർത്ഥ ക്രിസ്തീയ ജലസ്നാനമല്ല എന്നതുതന്നെ. അതുകൊണ്ട് ശിശുസ്നാനം സ്വീകരിച്ചവർ, വെള്ളത്തിൽ മുങ്ങാതെയുള്ള സ്നാനം സ്വീകരിച്ചവർ, ത്രിത്വനാമത്തിലല്ലാതെ സ്നാനമേറ്റവർ, കൾട്ടുകൾ നൽകുന്ന സ്നാനമേറ്റവർ തുടങ്ങിയവർ വീണ്ടും സ്നാനമേൽക്കണം.

വീണ്ടും പറയട്ടെ: രക്ഷിക്കപ്പെടാൻ സ്നാനം ആവശ്യമില്ല. കൃപയാൽ വിശ്വാസം മൂലമാണു രക്ഷിക്കപ്പെടുന്നത്. പക്ഷേ രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണം. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുകയും സ്നാനമേൽക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെട്ടവരല്ല.

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

"മരിച്ചവർ എവിടെ" എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 96564 32921**

# ഉപദേശിയുടെ മകന്റെ തുറന്ന കത്ത്

സ്വന്തം ജീവിതാനുഭവങ്ങളെ ആധാരമാക്കി അമേരിക്കൻ മലയാളിയും ഐ.പി.സി. ജനറൽ കൗൺസിൽ അംഗവുമായ ബ്രദർ ജോർജ് മത്തായി നിർമ്മിച്ച 'ഉപദേശിയുടെ മകൻ' എന്ന സിനിമ ഇതിനോടകം ഏറെ വിവാദങ്ങൾക്കു കാരണമായിട്ടുണ്ട്. ഈ വിഷയത്തിൽ ഡിഫെൻഡറിന്റെ നിലപാടെന്തെന്നു മുൻലക്കങ്ങളിൽ വിശദീകരിക്കയും ചെയ്തിരുന്നു. സിനിമ പ്രശ്നവുമായി ബന്ധപ്പെട്ടു പെന്തക്കോസ്ത് മാധ്യമങ്ങളിൽ വന്ന വാർത്തകൾ, പ്രതികരണങ്ങൾ തുടങ്ങിയവയ്ക്കും ടി.എസ്.ഏബ്രഹാം മറ്റു നാലു ദൈവദാസൻമാരുമായി ചേർന്നു പുറത്തിറക്കിയ കത്തിനും ഉള്ള മറുപടി എന്ന നിലയ്ക്കാണ് ബ്രദർ ജോർജ് മത്തായി ഈ തുറന്ന കത്ത് എഴുതിയിരിക്കുന്നത്. വായനക്കാരുടെ അറിവിലേയ്ക്കായി ഡിഫെൻഡർ ഈ കത്തു പ്രസിദ്ധീകരിക്കുകയാണ്.

ഒരു കാലത്ത് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചവരും ഇപ്പോൾ പ്രത്യേകിച്ച് ഔദ്യോഗിക പദവികൾ ഒന്നും ഇല്ലാത്തവരുമായ പാസ്റ്റർമാരായ ടി.എസ്. ഏബ്രഹാം, അദ്ദേഹത്തിന്റെ അനുയായികളായ എം.വി.വർഗീസ്, ജോർജ് ഉമ്മൻ, ടി.എ.ചെറിയാൻ, സി.ഐ.ചെറിയാൻ എന്നിവർ എനിക്കെതിരെ ഐ.പി.സി ജനറൽ കൗൺസിലിൽ ഒരു ആരോപണ കത്ത് നൽകിയതായി അറിഞ്ഞു. കത്തെഴുതിയവരിൽ ഒരാളായ പാസ്റ്റർ എം.വി.വർഗീസിന്റെ ഒരു മകൻ രക്ഷാധികാരിയും മറ്റൊരു മകൻ എഡിറ്ററുമായ ഒരു ജേർണലിൽ പരാതിക്കാരുടെ ഫോട്ടോ സഹിതം ഈ കത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നതും കണ്ടു.

ഐ.പി.സി. ജനറൽ കൗൺസിൽ അംഗവും 'ഉപദേശിയുടെ മകൻ' സിനിമയുടെ നിർമാതാവുമായ ജോർജ് മത്തായി എന്ന എന്നെ മനപ്പൂർവം വ്യക്തിഹത്യ ചെയ്യുവാൻ മുകളിൽ പറഞ്ഞ പാസ്റ്റേഴ്സും ചില ലേഖനക്കാരും, ചില പ്രസിദ്ധീകരണങ്ങളും നടത്തുന്ന ശ്രമങ്ങൾ എന്റെ സഹവിശ്വാസികളും ദൈവദാസന്മാരും തിരിച്ചറിയണമെന്നും, സത്യം എന്താണെന്ന് മനസ്സിലാക്കണമെന്നുമുള്ള ആഗ്രഹത്തിലാണ് ഞാൻ ഈ തുറന്ന കത്ത് എഴുതുന്നത്.

ഇന്ത്യാ പെന്തെക്കോസ്ത് സഭയിൽ കർതൃവേല ചെയ്ത ഒരു ദൈവദാസന്റെ മകനായി ജനിച്ചു വളർത്തപ്പെടുവാൻ ദൈവം എനിക്ക് ഭാഗ്യം നൽകി. കഷ്ടതയും, പട്ടിണിയും, നിന്ദയും, അപമാനവുമൊക്കെ സഹിച്ച് ആത്മാർഥമായി ദൈവമേൽപ്പിച്ച ശുശ്രൂഷചെയ്ത എന്റെ മാതാപിതാക്കൾക്ക് സുവിശേഷ വിരോധികളിൽ നിന്നും, സഭാ നേതൃത്വത്തിൽനിന്നും നിരവധി തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതൊക്കെ കണ്ടും അനുഭവിച്ചും വളർന്ന എനിക്ക് ഈ വിശ്വാസത്തോടും അതിന്റെ നേതൃത്വത്തോടും എതിർപ്പുണ്ടായി. അങ്ങനെ കുറേക്കാലം ഞാൻ ദൈവീക പാതയിൽ നിന്ന് അന്യപ്പെട്ട് ജീവിച്ചു. എന്നാൽ എന്റെ മാതാപിതാക്കളുടെയും എന്നെ സ്നേഹിക്കുന്ന അനേകരുടെയും കണ്ണീരോടെയുള്ള പ്രാർഥന ദൈവം കേൾക്കുകയും തികച്ചും വേദനാജനകമായ ചില ജീവിതാനുഭവങ്ങളിലൂടെ എനിക്കൊരു മടങ്ങിവരവ് നൽകുകയും ചെയ്തു.

ദൈവം എനിക്കു മടക്കിതന്ന ആയുസ്സും ആരോഗ്യവും സമ്പത്തും കർത്താവിന്റെ നാമമഹത്വത്തിനായും, സുവിശേഷത്തിന്റെ വ്യാപനത്തിനായും, സമൂഹത്തിലെ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ഉന്നമനത്തിനായും ഇതുവരേയും ഉപയോഗിക്കുവാൻ ദൈവം എനിക്ക് അവസരം നൽകി.

എന്റെ ജീവിതാനുഭവങ്ങൾ 'ഉപദേശിയുടെ മകൻ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. വായിച്ച ആയിരങ്ങൾക്ക് ആ അനുഭവങ്ങൾ ധൈര്യവും പ്രത്യാശയും പകർന്നു. മാധ്യമരംഗത്ത് ദീർഘകാലം പ്രവർത്തിച്ച വ്യക്തിയെന്ന നിലയിൽ വിവിധ മാധ്യമങ്ങളുടെ സ്വാധീന ശക്തിയെക്കുറിച്ച് എനിക്ക് നല്ലബോധ്യമുണ്ട്. ഇന്നത്തെ സമൂഹത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാധ്യമം എന്ന നിലയിൽ സിനിമയുടെ പ്രാധാന്യം എനിക്കറിയാം. എന്റെ അനുഭവങ്ങളും, ദൈവം എന്നെ വിടുവിച്ച വിധവുമൊക്കെ ഒരു സിനിമയുടെ രൂപത്തിൽ പുറത്തിറക്കാനായാൽ ലക്ഷകണക്കിനു സാധാരണ ജനങ്ങളിൽ ദൈവ സ്നേഹത്തെക്കുറിച്ചും ദൈവത്തിലുള്ള വിശ്വാസത്തിന്റെ നേട്ടത്തെക്കുറിച്ചുമുള്ള സന്ദേശം എത്തിക്കാമെന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ടായിരുന്നു.

ദീർഘനാളത്തെ ആഗ്രഹത്തിന്റേയും പ്രാർഥനയുടേയും ഫലമായി എന്റെ ജീവിതകഥ 'ഉപദേശിയുടെ മകൻ' എന്ന പേരിൽ തന്നെ ഒരു സിനിമയുണ്ടാക്കുവാൻ ദൈവമെന്നെ സഹായിച്ചു. ഈ സംരംഭത്തിനായി ഞാൻ ആരുടെയും ഒരു രൂപ പോലും പിരിവെടുത്തിട്ടില്ല. ദൈവം എനിക്കുതന്ന ജോലിയിലൂടെ ലഭിച്ച വരുമാനം മാത്രമാണിതിന് ചിലവഴിച്ചത്. പലരും തങ്ങളുടെ സമ്പാദ്യംകൊണ്ട് മനോഹരമായ വീടുവയ്ക്കുകയോ, ബിസിനസ്സ് ചെയ്യുകയോ, ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയോ ഒക്കെ ചെയ്യുമ്പോൾ ഞാൻ എന്റെ സമ്പാദ്യത്തിന്റെ നല്ലൊരു ഭാഗം ഈ ആവശ്യത്തിനായി ഉപയോഗിച്ചു. ഈ സിനിമ തീയറ്ററിലോ ടി.വി.യിലോ ഡി.വി.ഡിയിലോ കാണുന്ന സാധാരക്കാർക്ക് ദൈവസ്നേഹത്തിന്റെ സന്ദേശം പകർന്നു നല്കാൻ സാധിച്ചാൽ എന്റെ ലക്ഷ്യം പൂർത്തിയാകും.

എന്നാൽ 'ഉപദേശിയുടെ മകൻ' എന്ന എന്റെ സിനിമ കാണുകയോ, അതിലെ സന്ദേശമെന്തെന്ന് മനസ്സിലാക്കുകയോ ചെയ്യാതെ ചില പാസ്റ്റേഴ്സും സർവ ജ്ഞാനികളെന്ന് സ്വയം ധരിച്ചുവശായിരിക്കുന്ന കൂലിയെഴുത്തുകാരും ചേർന്ന് അസത്യങ്ങളും ഊഹാപോഹങ്ങളും പ്രചരിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ വിശ്വാസസമൂഹം തള്ളികളയും എന്ന ബോധ്യം എനിക്കുണ്ട്. എങ്കിലും എന്റെ ജ്യേഷ്ഠസഹോദരന്മാരായി ഞാൻ ബഹുമാനിക്കുന്ന പാസ്റ്റർമാരും, അനിൽ കൊടിത്തോട്ടം, ജെ.സി.ദേവ്, സാം മുഖത്തല, തോമസ് തോന്നിയ്ക്കൽ തുടങ്ങിയ എഴുത്തുകാരും ആരോപണത്തിന്റെ പുകമറ സൃഷ്ടിച്ച് ജോർജ് മത്തായി എന്ന ഞാൻ സിനിമ എടുത്തതിനാൽ പെന്തക്കോസ്തിന് മൂല്യച്യുതി ഉണ്ടാകുന്നു എന്നുപറയുമ്പോൾ ചില വസ്തുതകൾ തുറന്നു പറയേണ്ടത് അനിവാര്യമായി വരുന്നു. പെന്തെക്കോസ്തിന്റെ സംരക്ഷകവേഷം കെട്ടിയിരിക്കുന്ന ഈ കത്തിവേഷങ്ങൾ തന്നെയാണ് പെന്തെക്കോസ്ത് ഉപദേശങ്ങൾക്കും മൂല്യങ്ങൾക്കും ദൈവവചനത്തിനും വിരുദ്ധമായി നാളിതുവരെ പ്രവർത്തിച്ചതെന്ന് പറയേണ്ടി വരുന്നതിൽ ക്ഷമിക്കുക. കപട ഭക്തിയുടെ ശൃങ്കാര ഗോപുരങ്ങളിലിരുന്നുകൊണ്ട് ''ഉപദേശിയുടെ മകനെ'', കല്ലെറിയുകയും തുപ്പുകയുമൊക്കെ ചെയ്യുന്നവർ ഒന്നോർക്കുക: അതെല്ലാം നിങ്ങളുടെ മുഖത്തുതന്നെയാണ് വീണിരിക്കുന്നത്. ദൈവം നിങ്ങൾക്ക് പരിജ്ഞാനം നല്കട്ടെ എന്ന പ്രാർഥനയോടെ ചില വസ്തുതകൾ വ്യക്തമാക്കട്ടെ.

1. ഉപദേശിയുടെ മകൻ എന്ന സിനിമ പെന്തെക്കോസ്തുക്കാർക്കുവേണ്ടിയോ വിശേഷാൽ ഐ.പി.സി.ക്കാർക്കുവേണ്ടിയോ നിർമിച്ചതല്ല. മറിച്ച് വൈദ്യശാസ്ത്രത്തിന്റെ കഴിവിനുമപ്പുറത്ത് ദൈവത്തിലുള്ള വിശ്വാസത്താൽ ജീവിതത്തിലെ ഏതു പ്രതിസന്ധിയും മറികടക്കുവാൻ മനുഷ്യനു സാധിക്കുമെന്നുള്ള ജീവിത വിജയത്തിന്റെ രഹസ്യം സിനിമയിലൂടെ അവതരിപ്പിച്ചിരിക്കുകയാണ്. എന്റെ ജീവിതകഥയാണ് അതിന്റെ പശ്ചാത്തലമെന്ന് നേരത്തെ ഞാൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

2. ഈ സിനിമയിൽ ആദ്യകാല പെന്തെക്കോസ്തു വിശ്വാസവും, ജീവിത അനുഭവങ്ങളും ഒരു ഉപദേശിയുടെ കുടുംബം നേരിടേണ്ടിവരുന്ന കഷ്ടതയും ദൈവം അതിൽനിന്ന് നല്കുന്ന വിടുതലും ചിത്രീകരിക്കുന്നുണ്ട്. ഉപദേശിയുടെ മകൻ വിശ്വാസ പാതയിൽനിന്നും വ്യതിചലിച്ചതായി ദൈവീക ഇടപെടലിലൂടെ മടങ്ങിവരുന്നതും ദൃശ്യഭംഗിയോടെയും അടിയുറച്ച ധാർമിക ബോധത്തോടെയും അവതരിപ്പിക്കുകയാണ് ഈ സിനിമയിൽ ചെയ്തിരിക്കുന്നത്.

3. ഉപദേശിയുടെ മകൻ എന്ന സിനിമയിൽ ഞാൻ അഭിനയിച്ചതായി പാസ്റ്റർ ടി.എസ്.എബ്രഹാമും അദ്ദേഹത്തിന്റെ നാല് അനുയായികളും ഒപ്പിട്ട കത്തിൽ ആരോപിക്കുന്നു. ഐ.പി.സി.യുടെ വിശുദ്ധിയുടെ കാവലാളുകൾ എന്ന് സ്വയം അഭിമാനിക്കുന്ന ഈ അഞ്ചുപേരും, എന്നോടുള്ള വിരോധം മൂത്ത് പച്ചക്കള്ളം പറഞ്ഞിരിക്കുകയാണ്. ജോർജ് മത്തായി എന്ന ഞാൻ ഈ സിനിമയിൽ അഭിനയിച്ചിട്ടില്ല. എന്റെ ഒരു ഫോട്ടോ പോലും ഈ സിനിമയിൽ ഒരിടത്തുമില്ല. സിനിമ കാണാതെ ആരോ പറഞ്ഞ എന്തോ കേട്ട് ഇവർ കലിതുള്ളുന്നു. ''കാളപെറ്റു കുട്ടിയെ പാൽകുടിപ്പിക്കരുതേ'' എന്ന ചൊല്ലുപോലെ പരിഹാസ്യമാണീ ആരോപണം.

ടി.എസ്.എബ്രഹാമിന്റെ കത്തിലെ വാചകങ്ങൾ എത്രമാത്രം അടിസ്ഥാന രഹിതമാണെന്ന് വായനക്കാർ അറിയേണ്ടതിന് ആ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ ''എന്നാൽ ഉപദേശിയുടെ മകൻ എന്ന പുസ്തകം അതിന്റെ എഴുത്തുകാരനായ മകൻ തന്നെ സിനിമ ആക്കുകയും മറ്റു സിനിമാ താരങ്ങളോടും ചേർന്ന് ''മകനും'' ഒരു നടനായി അഭിനയിക്കുകയും ചെയ്താണ് സിനിമയാക്കിയത്. ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായ 'മകൻ' ജോർജ് മത്തായി ഒരു പെന്തെക്കോസ്ത് വിശ്വാസി ചെയ്യാൻ പാടില്ലാത്ത സിനിമാ താരമായി അഭിനയിച്ച് ഐ.പി.സി. സഭയ്ക്ക് കളങ്കം വരുത്തിയിരിക്കുന്നതിനാൽ ഐ.പി.സി. എന്ന വലിയ പ്രസ്ഥാനത്തെ നയിക്കുന്ന സുപ്രീം കൗൺസിൽ അംഗമായിരിക്കുവാൻ മിസ്റ്റർ ജോർജ് മത്തായിക്ക് ഉണ്ടായിരുന്ന യോഗ്യത നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുകയും അതനുസരിച്ച് വേണ്ട ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന് ഐ.പി.സി. ജനറൽ കൗൺസിലിനോടും തീയറ്ററിൽ പോയി സിനിമ കണ്ടതായ ശുശ്രൂഷകന്മാരുടേയും വിശ്വാസികളുടേയും പേരിൽ തക്ക നടപടി സ്വീകരിക്കണമെന്നും കേരള കൗൺസിലിനോടും ആവശ്യപ്പെടുന്നു.''

4. ഈ ആരോപണത്തിനടിസ്ഥാനത്തിൽ ഒപ്പിട്ട അഞ്ചുപേരോടും ചില ചോദ്യങ്ങൾ തുറന്നു ചോദിക്കേണ്ടി വരുന്നു. ഈ കത്ത് കൗൺസിൽ ചർച്ച ചെയ്യുന്നതിനു മുമ്പ് പ്രിന്റ് ചെയ്ത് നിരവധി പേർക്ക് പോസ്റ്റലായി അയയ്ക്കുകയും, പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തതിനാലാണ് ഞാനും ഇതൊക്കെ പരസ്യമായി ചോദിക്കേണ്ടി വരുന്നത്.

A. ജോർജ് മത്തായി അഭിനയിച്ചിട്ടില്ലെങ്കിൽ തെറ്റു ചെയ്യാത്ത ഒരാളെ ശിക്ഷിക്കുവാൻ ദൈവവചനമോ ഐ.പി.സി ഭരണഘടനയോ അനുവദിക്കുന്നുണ്ടോ?

B. ഞാൻ അഭിനയിച്ചിട്ടില്ലെന്ന് ബോധ്യമായാൽ ഈ കത്ത് പിൻവലിക്കാനുള്ള മിനിമം ധാർമികബോധമെങ്കിലും നിങ്ങൾക്കുണ്ടോ?

C. ഞാൻ സിനിമ എടുത്തത് തെറ്റാണെങ്കിൽ ചില വർഷങ്ങൾക്കു മുൻപ് ''ഹെബ്രോൺ'' എന്ന പേരിൽ ഒരു ടെലിസിനിമ പെന്തെക്കോസ്തിനെക്കുറിച്ച് നിർമിച്ചപ്പോൾ നിങ്ങളതിനെ പ്രോത്സാഹിപ്പിച്ചതെന്തിന്? ആ ടെലിസിനിമയുടെ ആമുഖം ടി.എസ്.ഏബ്രഹാം തന്നെയാണല്ലോ പറഞ്ഞിരിക്കുന്നത്. അതിൽ കെ.ഇ.എബ്രഹാമായിട്ട് അഭിനയിച്ചിരിക്കുന്നത് സിനിമാതാരം ഗോപകുമാറും ടി.എസ്.ന്റെ വല്യപ്പനായി അഭിനയിച്ചിരിക്കുന്നത് പ്രമുഖ സിനിമ നടനുമായ മധുവുമാണല്ലോ. അത് പാപമല്ലേ? ആ സിനിമയ്ക്ക് ആമുഖം പറഞ്ഞ് അഭിനയിക്കുക വഴി സിനിമാ താരങ്ങളോടൊപ്പം അഭിനയിച്ചു എന്ന ആരോപണം എന്നേക്കാൾ നന്നായി ടി.എസ്.ഏബ്രഹാമിനല്ലേ ചേരുക?

D. കത്തിൽ ഒപ്പിട്ടിരിക്കുന്ന എം.വി. വർഗീസിന്റെ പുത്രൻ സണ്ണി ''നന്മ'' എന്ന പേരിൽ ഒരു ടെലിസിനിമ എടുത്ത് പ്രദർശിപ്പിച്ചപ്പോൾ പിതാവ് എം.വി.വർഗീസ് ഉൾപ്പെടെ ആരെങ്കിലും സണ്ണിയെ സഭയിൽനിന്നും പുറത്താക്കിയോ? അതേ സണ്ണി ഇന്ന് കൗൺസിൽ അംഗമായിരിക്കുന്നത് നിങ്ങൾ ആരും ചോദ്യം ചെയ്യാത്തതെന്തെ?

E. പെന്തക്കോസ്ത് ലോകത്തെ ആദരണീയരായ നേതാക്കൾ - ചർച്ച് ഓഫ് ഗോഡ് നോതാക്കൾ - റവ. വില്യം പോസ്റ്റ്പിസിൽ, എ.ആർ.ടി. അതിശയം, പാസ്റ്റർ ടി.എം.വർഗീസ് എന്നിവർ ചേർന്ന് 1958-60 കാലത്ത് സുവിശേഷ പ്രചരണത്തിനായി ''രാജമ്മ'' എന്ന പേരിൽ ഒരു യഥാർഥ മോഷൻ സിനിമ എടുത്ത് പ്രദർശിപ്പിച്ചത് ചരിത്രമാണ്. അന്ന് ജീവിച്ചിരുന്ന നമ്മുടെ പിതാക്കന്മാരും അതിനെ എതിർത്തില്ലല്ലോ?

F. ജീസസ് തുടങ്ങി നൂറുകണക്കിന് പ്രശസ്ത സിനിമകൾ സുവിശേഷീകരണത്തിനായി ഉപയോഗിക്കപ്പെടുന്നു. ശക്തമായ ഒരു മാധ്യമം എന്ന നിലയിൽ സിനിമയെ നമ്മുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ഉപയോഗിക്കുന്നത് പാപമാണോ? പണ്ട് റേഡിയോയെയും, ടെലിവിഷനേയും, മരുന്നുപയോഗിക്കുന്നതിനെയുമൊക്കെ എതിർത്ത അതേ മനോഭാവം ഇന്നും സഭ ഔദ്യോഗികമായി അംഗീകരിക്കുന്നുണ്ടോ? കുറഞ്ഞപക്ഷം ഈ അഞ്ചുപേർ അംഗീകരിക്കുന്നുണ്ടോ?

G. പാസ്റ്റർ ടി.എസ്.ഏബ്രഹാമിനോട് വ്യക്തിപരമായി ഒരു ചോദ്യം ചോദിക്കട്ടെ. താങ്കളുടെ പിതാവ് പാസ്റ്റർ കെ.ഇ.ഏബ്രഹാം എന്റെ പിതാവ് കല്ലട മത്തായിച്ചൻ എന്ന പാവപ്പെട്ട ഉപദേശിയെയും ഭാര്യയേയും പ്രായമാകാത്ത ഏഴു മക്കളേയും യാതൊരു ദാക്ഷണ്യവുമില്ലാതെ മേപ്രാലിലെ ഫെയ്ത്ത് ഹോമിൽനിന്നും ഇറക്കിവിട്ട നടപടി ഈ സിനിമയിൽ ഹൃദയസ്പർശിയായി ചിത്രീകരിച്ചിട്ടുണ്ട്. ഈ യഥാർഥ സംഭവം സിനിമയിൽ കാണുമ്പോൾ പോലും ആളുകൾ കരഞ്ഞു പോകുന്നെങ്കിൽ അന്ന് ഞങ്ങൾ എത്ര കണ്ണീരൊഴുക്കിയത് അങ്ങേയ്ക്ക് അറിയാമോ? ഈ സംഭവം അങ്ങയുടെ പിതാവിന്റെ ഇമേജിന് മങ്ങലേൽപ്പിച്ചേക്കും എന്ന തിരിച്ചറിവാണ് ഇത്തരമൊരു കത്തെഴുതി എന്നെ തേജോവധം ചെയ്യാനുള്ള ശ്രമത്തിനു കാരണമെന്ന് എനിക്കറിയാം. ഒരു കാര്യം തുറന്നു പറയട്ടെ. ജീവിതത്തിൽ മുറിവേറ്റ വലിയ സംഭവമാണ് അതെങ്കിലും അതിന്റെ പേരിൽ എനിക്കങ്ങയുടെ കുടുംബത്തോട് വിരോധമൊന്നുമില്ല. എന്നാൽ എന്റെ ദൈവീക വിശ്വാസവുമായുള്ള ബന്ധത്തിൽ ആ സംഭവം നിർണായകമാകയാൽ അത് സിനിമയിലും ഉൾപ്പെടുത്തുകയായിരുന്നു. മറ്റൊരു ലക്ഷ്യം കൂടെ എനിക്കുണ്ടെന്ന് തുറന്നു പറയട്ടെ. ഒരു ശുശ്രൂഷകനോടും കുടുംബത്തോടും ഒരു നേതാവും ഇത്തരം ക്രൂരതകൾ ആവർത്തിക്കരുത്.

''സീനിയർ ശുശ്രൂഷകന്മാരുടെ'' പരാതിൽ ഇപ്രകാരം ഒരു വാചകമുണ്ട്. ''ഇത്രയും കാലമായപ്പോഴേക്കും നമ്മുടെ സഭ പല കാര്യത്തിലും അതിന്റെ ആദിമ നിലയിൽനിന്നും വളരെ താണുപോയി എന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്.''

ഈ പ്രസ്താവന ഉയർത്തുന്ന ന്യായമായ ചില സംശയങ്ങൾ കൂടെ ഞാൻ നിങ്ങളുടേയും പൊതു സമൂഹത്തിന്റേയും ചിന്തക്കായി ഉന്നയിക്കുന്നു.

ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ള നിങ്ങൾ ജനറൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസ്ബിറ്ററി അംഗം എന്നീ നിലകളിൽ സഭാ ഭരണത്തിൽ ഇരുന്ന

പേജ് 7..........

# ഉപദേശിയുടെ മകന്റെ തുറന്ന കത്ത്............

കാലത്തല്ലേ ഐ.പി.സി. ഇത്രമാത്രം മൂല്യച്യുതിയിലേക്ക് കൂപ്പുകുത്തിയത്? നിങ്ങളല്ലേ അതിന്റെ ഉത്തരവാദികൾ? നിങ്ങളുടെ ഭരണകാലഘട്ടത്തിലല്ലേ നമ്മുടെ പിതാക്കന്മാരും ദൈവവചനവും വിലക്കുന്ന 'വിവാഹമോചനം' എന്ന പാപത്തിന് സഭയ്ക്കകത്ത് അംഗീകാരം ലഭിച്ചത്? പുനർവിവാഹം നടത്തിയും നടത്തിച്ചും സഭയുടെ ധാർമിക അടിവേരുകൾ പിഴുതു കളഞ്ഞ നിങ്ങൾക്ക് ഞാൻ ഉണ്ടാക്കിയ, വിശ്വാസത്തെ ആസ്പദമാക്കിയുള്ള, ഒരു സിനിമയാണ് മൂല്യത്തകർച്ചക്ക് കാരണമെന്ന് വിധിക്കാൻ എങ്ങനെ ധൈര്യം വന്നു?

വിശുദ്ധന്മാരെന്ന് സ്വയം അഭിമാനിക്കുന്ന നിങ്ങൾ ഹെബ്രോൻ പുരത്ത് തന്നെയല്ലേ ആദ്യവിവാഹമോചനത്തിന് തുടക്കം കുറിച്ചത്? ഇന്ന് ടി.എസ്. ഏബ്രഹാമിനോടൊപ്പം എനിക്കെതിരെ ഒപ്പിട്ട ''വിശുദ്ധിയുടെ സംരക്ഷകരോട്'' ഞാൻ ചോദിക്കട്ടെ നിങ്ങൾ അന്ന് ആ വൃത്തികേടിന് കൂട്ടുനിന്ന് കുടപിടിച്ചതുകൊണ്ടല്ലേ വിവാഹമോചനവും, പുനർവിവാഹവും ഇന്ന് സഭയിൽ ഒരു ക്യാൻസർപോലെ പടർന്നിരിക്കുന്നത്? അത് നിങ്ങളുടെ തലമുറകളിലേക്കും വ്യാപിച്ചില്ലേ?

പാസ്റ്റർ. എം.വി.വർഗീസ് ബഹറിനിലെ ഒരു ധനികന്റെ മകന്റെ പുനർവിവാഹം നടത്തിക്കൊടുത്ത് പണം വാങ്ങിയത് ഐ.പി.സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റായിരിക്കുന്ന കാലത്തല്ലേ? അന്ന് പണത്തിന് വേണ്ടി പാപത്തിന് കൂട്ടുനിന്ന് പ്രസ്ഥാനത്തിന് അപമാനം വരുത്തിയ എം.പി.വർഗീസിനെ പുറത്താക്കാൻ ഇപ്പോൾ സിനിമയ്ക്കെതിരെ പ്രസ്താവന ഇറക്കിയ മറ്റു നാലുപേരിൽ ആരെങ്കിലും മുറവിളി കൂട്ടിയായിരുന്നോ? കൊതുകിനെ അരിച്ചും ഒട്ടകത്തിനെ വിഴുങ്ങിയും കപട വിശുദ്ധിയുടെ ആൾരൂപങ്ങളായി മാറിയിരിക്കുന്ന നിങ്ങൾക്ക് എങ്ങനെ ദൈവസന്നിധിയിൽ നിർമല മനസാക്ഷിയോടെ നിൽക്കാൻ സാധിക്കും?

ഒപ്പിട്ട സെന്റർ പാസ്റ്റർമാരിൽ ഒരാളുടെ മകൻ വിവാഹമോചിതനായി അമേരിക്കയിലുണ്ടല്ലോ. നിങ്ങൾക്ക് എങ്ങനെ ഇന്നും അദ്ധ്യക്ഷസ്ഥാനത്ത് തുടരാൻ സാധിക്കുന്നു. ഹെബ്രോൻ പുരത്തും മറ്റും നടന്ന അധാർമികമായ നിരവധി കാര്യങ്ങൾ സെക്കുലർ മാധ്യമങ്ങളിൽ അച്ചടിച്ച് മാടക്കടയിൽ തൂക്കിയിട്ട് വില്പന നടത്തിയിട്ട് നിങ്ങളുടെ സ്വന്ത കുടുംബത്തിൽ ക്രമീകരണം വരുത്തിയോ? അപ്പോസ്തലനായ പൗലൂസ്; ''ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു'' എന്ന് എഴുതിയത് നിങ്ങൾക്കല്ലെ ഏറെ യോജിക്കുന്നത്? സിനിമ എടുത്തു എന്ന് പറഞ്ഞ് ജോർജ് മത്തായിക്കെതിരെ വാളെടുക്കുന്നതിന് മുമ്പ് സ്വന്തം പ്രതിബിംബം എത്ര വികൃതമാണെന്ന് സ്വയം തിരിച്ചറിയൂ.

എല്ലാം വിറ്റ് സുവിശേഷത്തിനായി കൊടുക്കാൻ എന്റെ പിതാവിനെപ്പോലുള്ള നിരവധിപേരെ പ്രേരിപ്പിച്ച പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ പിൻതലമുറയല്ലേ സുവിശേഷത്തിന്റെ പേരിൽ പിരിച്ചെടുത്ത കോടിക്കണക്കിന് ഡോളർ കൊണ്ട് സ്വന്തം സാമ്രാജ്യം പടുത്തുടർത്തിയത്. അതിൽ നിങ്ങൾ ധാർമിക ഉത്തരവാദിത്വമില്ലേ. സഭയുടെ പണവും സ്വത്തും കുടുംബ ട്രസ്റ്റുകളിലേക്ക് വകമാറ്റി സ്വന്തമാക്കിയത് നിങ്ങളും നിങ്ങളുടെ പിണിയാളുകളുമല്ലേ?

വിദേശ യാത്രകളിൽ ആരോ ഒരു കാറുവാങ്ങാനെന്ന് പറഞ്ഞ് പാസ്റ്റർ കെ.സി.ചെറിയാന് അയ്യായിരം രൂപ കൊടുത്തു. അദ്ദേഹം ആ പണം ആ സഭയ്ക്ക് നൽകിയില്ലെന്ന് പറഞ്ഞ് അദ്ദേഹത്തെ സഭയിൽ നിന്ന് പുറത്താക്കിയവർ അദ്ദേഹം വാങ്ങിയതിനേക്കാൾ മികച്ച കാർ സഭയുടെ പണംകൊണ്ട് വാങ്ങി ഉപയോഗിച്ചതിനൊക്കെ ചരിത്രം സാക്ഷിയല്ലേ? ഇത്തരം അധാർമികതകൾ ഇനിയും എണ്ണിയെണ്ണി പറയണോ?

ഐ.പി.സിയെ സ്വത്തുക്കളുടെ പേരിൽ നീതിന്യായ കോടതികളിലേക്ക് വലിച്ചിഴച്ചതിൽ നിങ്ങൾക്ക് പങ്കില്ലേ? പെന്തക്കോസ്തിന്റെ പേര് നശിപ്പിച്ച ഇത്തരം കാര്യങ്ങൾ നടന്നത് നിങ്ങളുടെയൊക്കെ ഭരണകാലത്തല്ലേ?

പിതാക്കന്മാർ വേണ്ടെന്നുവെച്ച ഒട്ടനവധി കാര്യങ്ങൾ നിങ്ങൾ ആവേശത്തോടെ ഏറ്റെടുത്തില്ലേ. നിങ്ങളുടെ ജന്മദിനാഘോഷങ്ങൾ വർഷാവർഷം സമുദായ സഭയിലെ ബിഷപ്പുമാരുടെ സാന്നിധ്യത്തിൽ നടത്തി മാതൃക കാണിക്കുന്നില്ലേ. അവസരം ലഭിക്കുന്നതിനനുസരിച്ച് നിലവിളക്ക് കൊളുത്താൻ പോലും നിങ്ങൾ മടി കാണിക്കാറില്ലല്ലോ. അപ്പോഴൊന്നും പിതാക്കന്മാരുടെ ഉപദേശ വിശുദ്ധി നിങ്ങൾക്ക് ബാധകമല്ലായിരുന്നോ? അതോ നിങ്ങൾ എന്തും ചെയ്യാം സഭാജനങ്ങൾ ഒന്നും പറയരുത്, ചെയ്യരുത് എന്നാണോ?

'ഉപദേശിയുടെ മകൻ' എന്ന സിനിമ കാണാൻ പോയവരെ ശിക്ഷിക്കണമെന്നാണല്ലോ കത്തിൽ. ഇതുവരെ റിലീസ് ചെയ്യപ്പെട്ടിട്ടില്ലാത്ത എന്റെ സിനിമ അതിന്റെ നിർമാണ പ്രവർത്തകർ, മീഡിയ പ്രവർത്തകർ, എന്റെ ചില സ്നേഹിതർ എന്നിവരടങ്ങിയ ചെറിയ ഗ്രൂപ്പിനു മുൻപിൽ പ്രിവ്യൂ പ്രദർശനം നടത്തുകയായിരുന്നു. അക്കൂട്ടത്തിൽ ഇല്ലാതിരുന്ന അനിൽ കൊടിത്തോട്ടത്തെപ്പോലെയുള്ള എഴുത്തുകാർ സിനിമ പരാജയമാണെന്ന് 'നിരൂപണം' എഴുതിക്കഴിഞ്ഞു. എന്ത് പത്രധർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് ഇയാൾ ഇങ്ങനെ എഴുതുന്നത്? പെന്തെക്കോസ്താണോ ബ്രദറാണോ എന്ന് ഉറപ്പില്ലാത്ത ജെ.സി.ദേവാണ് മറ്റൊരു വിമർശകൻ. തിരക്കഥ എഴുതാൻ ഞാൻ അദ്ദേഹത്തെ സമീപിച്ചു എന്നത് ശുദ്ധ നുണയാണ്. ഗുഡ്ന്യൂസ് എഡിറ്റർ സി.വി. മാത്യുവിനോടു ഞാൻ ആരാഞ്ഞതനുസരിച്ച് സിക്രിപ്റ്റ് വായിച്ചു നോക്കാൻ ദേവിനെ ഒരിക്കൽ ഫോൺ വിളിച്ചു എന്നത് സത്യമാണ്. എന്നാൽ പിന്നീട് ഞാൻ അദ്ദേഹവുമായോ അദ്ദേഹം എന്നോടോ ബന്ധപ്പെട്ടിട്ടില്ല. ആ വ്യക്തിയാണ് പരിശുദ്ധാത്മാവ് തടഞ്ഞതിനാൽ തിരക്കഥ എഴുതിയില്ലെന്ന് വീമ്പ് പറയുന്നത്. ആത്മാവിൽ വിശ്വാസമില്ലാത്ത ഇദ്ദേഹത്തിന് എന്നു മുതലാണ് പരിശുദ്ധാത്മാവിന്റെ 'തടയൽ' ലഭിച്ചു തുടങ്ങിയത്?

എന്തായിരുന്നാലും അവസരവാദികളുടെ ഒരു സംഘം പെന്തെക്കോസ്തിന്റെയും ഉപദേശത്തിന്റെ സംരക്ഷകൻ തങ്ങളാണെന്ന നാട്യത്തോടെ തൊട്ടതിനും പിടിച്ചതിനുമെല്ലാം ഉറഞ്ഞു തുള്ളുന്നു. ഇത്തരക്കാരുടെ പേനയിൽ നിന്ന് വമിക്കുന്ന വിഷം അവസാനമായി എന്റെ നേരെ ചീറ്റിയെന്നു മാത്രം. നിങ്ങളോട് ഒരപേക്ഷയുണ്ട്: നിങ്ങൾ എന്നെയോർത്ത് വിലപിക്കേണ്ട. നിങ്ങളേയും നിങ്ങളുടെ തലമുറയെയും നിങ്ങളുടെ യജമാനന്മാരുടെ കുടുംബങ്ങളെയും ഓർത്ത് വിലപിക്കുക. സിനിമയെടുത്ത് ദരിദ്രനായിപ്പോയ എനിക്കുവേണ്ടി നിങ്ങളാരും സംഭാവന പിരിക്കരുതെന്ന അപേക്ഷ കൂടെ എനിക്കുണ്ട്

സഭയിലെ ജ്യേഷ്ഠ അച്ചായന്മാരോട് ഒരു വാക്ക്. എന്റെ രണ്ട് കിഡ്നികളും നഷ്ടപ്പെട്ടിട്ടും ക്യാൻസർ ബാധിച്ചിട്ടും മറ്റനേകം രോഗങ്ങളും 16 സർജറികളും നേരിട്ടിട്ടും ഉപദേശിയുടെ മകൻ ജീവിച്ചിരിക്കുന്നത് ദൈവപുത്രനായ ക്രിസ്തുവിന്റെ അത്ഭുത പുനരുത്ഥാന ശക്തിയിലാണ്. അക്കാര്യം ദൈവം എനിക്ക് തന്ന ആത്മീകവും ഭൗതീകവുമായ കഴിവുകൊണ്ട് പ്രചരിപ്പിക്കാൻ എന്നെ അനുവദിക്കൂ. നിസാര കാര്യങ്ങളെ ചൊല്ലിയുള്ള വൃഥാ വ്യയങ്ങൾ ഒഴിവാക്കുന്നതല്ലേ നമുക്കെല്ലാവർക്കും നല്ലത്.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ
ഉപദേശിയുടെ മകൻ –
ജോർജ് മത്തായി സി.പി.എ.


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys
script infow@ys
Your Web Partner
Perumbavoor Trade Center,
KSRTC Road, Perumbavoor, Ernakulam.
Phone: 0484-2592312. Mob: 96450 92312
Email: works@scriptinfoways.com

# ഐ.പി.സി ഭരണഘടന അട്ടിമറിക്കാൻ ശ്രമം

ലോകരാഷ്ട്രങ്ങൾ പോലും ഭരണഘടന ഭേദഗതി ചെയ്യാറുണ്ട്. അതുകൊണ്ട് ഐ.പി.സിയുടെ ഭരണഘടന ഭേദഗതി ചെയ്യുന്നതു തെറ്റാണെന്നു പറയാനാവില്ല. കാലം മാറുന്നതനുസരിച്ച് ഉചിതമായ ഭേദഗതികൾ വരുത്തിയില്ലെങ്കിൽ ഐ.പി.സിയുടെ ഭരണം ശരിയായ നിലയിൽ മുൻപോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകും എന്നതും ശരിതന്നെ. പക്ഷേ ഭരണഘടനാ ഭേദഗതിയിലൂടെ നൻമയുണ്ടാകണം, മേൻമയുണ്ടാകണം.

ഏകാധിപതികൾ ഭരണം നടത്തുന്ന രാഷ്ട്രങ്ങളിൽ നടക്കുന്ന ഭരണഘടനാഭേദഗതി പോലെ ആകരുത് ഐ.പി.സിയുടെ ഭരണഘടന ഭേദഗതി ചെയ്യുന്നത്. ഏകാധിപതികൾ തങ്ങളുടെ അധികാരങ്ങൾ വർദ്ധിപ്പിക്കാനും ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കാനുമായി ഭരണഘടനകൾ ഭേദഗതി ചെയ്യുന്നു. പക്ഷേ ജനാധിപത്യ രാഷ്ട്രങ്ങളിൽ ജനാധിപത്യം ശക്തിപ്പെടുത്താൻ ഉതകുന്ന ഭരണഘടനാ ഭേദഗതികളാകും നടത്തുക. ഏതാനും വർഷം മുൻപു നിലവിൽ വന്ന വിവരാവകാശ നിയമം തന്നെ ഉദാഹരണം. പൊതുതാല്പര്യമുള്ള ഏതു വിഷയത്തെക്കുറിച്ചും ആധികാരികമായ വിവരം ലഭിക്കാൻ ഈ നിയമം സഹായകമാകുന്നു. ഈ വിധത്തിലാകണം ഐ.പി.സിയുടെ ഭരണഘടന ഭേദഗതി ചെയ്യുന്നതും.

ഇത്രയും കാര്യങ്ങൾ മുഖവുരയായി പറയാൻ കാരണമുണ്ട്. ഐ.പി.സി എന്നതു ദൈവസഭയാണെന്നും ഐ.പി.സിയുടെ നേതാക്കൻമാർ അഭിഷിക്തരാണെന്നും അഭിഷിക്തരെ ചോദ്യം ചെയ്താൽ നേരേ നരകത്തിലേക്കു പോകുമെന്നും ധരിച്ചുവശായിരിക്കുന്നവർ ഐ.പി.സിയിൽ ഏറെയുണ്ട്. അങ്ങനെയുള്ളവർ എന്തു ഭേദഗതിയും തലകുലുക്കി സമ്മതിക്കും. നേതാക്കൻമാരുടെ ഇംഗിതം വലിയ ബുദ്ധിമുട്ടു കൂടാതെ സാധിച്ചെടുക്കുകയും ചെയ്യും. ഈ അപകടം ഒഴിവാക്കാൻ ചില വസ്തുതകൾ ഐ.പി.സിയിലെ വിശ്വാസികൾ അറിയണം. ഐ.പി.സി എന്നത് ദൈവസഭയല്ല ഒരു ചാരിറ്റബിൾ സൊസൈറ്റി മാത്രമാണ്. ദൈവസഭ സ്ഥാപിക്കപ്പെട്ടത് പെന്തക്കോസ്ത് നാളിലാണ്. പക്ഷേ ഐ.പി.സി സ്ഥാപിക്കപ്പെട്ടത് 1935ൽ മാത്രമാണ്. വിശ്വാസി, ലോക്കൽ സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ. ഐ.പി.സി പോലുള്ള സംഘടനകൾ മനുഷ്യനിർമ്മിതമാണ്. അതുകൊണ്ട് ഈ സംഘടനകളുടെ നേതാക്കൾക്ക് ദൈവീക അധികാരങ്ങൾ ഒന്നുമില്ല. ഇവരെ ചോദ്യം ചെയ്തതുകൊണ്ട് നരകത്തിൽ പോകുകയുമില്ല. ഈ വസ്തുതകൾ മനസ്സിൽ വച്ചുകൊണ്ടു വേണം ഐ.പി.സി ഭരണഘടനയെ വിലയിരുത്താൻ.

ഐ.പി.സി ഭരണഘടനയിൽ എന്തൊക്കെ ഭേദഗതികളാണു വരുത്താൻ ഉദ്ദേശിക്കുന്നത്? വ്യക്തമായ മറുപടി പറയാറായിട്ടില്ല. എങ്കിലും ലഭിച്ച വിവരങ്ങൾ വച്ചു വിലയിരുത്തുമ്പോൾ താഴെ ട്രെന്റ് മനസ്സിലാക്കാം:

1. അധികാരത്തിലുള്ളവരുടെ അധികാരം നഷ്ടപ്പെടാതിരിക്കാനുള്ള വകുപ്പുകൾ കൂട്ടിച്ചേർക്കും.
2. അധികാരികൾക്കു കൂടുതൽ അധികാരങ്ങൾ ലഭിക്കാൻ ആവശ്യമായതൊക്കെ ചെയ്യും.
3. അധികാരികളുടെ കാലാവധി വർദ്ധിപ്പിക്കും.
4. വിശ്വാസികളുടെ അധികാരങ്ങളും അവകാശങ്ങളും കവർന്നെടുക്കും.
5. പട്ടണ സഭകളോടു കൂടുതൽ അടുക്കുന്ന ഭേദഗതികളാകും കൊണ്ടുവരിക.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

1. കാലാവധി അഞ്ചു വർഷമാക്കാൻ ആലോചനയുണ്ട്. അതിനു പറയുന്ന കാരണം: തെരഞ്ഞെടുപ്പു കഴിഞ്ഞുള്ള ആദ്യ വർഷം വിദ്വേഷത്തിന്റേതാകും. ജയിച്ചവരും തോറ്റവരും തമ്മിലുള്ള പ്രശ്നങ്ങളും തെരഞ്ഞെടുപ്പു കാലത്തുണ്ടായ മുറിവുകളും ആദ്യ വർഷത്തെ ഭരണത്തെ ബാധിക്കും. മൂന്നാം വർഷം എന്നത് അടുത്ത തെരഞ്ഞെടുപ്പിനുള്ള ഒരുക്കത്തിന്റെ വർഷമാണ്. ചുരുക്കത്തിൽ രണ്ടാം വർഷം മാത്രമേ മന:സമാധാനത്തോടെ ഭരിക്കാൻ കഴിയൂ. കാലാവധി അഞ്ചു വർഷമാക്കിയാൽ ഇടയിലുള്ള മൂന്നു വർഷം ഭരിക്കാം. സംഗതി നല്ലതാണെന്നു തോന്നുമെങ്കിലും അധികാരത്തിലെത്തുന്ന നീചനെ അഞ്ചു വർഷം ചുമക്കേണ്ട ഗതികേടിൽ വിശ്വാസികൾ എത്തിച്ചേരുമെന്നതാണു പ്രധാന ദോഷം. അതുകൊണ്ട് നന്നായി ആലോചിച്ചിട്ടു മതി ഈ തരത്തിലൊരു ഭേദഗതി.
2. ഫുൾടൈം പാസ്റ്റർമാർക്കു മാത്രമേ അധികാരസ്ഥാനങ്ങളിൽ ഇരിക്കാൻ അർഹതയുള്ളൂ എന്നു വരുത്താനാണ് ആലോചന. അമേരിക്കയിലും ഗൾഫിലും മറ്റും ജോലിയോടൊപ്പം ദൈവവേല ചെയ്യുന്നവരെ അധികാരസ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കാനാണ് ഈ തന്ത്രം പ്രയോഗിക്കുന്നത്. പക്ഷേ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായ പവ്വർ വിഷന്റെ ചെയർമാനും ഈ നിയമം ബാധകമാകും എന്നറിയുന്നതോടെ ഭേദഗതി ചുരുട്ടി ചേരേൽ വയ്ക്കും. അല്ലെങ്കിൽ, പ്രതിഫലം പറ്റാത്ത ജോലികൾ ജോലികളായി പരിഗണിക്കയില്ല എന്നൊരു വകുപ്പു കൂടി എഴുതിച്ചേർക്കും. കാരണവർക്ക് എന്തും ആകാമല്ലോ.
3. ഇലക്ഷനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രം ഭേദഗതി വരുത്തിയാൽ മതി എന്ന നിർദ്ദേശമാണു മറ്റൊന്ന്. നേതാക്കൻമാരുടെ അധികാരം അരക്കിട്ടുറപ്പിക്കാൻ സഹായകമായ ഭേദഗതികൾ വരുത്തുകയാണു ലക്ഷ്യം.
4. വിശ്വാസികളുടെ പ്രാതിനിധ്യം കുറയ്ക്കാനാണ് നീക്കം. 50 വിശ്വാസികളെങ്കിലും ഉള്ള സഭയിൽ നിന്നു മാത്രമേ വിശ്വാസികളുടെ പ്രതിനിധിയെ അയയ്ക്കാവൂ എന്നാക്കാനാണ് ആലോചന. 50 മുതൽ 300 വരെ അംഗങ്ങൾക്ക് ഒരു പ്രതിനിധി എന്നാക്കിയാൽ നിലവിലുള്ള പ്രാതിനിധ്യം അഞ്ചിൽ ഒന്നായി ചുരുങ്ങും. നല്ലൊരുപങ്കു സഭകളിലെ വിശ്വാസികൾക്കും പ്രാതിനിധ്യം ലഭിക്കയുമില്ല. വിശ്വാസികളുടെ അധികാരങ്ങൾ കവർന്നെടുക്കാനുള്ള ഈ നീക്കം ഗുരുതരമായ പ്രശ്നങ്ങൾക്കു കാരണമാകും.
5. അധികാരസ്ഥാനങ്ങളിൽ എത്താനുള്ള പ്രായപരിധിയും മറ്റും വർദ്ധിപ്പിക്കാനും നീക്കമുണ്ട്. പുതിയ ശിഷ്യൻമാർ അധികാരത്തിലെത്തുന്നതു തടയാൻ ഇതു സഹായകമാകും എന്നതിനു സംശയമില്ല.
6. സെന്റർ, ഏരിയ തുടങ്ങിയവയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന അവ്യക്തതകൾ മാറ്റണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ചില സെന്ററുകളിൽ ഒന്നിലധികം സെന്റർ പാസ്റ്റർമാരുണ്ട്. ചില സ്ഥലങ്ങളിൽ അസിസ്റ്റന്റുമാരുമുണ്ട്. കുടുംബവാഴ്ച നിലനിൽക്കുന്ന സെന്ററുകളും ഏറെയുണ്ട്. അപ്പൻ മരിച്ചാൽ മകൻ സെന്റർ പാസ്റ്ററാകുന്നു. ഭൂരിപക്ഷം സെന്റർ പാസ്റ്റർമാരും തങ്ങളുടെ സെന്റർ കുത്തകയാക്കി വച്ചുകൊണ്ടിരിക്കുന്നു. ഏരിയ എന്നതുമായി ബന്ധപ്പെട്ടും പ്രശ്നങ്ങളും അവ്യക്തതകളുമുണ്ട്. സ്പോൺസർ മിനിസ്റ്റർ, സ്പോൺസർ ഡയറക്ടർ, മിഷൻ ഡയറക്ടർ തുടങ്ങിയ സൈമണി പോസ്റ്റുകൾ ഇപ്പോൾത്തന്നെ വിവാദങ്ങൾക്കു വഴിവച്ചു കഴിഞ്ഞു. ഇതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞാൽ അതു നേട്ടമാകും.
7. തെരഞ്ഞെടുപ്പു രീതി പരിഷ്ക്കരിക്കണമെന്ന നിർദ്ദേശം നല്ലതുതന്നെ. കടിപിടി ഒഴിവാക്കാനുള്ള മാർഗ്ഗം ആലോചിക്കണം. ഗ്രൂപ്പ് യോഗങ്ങൾ പാടില്ല എന്നാണു ചിലരുടെ വാദം. നോട്ടീസ് ഇറക്കാം, പക്ഷേ എസ്.എം.എസ് പാടില്ല എന്നു പറയുന്നവരുമുണ്ട്. എന്തൊക്കെ ഭേദഗതി വരുത്തിയാലും അതു വിശ്വാസികളുടെ ആത്മീക വർദ്ധനയ്ക്ക് ഉതകിയാൽ നന്ന്.

# തമ്പിയുടെ കണക്കും ഡാളസിലെ കണക്കും

കോലഞ്ചേരി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ.ബി.എഫ് പാസ്സായ റ്റി.എ. തമ്പി (ഐ.പി.സി., നേര്യമംഗലം ഏരിയ) 2008 ആഗസ്റ്റ് 23 മുതൽ 2009 ഡിസംബർ 31 വരെ പാസ്റ്റർമാർക്കു വിദേശത്തുനിന്നുള്ള സപ്പോർട്ടായി 6,28,500 രൂപ കൊടുത്തതായി കഴിഞ്ഞലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. എവിടെനിന്നാണ് ഈ പണം ലഭിച്ചതെന്നറിയാൻ ഡിഫെൻഡർ ചില അന്വേഷണങ്ങളൊക്കെ നടത്തി. വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ വിവരം ലഭിക്കയും ചെയ്തു.

ഡാളസ്സിലുള്ള ഐ.പി.സി ഹെബ്രോൻ സഭയാണു തമ്പിക്കു പണം കൊടുക്കുന്നത്. മറ്റെവിടെയെങ്കിലും നിന്നു പണം കിട്ടുന്നുണ്ടോ എന്ന് അറിഞ്ഞുകൂടാ. ഹെബ്രോന്റെ ലിസ്റ്റിലുള്ള പാസ്റ്റർമാരുടെ എണ്ണം തമ്പി ഉൾപ്പെടെ 21. അവരുടെ പേരും മറ്റും http://www.ipchebron.org/missionscontd.html എന്ന വെബ് പേജിലുണ്ട്. പക്ഷേ തമ്പിയുടെ കണക്കനുസരിച്ച് തമ്പി ഉൾപ്പെടെ 15 ആളുകൾ മാത്രമേയുള്ളൂ. വിശദീകരിക്കാം. തമ്പിയുടെ കണക്കിലുള്ള പാസ്റ്റർമാർ:

Pastor T A Thampi
Evg. Ciby Mathew
Pastor Sabu George
Pastor Chacko Abraham
Pastor A C Cherian
Pastor Varghese
Evg. Jose Varghese
Pastor Valson Peter
Evg. Joseph V P
Evg. Saju N Poulose
Evg. Cinto Varghese
Evg. Sajan Mathew
Pastor K O Mathew
Evg. Jose Varghese

ഇവർ 14 പേരും ഡാളസ്സിലെ ലിസ്റ്റിലുണ്ട്. പക്ഷേ ഡാളസ്സിലെ ലിസ്റ്റിൽ ഇല്ലാത്ത N.J.Tomichan എന്നൊരു പാസ്റ്റർ തമ്പിയുടെ ലിസ്റ്റിലുണ്ട്. ഇനി ഡാളസ്സിലെ ലിസ്റ്റിൽ ഉള്ളതും തമ്പിയുടെ ലിസ്റ്റിൽ ഇല്ലാത്തതുമായ പാസ്റ്റർമാരുടെ പേരുവിവരം:

Pastor Saju C Joseph
Pastor Issac E S
Pastor A A Varghese
Pastor C M Varghese
Pastor John
Evg. Biju O J
Evg. Manesh Kumar

ഡാളസ്സിലെ ലിസ്റ്റിൽ ഇവർ ഏഴു പേർ കൂടി ഉണ്ട്. ഇവർക്കുള്ള സാമ്പത്തിക സഹായവും ഡാളസ്സിൽ നിന്നു കൊടുക്കുന്നുണ്ട് എന്നർത്ഥം. ഡാളസ്സിലെ ലിസ്റ്റിൽ ഇല്ലാത്ത ഒരാൾക്കു തമ്പി സഹായം നൽകുന്നുണ്ട്. അതുകൊണ്ട് കുറഞ്ഞപക്ഷം ആറു പേർക്കുള്ള സാമ്പത്തിക സഹായം കണക്കിൽ പെടാതെ പോകുന്നുണ്ട് എന്നു വ്യക്തം. മറ്റേതെങ്കിലും സ്ഥലത്തുനിന്ന് നേര്യമംഗലം ഏരിയയ്ക്കു സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെങ്കിൽ ആ തുക മുഴുവനും കണക്കിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു എന്നു പറയേണ്ടിവരും. ഐ.പി.സി കേരള സ്റ്റേറ്റ് നേതൃത്വം ഈ കണക്കുകൾ ഒന്നു പരിശോധിക്കണം.




# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ. വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

ലൈബ്രറി സി.ഡികൾ:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# ഗുഡ്ന്യൂസ് നിലപാടു വ്യക്തമാക്കണം



മെയ് 31ന് പുറത്തിറങ്ങിയ ഗുഡ്ന്യൂസിന്റെ 5-ാം പേജിൽ ടോണി ഡി.ചൊവ്വൂക്കാരൻ, സജി മത്തായി കാതേട്ട് എന്നിവർ എഴുതിയ ''സംഗീത ലോകത്ത് ഉന്നതിയുടെ പടവുകൾ കയറിയ ജോബി ജോൺ'' എന്നൊരു ലേഖനമുണ്ടായിരുന്നു. ഏഷ്യാനെറ്റിൽ സംപ്രേക്ഷണം ചെയ്യുന്ന ഐഡിയ സ്റ്റാർ സിംഗർ എന്ന പരിപാടിയിൽ മത്സരിക്കുന്ന ജോബി ജോൺ എന്ന യുവാവിനേക്കുറിച്ചാണ് ഒരു പേജിൽ അധികം നീളുന്ന ലേഖനത്തിൽ പറയുന്നത്.

ജോബി പെന്തക്കോസ്തുകാരനാണെന്നു ലേഖനത്തിൽ പറയുന്നു. അതു ശരിയാണെങ്കിൽ ഇതു വാർത്താപ്രാധാന്യമുള്ള വിഷയം തന്നെ. ജോബി ലോകമെങ്ങും അറിയപ്പെടുന്ന കലാകാരനാകുമെന്ന് ഒരു പാസ്റ്റർ പ്രവചിച്ചു എന്നു ലേഖനത്തിൽ കണ്ടു. ആ പ്രവചനം തിരുവചന വെളിച്ചത്തിൽ പഠനവിധേയമാക്കേണ്ടതാണ്. എങ്കിലും അതല്ല ഈ കുറിപ്പെഴുതാൻ കാരണം.

പെന്തക്കോസ്തുകാരനാണെന്നു പറയപ്പെടുന്ന ജോബി ജൂൺ 3, 9 എന്നീ തീയതികളിൽ പാടിയ പാട്ട് ആദ്യമായി കേൾക്കുക. അതിനുള്ള മാർഗ്ഗം: www.ideastarsingerseason4.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഈ സൈറ്റിൽ Joby John എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. ജൂൺ 3, 9 എന്നീ തീയതികളിൽ ജോബി പാടിയ പാട്ടുകൾ ഇവിടെ കേൾക്കാം.

ജൂൺ 3ന് പാടിയത് നന്ദനം എന്ന സിനിമയിലുള്ള ഒരു പാട്ടാണ്. കൃഷ്ണനോടുള്ള ഒരു പ്രാർത്ഥനയാണ് ഈ പാട്ട്. നിലവിളക്കു കത്തിച്ചുവച്ച് ജോബി ''കൃഷ്ണാ നീ വേഗനേ വാരോ'' എന്നു പാടുന്നു. സെമി ക്ലാസിക്കൽ ഡാൻസ് സോംഗ് ആയിരിക്കണമെന്ന നിബന്ധന മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും ജോബിക്ക് കൃഷ്ണനെ സ്തുതിക്കാനാണു തോന്നിയത്.

ജൂൺ 9ന് പരമശിവനെയാണ് ജോബി സ്തുതിക്കുന്നത്. പാടാൻ ബുദ്ധിമുട്ടുള്ള പാട്ടു പാടണം എന്നതു മാത്രമായിരുന്നു നിബന്ധന. മതവുമായി ബന്ധമില്ലാത്ത പാട്ടു പാടുന്നതിനു തടസ്സമില്ലായിരുന്നു. എന്നിട്ടും ജോബി പാടിയത് അന്ന എന്ന സിനിമയിൽ നിന്നുള്ളതും ശിവനെ സ്തുതിക്കുന്നതുമായ ഗാനമാണ്. ഒരാഴ്ചയ്ക്കുള്ളിൽ ജോബി പാടിയ രണ്ടു പാട്ടുകളും ഹൈന്ദവ ദൈവങ്ങളെ സ്തുതിക്കുന്നതാണെന്നു ചുരുക്കം.

ഗുഡ്ന്യൂസിൽ ജോബിയെക്കുറിച്ച് എന്തിനെഴുതി? അതിനുള്ള കാരണം ആ ലേഖനത്തിൽ തന്നെയുണ്ട്: ''പാടുമ്പോൾ വിടുതലുണ്ടാകുന്ന, ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന ഒരു ഗായകനായി മാറണമെന്നാണ് എന്റെ ആഗ്രഹം, ജോബി പറഞ്ഞുനിർത്തി. ജോബിയുടെ ആഗ്രഹം ഫലവത്താകണമെങ്കിൽ പ്രാർത്ഥനയുടെ കരങ്ങളിൽ നാം ഈ ചെറുപ്പക്കാരനെ വഹിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം കലവറയില്ലാത്ത സഹകരണങ്ങളും പ്രോത്സാഹനങ്ങളും ചൊരിയേണ്ടിയിരിക്കുന്നു.''

ചൊരിയാം. അതിനു മുൻപ് ചില കാര്യങ്ങൾ അറിയണമെന്നുണ്ട്:

1. ജോബി വീണ്ടും ജനനം പ്രാപിച്ചവനും വിശ്വാസസ്നാനം സ്വീകരിച്ചവനുമാണോ? ആണെങ്കിൽ ആരാണ് ജോബിയുടെ പാസ്റ്റർ? അന്യദൈവാരാധന എന്നത് ഏറ്റവും വലിയ പാപങ്ങളിൽ ഒന്നാണെന്ന് ഈ പാസ്റ്റർ ജോബിയെ പഠിപ്പിക്കാത്തതെന്ത്? അതോ പഠിപ്പിച്ചിട്ടും അനുസരിക്കാത്തതാണോ?
2. ജോബിക്കു വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ട ലേഖകരും ഗുഡ്ന്യൂസും ഈ വിഷയത്തിൽ എന്തു നിലപാടു സ്വീകരിക്കും? അന്യദൈവങ്ങളെ സ്തിച്ചിട്ടായാലും വേണ്ടില്ല ജോബി ജയിച്ചാൽ മതി എന്നു പറയുമോ? അതോ ജയിച്ചാലും ഇല്ലെങ്കിലും അന്യദൈവങ്ങളെ സ്തുതിക്കരുത് എന്നു പറയുമോ? മറുപടി പറയാൻ ദയവുണ്ടാകണം.

# സിനിമ പ്രശ്നം: കൗൺസിൽ 15ന്

'ഉപദേശിയുടെ മകൻ' എന്ന സിനിമയുമായി ബന്ധപ്പെട്ട് ഐ.പി.സിയിൽ ഉണ്ടായിരിക്കുന്ന വിവാദങ്ങൾ ചർച്ച ചെയ്യാൻ കേരള സ്റ്റേറ്റ് കൗൺസിൽ ജൂൺ 15ന് കുമ്പനാട്ടു ചേരുകയാണ്. ഈ ലക്കം ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തുന്നതിനു മുൻപ് കൗൺസിൽ കഴിഞ്ഞിരിക്കും. ജൂൺ 14ന് ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുകൊണ്ട് കൗൺസിൽ മീറ്റിംഗിൽ നടക്കുന്ന ചർച്ചകൾ, അന്തിമ തീരുമാനം തുടങ്ങിയവയ്ക്കുറിച്ച് പറയാനാകില്ല.

ഐ.പി.സി ജനറൽ കൗൺസിൽ അംഗമായ ജോർജ് മത്തായി സ്വന്തം ജീവിതാനുഭവങ്ങളെ ആധാരമാക്കി എഴുതിയ പുസ്തകമാണ് ഈ സിനിമയ്ക്ക് ആധാരം. സിനിമ നിർമ്മിച്ചതും ജോർജ് മത്തായി തന്നെ. ഈ സിനിമയുടെ പ്രിവ്യൂ കാണാൻ ഐ.പി.സിയിലെ സെന്റർ പാസ്റ്ററായ വർഗീസ് മത്തായി, വെറും പാസ്റ്ററായ സി.പി.മോനായി, ചില കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരൊക്കെ തിയേറ്ററിൽ പോയിരുന്നു. ഈ വാർത്ത ഡിഫെൻഡർ കൊട്ടിഘോഷിച്ചതോടെ റ്റി.എസ്. ഏബ്രഹാമും മറ്റു നാലു സീനിയർ ശുശ്രൂഷകൻമാരും കത്തിലൂടെ പ്രതികരിക്കയാണുണ്ടായത്. ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിലും ജനറൽ കൗൺസിലും പ്രശ്നത്തിൽ ഇടപെടണമെന്നായിരുന്നു ടി.എസ്.ഏബ്രഹാമും കൂട്ടരും ആവശ്യപ്പെട്ടത്. സംഭവം ഇത്രയധികം വിവാദമായതിനാൽ കൗൺസിലിന് ഇടപെടാതിരിക്കാനാവില്ല. കഴിഞ്ഞയാഴ്ച നടന്ന ശുശ്രൂഷക സമ്മേളനത്തിലും ഈ പ്രശ്നം ചൂടേറിയ ചർച്ചകൾക്കു വഴിവച്ചു.

# ചുങ്കപ്പാറ: തള്ളിപ്പറയൽ വിനയായി

ചുങ്കപ്പാറ പ്രശ്നത്തിൽ അറസ്റ്റിലായ എല്ലാ പ്രതികൾക്കും ജാമ്യം ലഭിച്ചതോടെ പ്രശ്നം അവസാനിച്ചു എന്നാണു മിക്കവരുടേയും ധാരണ. എന്നാൽ ഇനിയും ഏറെ കടമ്പകൾ കടക്കാനുണ്ട് എന്നതാണു വസ്തുത.

1. കേസ്സിന്റെ അന്വേഷണം പൂർത്തിയായാൽ കോടതിയിൽ ചാർജ് കൊടുക്കുക എന്നതാണ് സാധാരണ രീതി. പക്ഷേ ഈ കേസ്സിൽ പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ള വകുപ്പുകൾ പ്രകാരമുള്ള ചീർജ് ഷീറ്റ് കോടതിയിൽ കൊടുക്കുന്നിനു മുൻപു സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ലഭിക്കണം. ഈ അനുവാദം കിട്ടാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുക സ്വാഭാവികം. അതുകൊണ്ട് വേണ്ടപ്പെട്ടവർ പ്രത്യേത താല്പര്യമെടുത്തു കേസ്സിന്റെ പിന്നാലെ നടന്നാൽ മാത്രമേ കാലതാമസം ഒഴിവാക്കാനാവൂ.
2. കേസ്സിൽ കൂടുതൽ പ്രതികൾ ഉണ്ടാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. ഗ്രന്ഥകർത്താവിന്റെ ഒരു ബന്ധുവിനെ പ്രതിപ്പട്ടികയിൽ ചേർത്തു കഴിഞ്ഞതായി വാർത്ത പരന്നിട്ടുമുണ്ട്. അങ്ങനെയെങ്കിൽ കേസ്സ് ഇനിയും നീളും.
3. ചാർജ് ഷീറ്റ് കൊടുത്തു കഴിഞ്ഞാലും ഉടൻ വിചാരണ തുടങ്ങണമെന്നില്ല. സാധാരണ ഗതിയിൽ രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞാകും വിചാരണ ആരംഭിക്കുക.
4. സാക്ഷികളുടെ വലിയ ഒരു നിര ഉണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ വിചാരണ ഏറെ നീളും.
5. വിധി പ്രതികൾക്ക് അനുകൂലമാണെങ്കിൽ വാദിഭാഗവും പ്രതികൾക്കു പ്രതികൂടമാണെങ്കിൽ പ്രതിഭാഗവും അപ്പീലുമായി മേൽക്കോടതിയെ സമീപിച്ചെന്നു വരാം. അങ്ങനെ കേസ്സ് സുപ്രീം കോടതി വരെ നീണ്ടേക്കാം. വർഷങ്ങൾ നീളുന്ന നിയമയുദ്ധത്തിന് ഇതു വഴിവയ്ക്കും.

പ്രശ്നങ്ങൾ കഴിയുന്നത്ര വേഗത്തിൽ, രമ്യമായി പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ ചിലർ ഈ ദിവസങ്ങളിൽ മന്ത്രിമാരേയും രാഷ്ട്രീയ നേതാക്കളേയും മറ്റും കാണുകയുണ്ടായി. പെന്തക്കോസ്ത് നേതാക്കൻമാർ ചെയ്ത ദ്രോഹത്തിന്റെ വ്യാപ്തി അപ്പോഴാണു വ്യക്തമായത്. ഈ പ്രശ്നത്തിനു പെന്തക്കോസ്ത് സഭകളുമായി ഒരു ബന്ധവുമില്ലെന്ന് മിക്ക പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും പരസ്യമായി പ്രഖ്യാപിച്ചിരുന്നു. പ്രതികളെ ശിക്ഷിക്കണമെന്നുവരെ ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി. ജോൺ പറഞ്ഞു. ഇതൊക്കെ പോലീസും സർക്കാരും രാഷ്ട്രീയക്കാരും മറ്റും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പെന്തക്കോസ്ത് സഭകളുമായി പ്രശ്നത്തിനു ബന്ധമില്ലെന്നു പറഞ്ഞിട്ട് ഇപ്പോൾ പെന്തക്കോസ്തിന്റെ പേരു പറഞ്ഞു വരുന്നതിന്റെ പൊരുളെന്ത് എന്നാണു മന്ത്രിമാരും മറ്റും ചോദിച്ചത്. ഈ ചോദ്യത്തിനു മറുപടി പറയാൻ നിവേദനവുമായി ചെന്നവർക്കു കഴിയാതെപോയി.

# ആ കള്ളൻ അനി ജോർജാണ്

ജൂൺ 1 ലക്കം ഹാലേലൂയ്യായുടെ മൂന്നാം പേജിൽ ''തോമസ് മാത്യു: ഒരു ഓർമ്മക്കുറിപ്പ്'' എന്നൊരു ലേഖനം സാംകുട്ടി ചാക്കോ എഴുതിയിരുന്നു. പത്തു വർഷം മുൻപ് ദുബായിൽ ഗൾഫ് മലയാളി പെന്തക്കോസ്ത് സംഗമം നടത്താൻ നേതൃത്വം വഹിച്ചത് തോമസ് മാത്യുവും വിൽസൻ ജോസഫുമായിരുന്നു. ഈ മീറ്റിംഗിൽ യോംഗിചോ പ്രസംഗിക്കുകയും ചെയ്തു. പക്ഷേ യോഗം കഴിഞ്ഞ് ഏറെ താമസിയാതെ തോമസ് മാത്യു രോഗിയായി, മരിച്ചു. ഈ സംഭവത്തേക്കുറിച്ച് സാംകുട്ടി പറയുന്നതിന്റെ ചുരുക്കം ഇതാണ്:

യോഗം കഴിഞ്ഞപ്പോൾ ഒരു പ്രവാചകൻ തോമസ് മാത്യുവിനോട് ഇപ്രകാരം പ്രവചിച്ചു: ''മകനേ, നീ ഉടൻ ജോലി രാജി വയ്ക്കുക. ഞാൻ നിനക്കു സ്വന്തമായി ഒരു മൾട്ടി നാഷണൽ ബിസിനസ്സ് തരാൻ പോകുന്നു.'' ഗൾഫ് സംഗമം നടത്തിയതിന്റെ പ്രതിഫലമാണു ദൈവം നൽകാൻ പോകുന്നതെന്ന ധാരണയിൽ തോമസ് മാത്യു ഗൾഫ് ന്യൂസിലെ ജോലി രാജി വച്ചു. പക്ഷേ താൻ ഒരു മാറാരോഗിയായിക്കഴിഞ്ഞു എന്ന വസ്തുത ആയിടയ്ക്കാണു തോമസ് മാത്യു അറിഞ്ഞത്. ഗൾഫ് ന്യൂസിൽ നിന്നു രാജി വച്ചിരുന്നില്ലെങ്കിൽ ചികിത്സാച്ചെലവുകളും മറ്റും ആ സ്ഥാപനം വഹിക്കുമായിരുന്നു. പ്രവാചകന്റെ വാക്കു വിശ്വസിച്ചു ജോലി രാജി വെച്ചതുകൊണ്ട് ചികിത്സാച്ചെലവും സ്വന്തം പോക്കറ്റിൽ നിന്ന് എടുക്കേണ്ടതായി വന്നു. ഒടുവിൽ നാലു ലക്ഷത്തോളം രൂപ കടം അവശേഷിപ്പിച്ചുകൊണ്ട് തോമസ് മാത്യു മരിച്ചു. ഈ കഥയാണു സാംകുട്ടി പറഞ്ഞത്.

ഇത്രയും അറിഞ്ഞു കഴിയുമ്പോൾ ആരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: ''കള്ളപ്രവചനം പറഞ്ഞ് തോമസ് മാത്യുവിനെ കുഴിയിൽ ചാടിച്ച ആ നീചൻ ആരാണ്?'' ഈ ചോദ്യത്തിനു മറുപടി പറയാതെയാണ് സാംകുട്ടി ലേഖനം അവസാനിപ്പിച്ചത്. സാംകുട്ടി പറയാൻ ബാക്കിവച്ച ആ ഉത്തരം ഡിഫെൻഡർ പറയാം:



അനി ജോർജ്

അനി ജോർജാണ് ആ കള്ളപ്രവാചകൻ. ഈ നീചനാണ് കള്ളപ്രവചനം പറഞ്ഞ് തോമസ് മാത്യുവിനെ വഴിയാധാരമാക്കിയത്. ഇയാളേക്കുറിച്ചു ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. കൂടുതൽ വിവരങ്ങൾക്ക് നോക്കുക: http://tsbalan.com/archive.html

അനി ജോർജ് എന്തിന് ഇത്തരമൊരു കള്ളപ്രവചനം പറഞ്ഞു? അതിനുള്ള ഉത്തരം സാംകുട്ടി തന്നെ പറയുന്നുണ്ട്. ഉത്സാഹിയായ തോമസ് മാത്യു സ്വന്തം ബിസിനസ്സ് തുടങ്ങിയാൽ വിജയിക്കുമെന്ന് അനി ജോർജിന് അറിയാമായിരുന്നു. അനി ജോർജിന്റെ പ്രവചനം അനുസരിച്ചു ബിസിനസ്സ് തുടങ്ങി വിജയിച്ചാൽ അതു മൂലം അനി ജോർജിന് ഉണ്ടാകുന്ന മേൻമ എന്തെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പക്ഷേ ഏതാനും മാസം കൂടി മാത്രമേ തോമസ് മാത്യുവിന് ആയുസ്സുള്ളൂ എന്നു കാണുവാൻ അനി ജോർജിന്റെ മേലുള്ള ആത്മാവിനു കഴിഞ്ഞില്ല. അങ്ങനെ ആ കുടുംബത്തെ ഈ ദുഷ്ടൻ കള്ളപ്രവചനത്തിലൂടെ വഴിയാധാരമാക്കി. എന്നിട്ടും ഈ സർപ്പസന്തതിക്കു മതിയായിട്ടില്ല. ഇപ്പോഴും കള്ളപ്രവചനം പറഞ്ഞു ജനവഞ്ചന നടത്തി വിലസുകയാണീ ദുഷ്ടൻ.



# ചുമ്മാഡോകളുടെ ശ്രദ്ധക്ക്

പെന്തക്കോസ്തിൽ ചുമ്മാഡോകളുടെ അയ്യരുകളിയാണ്. മറ്റൊരു സമുദായത്തിലും ഇത്രയധികം ചുമ്മാഡോകളെ കണ്ടെത്താനാവില്ല. കെ.സി.ജോൺ, എം.എ.വർഗീസ്, ബാബു ജോർജ് തുടങ്ങി സകല അണ്ടനും അടകോടനും ഡോയായി വിലസുകയാണ്. ഇതേപ്പറ്റി ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുമുണ്ട്. പക്ഷേ ഈ വിഷയം ഇപ്പോൾ വീണ്ടും പറയാൻ കാരണമുണ്ട്. ഈയിടെ ഒരാൾ എനിക്ക് നമ്മുടെ പ്രധാനമന്ത്രിയുടെ ബയോഡേറ്റാ ഈമെയിലിൽ അയച്ചുതന്നു. അതു വായിച്ചിട്ട് എനിക്കു വിശ്വാസം വന്നില്ല. അതുകൊണ്ട് രാജ്യസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചു. രാജ്യസഭാംഗവും ഇന്ത്യൻ പ്രധാനമന്ത്രിയുമായ ഡോ.മൻമോഹൻ സിംഗിന്റെ ബയോഡേറ്റ ഇങ്ങനെ:

(http://164.100.24.167:8080/members/biodata.asp?no=2)

**Educational Qualifications:** M.A. (Economics), Panjab University, Chandigarh, First Class with first position in the University, Economics Tripos (First Class Honours), University of Cambridge, U.K., D.Phil, Nuffield College, University of Oxford, U.K.

**Positions Held:**

1971-72 Economic Advisor, Ministry of Foreign Trade, India 1972-76 Chief Economic Advisor, Ministry of Finance, India 1976-80 Director, Reserve Bank of India Director, Industrial Development Bank of India Alternate Governor for India, Board of Governors, Asian Development Bank, Manila Alternate Governor for India, Board of Governors, I.B.R.D. Nov. 1976 - April 1980 Secretary, Ministry of Finance (Department of Economic Affairs), Government of India Member, Finance, Atomic Energy Commission, Government of India Member, Finance, Space Commission, Government of India April 1980-15 Sept. 1982 Member-Secretary, Planning Commission 1980-83 Chairman, India Committee of the Indo-Japan Joint Study Committee 16 Sept. 1982-14 Jan. 1985 Governor, Reserve Bank of India 1982-85 Alternate Governor for India, Board of Governors, I.M.F. 1983-84 Member, Economic Advisory Council to the Prime Minister 1985 President, Indian Economic Association 15 Jan. 1985-31 July 1987 Deputy Chairman, Planning Commission 1 Aug. 1987-10 Nov. 1990 Secretary-General and Commissioner, South Commission, Geneva 10 Dec. 1990-14 March 1991 Advisor to the Prime Minister of India on Economic Affairs 15 March 1991-20 June 1991 Chairman, U.G.C. 21 June 1991-15 May 1996 Union Finance Minister Oct. 1991 Elected to Rajya Sabha 1991-95 Governor for India on the Board of Governors of the I.M.F. and the International Bank for Reconstruction and Development June 1995 Re-elected to Rajya Sabha 1996 - May 2004 Member, Consultative Committee for the Ministry of Finance 1 Aug. 1996 - 4 Dec. 1997 Chairman, Parliamentary Standing Committee on Commerce 21 March 1998 - 21 May 2004 Leader of the Opposition, Rajya Sabha 5 June 1998 - Feb. 2004 Member, Committee on Finance 13 Aug. 1998 - 21 May 2004 Member, Committee on Rules 13 Aug. 1998 - 2001. Member, Committee of Privileges 2000 - May 2004 Member, Executive Committee, Indian Parliamentary Group June 2001 Re-elected to Rajya Sabha Aug. 2001- May 2004. Member, General Purposes Committee and Aug. 2004 onwards.

**Books Published:**

Author of a book entitled "India's Export Trends and Prospects for Self-Sustained Growth" Clarendon Press, Oxford University, 1964; also published a large number of articles in various economic journals Social and Cultural Activities, Literary, Artistic and Scientific Accomplishments and other Special Interests :

**Recipient of honorary degrees of** D. Litt. from Panjab University, Chandigarh, Guru Nanak University, Amritsar, Delhi University, Delhi, Sri Venkateshwara University, Tirupathi, Punjabi University, Patiala, University of Mysore, Mysore, University of Bologna, Italy, Kurukshetra University, Kurukshetra, Osmania University, Hyderabad, Nagarjuna University, Nagarjunanagar and Dr. Bhimrao Ambedkar University, Agra; recipient of honorary degree of (i) Doctor of Laws from University of Alberta, Edmonton, Canada, (ii) Doctor of Social Sciences from University of Roorkee, Roorkee, (iii) D.Sc. from Chaudhary Charan Singh Haryana Agricultural University, Hissar, (iv) Thapar Institute of Engineering and Technology, Patiala, (v) H.H. Kanchi Sri Parmacharya Award for Excellence, 1999 and (vi) Annasaheb Chirmule Award, 2000; Conferred, (i) University Medal for standing first in B.A.(Hons.), Economics, Panjab University, Chandigarh, 1952, (ii) Uttar Chand Kapur Medal, Panjab University, Chandigarh, for standing first in M.A.(Economics), 1954, (iii) Wright's Prize for distinguished performance at St. John's College, Cambridge, 1955 and 1957, (iv) Adam Smith Prize, University of Cambridge, U.K., 1956, (v) Padma Vibhushan, 1987, (vi) Euromoney Award, Finance Minister of the Year, 1993 (vii) Asiamoney Award, Finance Minister of the Year for Asia, 1993 and 1994, (viii) Jawaharlal Nehru Birth Centenary Award of the Indian Science Congress Association, 1994-95, (ix) Justice K.S. Hegde Foundation Award, 1996, (x) Nikkei Asia Prize for Regional Growth by the Nihon Keizai Shimbun, Inc. (N.I.K.K.E.I.), publisher of Japan's leading business daily,1997, (xi) Lokmanya Tilak Award by the Tilak Smarak Trust, Pune, 1997, (xii) Honorary Fellowship of AIIMS, 2005, (xiii) Honorary Degree by Oxford University, U.K., 2005, (xiv) "Professor Honoris Causa" by Moscow State University, 2005 and (xv) Honorary Doctorate by University of Cambridge, U.K., 2006

തീർന്നില്ല. പക്ഷേ സ്ഥലപരിമിതിമൂലം നിർത്തുന്നു. ചുമ്മാ ഡോകൾക്ക് ഇതു കണ്ടാലും നാണം തോന്നില്ലെന്നറിയാം. എങ്കിലും........

# പാവം പാവം മോനായി



മോനായിയുടെ കാര്യമോർത്താൽ ബഹു കഷ്ടമാണ്. അമേരിക്കയിലെ വിഡ്ഢികളെ കബളിപ്പിച്ചു നാലു പുത്തനുണ്ടാക്കാമെന്ന മോഹവുമായാണു മുന്നാം വട്ടവും അമേരിക്കയിലെത്തിയത്. പക്ഷേ മോനായി അമേരിക്കയിൽ ലാന്റ് ചെയ്യുന്നതിനു മുമ്പായി ഡിഫെൻഡർ വിവരമറിഞ്ഞു. ഡിഫെൻഡറിലൂടെ അമേരിക്കൻ വിശ്വാസികളും മോനായിയുടെ ആഗമനത്തേക്കുറിച്ചറിഞ്ഞു. മോനായിക്കു കഞ്ഞി വച്ചാൽ എന്തു സംഭവിക്കുമെന്നും മനസ്സിലായി. വെറുതെ പുലിവാലു പിടിക്കുന്നതെന്തിന്! അതുകൊണ്ട് മോനായിയെ വീട്ടിൽ സ്വീകരിക്കാൻ മിക്കവരും തയ്യാറായില്ല. പ്രോഗ്രാമിന്റെ കാര്യവും തഥൈവ. ഈ ലക്കം പ്രസ്സിൽ കൊടുക്കുമ്പോൾ കക്ഷി ഡാളസ്സിൽ വെറുതെ ഇരിക്കയാണ്.

# കെ.പി.മാത്യു ഡിഫെൻഡറിനു ജോലിയുണ്ടാക്കി വയ്ക്കരുത്

ഡാളസ്സിലുള്ള ഐ.പി.സി ടാബർനാക്കിൾ സഭയുടെ പാസ്റ്ററായ കെ.പി.മാത്യുവിന്റെ അടിയന്തിര ശ്രദ്ധയിൽ ചില കാര്യങ്ങൾ കൊണ്ടുവരുന്നതിനാണ് ഈ കുറിപ്പ്. കഴിയുന്നത്ര രഹസ്യമായി ഈ വിവരം അറിയിക്കണമെന്ന ഉദ്ദേശ്യത്തോടെ കെ.പി.മാത്യുവിന്റെ ഈമെയിൽ വിലാസം കണ്ടെത്താൻ ശ്രമിച്ചെങ്കിലും ആ ശ്രമം വിജയിച്ചില്ല. അതുകൊണ്ട് പരസ്യമായി എഴുതുകയാണ്.



പലവിധത്തിലുള്ള പ്രശ്നങ്ങളാൽ വലയുകയാണു ടാബർനാക്കിൾ സഭ. സഭായോഗങ്ങളും മറ്റു പ്രാർത്ഥനായോഗങ്ങളും ആത്മീയാന്തരീക്ഷത്തിലല്ല നടക്കുന്നത്. പ്രശ്നങ്ങൾ പലപ്പോഴും രൂക്ഷമാകുകയും ചെയ്യുന്നു. ഇത്തരം ഒരു സംഭവത്തേക്കുറിച്ച് ഡിഫെൻഡറിൽ ചില മാസങ്ങൾക്കു മുൻപ് എഴുതുകയും ചെയ്തു. ഇപ്പോഴും പ്രശ്നങ്ങൾ പരിഹാരമാകാതെ തുടരുന്നു.

പെന്തക്കോസ്ത് സഭകളിൽ പ്രശ്നങ്ങൾ ഉണ്ടാകുക സ്വാഭാവികം. വിശ്വാസികൾ ചേരി തിരിഞ്ഞു പോരാടും. പക്ഷേ കഴിവുള്ള പാസ്റ്റർക്ക് ഒരതിരോളമെങ്കിലും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അതിനു കഴിയുന്നില്ലെങ്കിൽ പാസ്റ്റർ ആ സഭ വിട്ടുപോകണം.

ടാബർനാക്കിളിലെ പ്രശ്നം അല്പംകൂടി ഗുരുതരമാണ്. പ്രശ്നങ്ങളിൽ നല്ലൊരു പങ്ക് പാസ്റ്റർ ഉണ്ടാക്കുന്നതാണ്. വലിയ ബുദ്ധിമുട്ടു കൂടാതെ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ പാസ്റ്റർ ഇടപെട്ടു വഷളാക്കുന്നു. വിഭജിച്ചു ഭരിക്കുക എന്ന ആ പഴയ തന്ത്രം പാസ്റ്റർ പയറ്റുന്നു. ഇത് അനുവദിക്കാനാവില്ല.

പ്രാദേശിക സഭകൾ ദൈവീകമാണെന്ന നിലപാടാണു ഡിഫെൻഡറിനുള്ളത്. പ്രാദേശിക സഭകളിലെ പ്രശ്നങ്ങൾ ദൈവസഭയ്ക്കു ദോഷം ചെയ്യും അതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പാസ്റ്റർക്ക് ജൂൺ 26 വരെ സമയം തരുന്നു. (കൂടുതൽ സമയം വേണമെങ്കിൽ ഈമെയിലിൽ അറിയിക്കുക). നിശ്ചിത സമയത്തിനകം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ പാസ്റ്റർ രാജിവച്ചു പുറത്തുപോകണം. കഴിവുള്ള പാസ്റ്റർ ചാർജെടുക്കട്ടെ.

# നുരയും പതയും കുറെ നുണയും

ഈ മാസം 7ന് ഉച്ച കഴിഞ്ഞ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ കമ്പ്യൂട്ടറിൽ ഒരു ലേഖനം ടൈപ്പ് ചെയ്യുന്നതിനിടയിൽ അമേരിക്കയിൽ നിന്ന് ഒരു ഫോൺ വന്നു. എനിക്ക് എങ്ങനെയുണ്ടെന്നറിയാനായിരുന്നു വിളിച്ചത്. ഞാൻ സുഖമായിരിക്കുന്നു എന്നും സ്ഥിരമായുള്ള പ്രമേഹപ്രശ്നമല്ലാതെ കുഴപ്പമൊന്നുമില്ലെന്നും ഞാൻ മറുപടി കൊടുത്തു. പക്ഷേ എന്റെ മറുപടി ആ സഹോദരനു വിശ്വാസ്യമായിത്തോന്നിയില്ല. കാരണവും അദ്ദേഹം വിശദീകരിച്ചു: ടി.എസ്. ബാലനെ പോലീസ് അറസ്റ്റ് ചെയ്തെന്നും ബാലൻ ബോധം കെട്ടു വീണെന്നും വായിൽ നിന്നു നുരയും പതയും വന്നെന്നും മറ്റുമാണ് ഇദ്ദേഹം കേട്ടത്. പോലീസ് എന്നെ ആശുപത്രിയിലാക്കിയിരിക്കയാണത്രേ. എന്റെ കമ്പ്യൂട്ടറും മറ്റും പോലീസ് തല്ലിത്തകർത്തെന്നും വാർത്തയുണ്ടത്രേ. ഇതെല്ലാം കേട്ടു ഞാൻ അത്ഭുതപ്പെട്ടുപോയി. എന്താണു നടന്നതെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പിന്നീട് നിരവധി ആളുകൾ എന്നെ വിളിച്ച് വിവരമന്വേഷിച്ചു. ഈ ലേഖനമെഴുതുന്ന സമയത്തും വിളി വരുന്നുണ്ട്. ആകയാൽ സംഗതി ചുരുക്കിപ്പറയാം.

കഴിഞ്ഞ പതിനഞ്ചു വർഷമായി എനിക്കെതിരെ കേസ്സുകൾ ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഇവയെല്ലാം പാസ്റ്റർമാർ നേരിട്ടു കൊടുത്തതോ മറ്റുള്ളവരേക്കൊണ്ടു കൊടുപ്പിച്ചതോ ആണ്. കാരണം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എന്റെ വീട്ടിൽ നിരവധി തവണ പോലീസ് വന്നിട്ടുമുണ്ട്. അവയിൽ സൈബർ കേസ്സ് ഒഴികെ ഒന്നിലും അറസ്റ്റ് ഉണ്ടായിട്ടില്ല.

ഇപ്പോഴും എനിക്കെതിരെ കേസ്സുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പരാതി കിട്ടിയാൽ അന്വേഷിക്കുക എന്നതു പോലീസിന്റെ കടമയാണ്. അതുകൊണ്ട് അവർ അന്വേഷിക്കുന്നു. കള്ളക്കേസ്സാണെന്നു മനസ്സിലാകുന്നതോടെ എഴുതിത്തള്ളുന്നു. ഈ പ്രക്രിയ പല വർഷങ്ങളായി തുടർന്നു വരുന്നതാണ്. അതുകൊണ്ട് എന്റെ വീട്ടിൽ പോലീസ് വരുന്നതു കണ്ടാൽ നാട്ടുകാർ ഇപ്പോൾ ഗൗനിക്കാറേയില്ല.

പോലീസിൽ അഴിമതിക്കാരും ദുഷ്ടൻമാരും ഒക്കെ ഉണ്ടെന്നതു ശരിയാണ്. പക്ഷേ എന്റെ വീട്ടിൽ അന്വേഷണത്തിനു വന്നിട്ടുള്ള കോൺസ്റ്റബിൾ മുതൽ ഡി.വൈ.എസ്.പി വരെയുള്ള എല്ലാ പോലീസുകാരും എന്നോടു തികച്ചും മാന്യമായാണു പെരുമാറിയിട്ടുള്ളത്. മോശമായ ഒരു വാക്കുപോലും എന്നോടു പറഞ്ഞിട്ടില്ല.

ജൂൺ 7ന് ഉച്ചയായപ്പോൾ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഏതാനും പോലീസുകാർ എന്റെ വീട്ടിൽ വന്നു എന്നതു ശരിയാണ്. ഒരു കേസ്സുമായി ബന്ധപ്പെട്ടു വിവരം ശേഖരിക്കാനാണ് അവർ വന്നത്. ഒരു മണിക്കൂറോളം സമയം അവർ എന്റെ വീട്ടിൽ ഉണ്ടായിരുന്നു. അവർ തികച്ചും മാന്യമായി സംസാരിച്ചു, വിവരങ്ങൾ എഴുതിയെടുത്തു. അതിനുശേഷം അവർ മടങ്ങി. എന്റെ വീട്ടിൽ നിന്ന് ഒരു മൊട്ടുസൂചിപോലും അവർ കൊണ്ടുപോയതുമില്ല. ഇത്രയുമാണു നടന്നത്.

പിന്നെങ്ങനെ നുരയും പതയും വന്നു? പറയാം: ബാലനെ ജൂൺ 7ന് അറസ്റ്റ് ചെയ്യിക്കാമെന്നു വാക്കു പറഞ്ഞു ചിലർ ബാലന്റെ ശത്രുക്കളായ ചില അമേരിക്കൻ മലയാളികളോടു പണം വാങ്ങിയിരുന്നു. ബാലനെ അറസ്റ്റ് ചെയ്തില്ല എന്നു കണ്ടതോടെ അവർക്കു നിരാശയായി. പണം മുടക്കിയവരോട് എന്തെങ്കിലും വിശദീകരണം പറയാതെ പറ്റില്ലല്ലോ. അങ്ങനെ അവർ ഒരു കഥ സങ്കല്പിച്ചുണ്ടാക്കി. പോലീസ് ബാലന്റെ കമ്പ്യൂട്ടർ തല്ലിപ്പൊളിക്കുകയും കമ്പ്യൂട്ടർ കണ്ടുകെട്ടുകയും ചെയ്തു. അതിനുശേഷം ബാലനെ അറസ്റ്റ് ചെയ്തു. ഉടൻ ബാലൻ ബോധം കെട്ടു വീണു. വായിൽ നിന്നു നുരയും പതയും വന്നു. അതോടെ പോലീസ് ബാലനെ ആശുപത്രിയിലാക്കി. സുഖമായാലുടൻ ജയിലിലാക്കും. ഇത്രയും കേട്ടതോടെ പണം മുടക്കിയവർക്കു സന്തോഷമായി. അവർ എല്ലാവരേയും വിവരമറിയിച്ചു. വാർത്ത നാടു നീളെ പരന്നു.

ആരെങ്കിലും ബാലനെ ഫോണിൽ വിളിച്ചു സത്യം ഗ്രഹിച്ചാലോ? അതു തടയാനും അവർ ഒരു തന്ത്രം പ്രയോഗിച്ചു. ബാലന്റെ ഫോണിലേക്കു വരുന്ന എല്ലാ വിളികളും പോലീസ് റിക്കാഡ് ചെയ്തുകൊണ്ടിരിക്കയാണെന്നും ഫോൺ വിളിക്കുന്നവരേയും പോലീസ് അറസ്റ്റ് ചെയ്യുമെന്നും അവർ പ്രചരിപ്പിച്ചു. പക്ഷേ ധൈര്യമുള്ള ചിലർ ബാലനെ ഫോണിൽ വിളിച്ചു സത്യമറിഞ്ഞു. ബാക്കിയുള്ളവരുടെ അറിവിലേക്കായി ഈ കുറിപ്പു പ്രസിദ്ധീകരിക്കുകയാണ്.

# നിങ്ങൾക്കും വലിയവനാകാം

വിവിധതരം 'മിനിസ്ട്രി'കൾ നടത്തി വലിയവനാകുന്നതെങ്ങനെ എന്ന് ഈ ലക്കത്തിൽ പറയാം. അനാഥശാല, വൃദ്ധ സദനം, ബൈബിൾ കോളേജ്, ഗോസ്പൽ ടീം തുടങ്ങി എന്തുതരം മിനിസ്ട്രിയുമാകാം. സഭകൾ സ്ഥാപിക്കുന്നതിനും തടസ്സമില്ല. മിനിസ്ട്രി എന്തായാലും അതിന് ഒരു സംഘടന ഉണ്ടാക്കണം.

സംഘടനകളെ പൊതുവായി സൊസൈറ്റി, ട്രസ്റ്റ് എന്നിങ്ങനെ രണ്ടായി തിരിക്കാം. സൊസൈറ്റികൾ ആണ്ടുംതോറും തെരഞ്ഞെടുപ്പു നടത്തണം. അഥവാ മൂന്നു വർഷത്തിൽ ഒരിക്കലോ അഞ്ചു വർഷത്തിൽ ഒരിക്കലോ ആണു തെരഞ്ഞെടുപ്പു നടത്തുന്നതെങ്കിലും ആണ്ടുതോറും ഭാരവാഹികളുടെ ലിസ്റ്റ് ജില്ലാ രജിസ്ട്രാർക്കു കൊടുക്കണം. ട്രസ്റ്റുകളിൽ തെരഞ്ഞെടുപ്പ് നിർബ്ബന്ധമല്ല. മറ്റു കാര്യങ്ങളിൽ സൊസൈറ്റികളും ട്രസ്റ്റുകളും ഏറെക്കുറെ ഒന്നുപോലെയാണ്.

സൊസൈറ്റികൾ രണ്ടു തരത്തിലുണ്ട്. പഴയ തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ജില്ലകളിൽ 1955ലെ തിരുക്കൊച്ചി സൊസൈറ്റീസ് ആക്ടാണ് (Travancore Cochin Literary, Scientific and Charitable Societies Registration Act, 1955) ഇപ്പോഴും നിലവിലുള്ളത്. കേരളത്തിലെ മറ്റു ജില്ലകളിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും Societies Registration Act, 1860 ആണ് ഉപയോഗിക്കുന്നത്. ഫലത്തിൽ രണ്ടും ഒന്നുതന്നെ. ഐ.പി.സി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയവ 1860ലെ ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്തതാണ്. പക്ഷേ ശാരോൻ, രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ തുടങ്ങിയവ 1955ലെ ആക്ട് പ്രകാരമാണു രജിസ്റ്റർ ചെയ്തത്.

ചാരിറ്റബിൾ സൊസൈറ്റികൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലാണു രജിസ്റ്റർ ചെയ്യേണ്ടത്. സാധാരണയായി ബുധനാഴ്ചകളിലാണു സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുക. 100 രൂപയാണു രജിസ്ട്രേഷൻ ഫീസ്. വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, മെമ്മോറാണ്ടം, ബൈലോ എന്നിവയുമായി ചെന്നാൽ സൊസൈറ്റി രജിസ്റ്റർ ചെയ്യാം. കുറഞ്ഞത് ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണം. പ്രായപൂർത്തിയായ സ്ത്രീയോ പുരുഷനോ അംഗമാകാം. അംഗങ്ങൾ തമ്മിലുള്ള ബന്ധം പ്രശ്നമല്ല. നിലവിലുള്ള സൊസൈറ്റികളുടെ പേരുകൾ ഉപയോഗിക്കാനാവില്ല എന്നൊരു ധാരണയുണ്ട്. പക്ഷേ അതു ശരിയല്ല. കാരണം, ഇന്ത്യയിലെമ്പാടുമായി ആയിരക്കണക്കിനു സൊസൈറ്റികളും ട്രസ്റ്റുകളുമുണ്ട്. ഇവയുടെ എല്ലാം പേരുകൾ ഉള്ള ഡയറക്ടി ഉണ്ടാക്കിയിട്ടുമില്ല. അതുകൊണ്ട് ഏതൊക്കെ പേരുകളിലുള്ള സംഘടനകൾ നിലവിലുണ്ട് എന്നറിയാൻ മാർഗ്ഗമൊന്നുമില്ല. എങ്കിലും അറിയപ്പെടുന്ന ഏതെങ്കിലും സംഘടനയുടെ പേരുമായി ചെന്നാൽ രജിസ്ട്രേഷൻ നടന്നില്ലെന്നു വരാം എന്നു മാത്രം.

ട്രസ്റ്റുകൾ രജിസ്റ്റർ ചെയ്യുന്നതു സബ് രജിസ്ട്രാർ ഓഫീസുകളിലാണ്. മാത്രമല്ല മുദ്രപ്പത്രത്തിലാണ് ഡീഡ് എഴുതേണ്ടത്. സാധാരണയായി 1000 രൂപയുടെ മുദ്രപ്പത്രമാണ് ഉപയോഗിക്കുക. എങ്കിലും ട്രസ്റ്റിന്റെ നൂക്ലിയസിന്റെ മൂല്യമനുസരിച്ച് മുദ്രപ്പത്ര വിലയിൽ മാറ്റമുണ്ടാകും. 1000 രൂപ നൂക്ലിയസ്സായി കാണിച്ചുകൊണ്ട് ട്രസ്റ്റ് ഉണ്ടാക്കിയാൽ 120 രൂപ രജിസ്ട്രേഷൻ ഫീസ് ആകും. കൂടാതെ, ആധാരമെഴുത്തുകാരന്റെ ഫീസും നൽകണം.

ട്രസ്റ്റായാലും സൊസൈറ്റിയായാലും അറിവുള്ളവരെക്കൊണ്ട് രേഖകൾ എഴുതിക്കണം. തെറ്റായ വിധത്തിൽ ഉണ്ടാക്കിയ ബൈലോ ആദായനികുതി വകുപ്പ് അംഗീകരിക്കുകയില്ല. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം ആദായനികുതി വകുപ്പിന് 10 (എ.) ഫോമിൽ അപേക്ഷ നൽകണം. ആദായനികുതി വകുപ്പിന്റെ 12(എ) വകുപ്പു പ്രകാരമുള്ള നികുതിയിളവിനുള്ള അപേക്ഷയാണിത്. ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കണ്ടാൽ കാര്യം ബുദ്ധിമുട്ടു കൂടാതെ നടക്കും. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം അപേക്ഷ നൽകിയില്ലെങ്കിൽ പിന്നീട് അപേക്ഷ സ്വീകരിക്കുകയില്ല. നികുതി ഇളവു ലഭിച്ചില്ലെങ്കിൽ വരുമാനത്തിന്റെ മൂന്നിൽ ഒന്ന് (ഏകദേശ കണക്കാണിത്) നികുതിയായി നൽകേണ്ടതായി വരും.

നികുതിയിളവു നൽകുന്നതിനുള്ള അധികാരം കമ്മീഷണർക്കാണ്. ചില മാനദണ്ഡങ്ങൾക്കനുസൃതമായാണ് നികുതിയിളവു നൽകുന്നത്.

1. ജാതിമതവ്യത്യാസമില്ലാതെ ഏവരേയും ഗുണഭോക്താക്കളായി ഉൾപ്പെടുത്തണം.
2. വരുമാനത്തിന്റെ 85% ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.
3. പ്രവർത്തനം ഇന്ത്യയിൽ മാത്രമായിരിക്കണം.
4. സംഘടന പിരിച്ചു വിടാൻ പാടില്ല.
5. സംഘടനയുടെ വസ്തുവകകൾ അംഗങ്ങൾക്കു വീതിച്ചു നൽകാൻ പാടില്ല.
6. ആദായനികുതി നിയമത്തിൽ പറയുന്ന എല്ലാ ചട്ടങ്ങളും പാലിക്കുമെന്നു പ്രഖ്യാപിക്കണം.
7. കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഭേദഗതികൾ വരുത്തരുത്.

ഇങ്ങനെ കുറെ ചട്ടങ്ങളുണ്ട്. ഇവയെല്ലാം ഭരണഘടനയിൽ വ്യക്തമായി എഴുതിയിരിക്കണം. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ രജിസ്ട്രേഷൻ കിട്ടുകയില്ല. അങ്ങനെ വന്നാൽ നികുതി കൊടുക്കേണ്ടതായി വരും.

പെന്തക്കോസ്തിലെ ഭൂരിപക്ഷം സംഘടനകളും 12(എ) വകുപ്പനുസരിച്ചുള്ള നികുതിയിളവിനായി അപേക്ഷപോലും കൊടുത്തിട്ടുണ്ടാകില്ല എന്നതാണു സത്യം. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം അപേക്ഷ നൽകിയില്ലെങ്കിൽ പിന്നീട് അപേക്ഷ നൽകാനുമാവില്ല. അപ്പോൾ ഈ സംഘടനകൾ നികുതി കൊടുക്കുന്നുണ്ടോ? നികുതിയോ? എന്തു നികുതി? ഇവയ്ക്കൊന്നും കണക്കുപോലുമില്ലല്ലോ. പക്ഷേ ഒരു കാര്യം തീർച്ച. ഒരു ദിവസം നിങ്ങൾ പിടിയിലാകും. വർഷം തോറും കണക്കു കൊടുക്കുക, നികുതി കൊടുക്കുക തുടങ്ങിയവ ചെയ്യാതിരുന്നതിനു ശിക്ഷയും ലഭിക്കും. സംഘടന പ്രവർത്തിച്ചിരുന്നില്ല, വരുമാനം ഇല്ലായിരുന്നു എന്നൊന്നും പറഞ്ഞു രക്ഷപ്പെടാനാവില്ല. സംഘടന പ്രവർത്തിച്ചാലും ഇല്ലെങ്കിലും കണക്കു കൊടുക്കണം. വരുമാനമുണ്ടെങ്കിൽ നികുതിയും കൊടുക്കണം. ഇതിനൊന്നും പറ്റില്ലെങ്കിൽ സംഘടന സമാനസ്വഭാവമുള്ള മറ്റൊരു സംഘടനയിൽ ലയിപ്പിക്കുകയോ സർക്കാരിനു വിട്ടു നൽകുകയോ ചെയ്യുകയാണു പോംവഴി.

ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവയൊന്നും ദൈവീക പദ്ധതിയിലില്ല. ഇവയൊക്കെ മനുഷിക നിയമങ്ങൾ അനുസരിച്ചു മനുഷ്യനുണ്ടാക്കിയവയാണ്. ഇവയ്ക്കു ദൈവീക പരിവേഷം നൽകുന്നതു വചന വിരുദ്ധമാണ്. റ്റി.പി.എം എന്ന സംഘടനയാണു ദൈവസഭ എന്ന നിലയ്ക്കാണ് അവരുടെ പഠിപ്പിക്കൽ. ഐ.പി.സി എന്നതു ദൈവം അടിസ്ഥാനമിട്ട സംഘടനയാണെന്നു നിരവധി വിവരദോഷികൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്തുവരുന്നു. സംഘടന എന്ന നിലക്ക് ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയവ എസ്.എൻ.ഡി.പിയും എൻ.എസ്സ്.എസ്സും യോഗക്ഷേമസഭയും പോലെ മാത്രമേയുള്ളൂ. തങ്ങളുടെ സംഘടനയെ വളർത്തിയതു ദൈവമാണെന്നു പറയുന്നവർ ദൈവത്തെ പരിഹസിക്കയാണു ചെയ്യുന്നത്. കാരണം, ദൈവം ഒരു സംഘടനയേയും വളർത്തുകയോ തളർത്തുകയോ ചെയ്യുന്നില്ല.

ദൈവാത്മാവു പറഞ്ഞതനുസരിച്ചാണു സംഘടന ഉണ്ടാക്കിയതെന്നു വീമ്പിളക്കുന്നവരുണ്ട്. സംഘടനയുടെ പേര് ദൈവം വെളിപ്പാടായി തന്നെന്നു പറയുന്നവരുമുണ്ട്. ഇതെല്ലാം ശുദ്ധ ഭോഷ്ക്കാണ്. ആത്മീയ കാര്യങ്ങൾക്കു സംഘടന ആവശ്യമില്ല. പക്ഷേ സർക്കാരുമായുള്ള ഇടപാടുകൾക്കു സംഘടനകൾ ആവശ്യമായി വന്നേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സംഘടന ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഈ സംഘടനയ്ക്കു ദൈവീക പരിവേഷം കൊടുക്കുന്നതാണു പ്രശ്നമാകുന്നത്.

സംഘടനകളെ നല്ല നിലയിലും ഉപയോഗിക്കാം. അതുപോലെ തട്ടിപ്പിനു മറയാക്കുകയും ചെയ്യാം. ഐ.പി.സി., ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകൾ ദൈവീകമല്ലെങ്കിലും തട്ടിപ്പു പ്രസ്ഥാനങ്ങളാണെന്നു പറയാനാവില്ല. പക്ഷേ ചില തട്ടിപ്പുകാർ ഈ സംഘടനകളെ ചിലപ്പോൾ ദുരുപയോഗം ചെയ്യാറുണ്ട്. എന്നാൽ അതല്ല മറ്റു ചില സംഘടനകളുടെ സ്ഥിതി. തട്ടിപ്പു മാത്രം ലക്ഷ്യമായാണ് ഇവ ഉണ്ടാക്കുന്നത്. എല്ലാ അധികാരങ്ങളും തങ്ങളുടെ കൈയ്യിൽ എന്നെന്നും നിലനിൽക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുത്താകും ഇവ ഉണ്ടാക്കിയിട്ടുള്ളത്. പറഞ്ഞുവരുമ്പോൾ സംഘടനയാണ്, മിനിസ്ട്രിയാണ്, ചാരിറ്റിയുമാണ്. പക്ഷേ എല്ലാ അധികാരവും ഒന്നോ രണ്ടോ ആളുകളുടെ കൈയ്യിൽ. എത്ര രൂപ കിട്ടി, ആ പണം എന്തിനൊക്കെ ചെലവാക്കി, മിച്ചം എന്തുണ്ട് എന്നൊന്നും ആരും അറിയുകയില്ല, ആരോടും പറയുകയുമില്ല. ഇത്തരം സംഘടനകളെയാണ് ദൈവമക്കൾ സൂക്ഷിക്കേണ്ടത്.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

റവ.ഡോ. ഇട്ടിക്കണ്ടപ്പൻ ഒരു സംഘടന രജിസ്റ്റർ ചെയ്യുന്നു. പ്രസിഡന്റ് ഈ റവ തന്നെ. വൈസ് പ്രസിഡന്റ് ഇയാളുടെ അപ്പൻ. സെക്രട്ടറി മകൻ. ജോയിന്റ് സെക്രട്ടറി മകന്റെ ഭാര്യ. ഖജാൻജി റവയുടെ സഹധർമ്മിണി. മറ്റു രണ്ട് അംഗങ്ങൾ റവയുടെ സുഹൃത്തുക്കൾ, നിർഗ്ഗുണപരബ്രഹ്മങ്ങൾ. അങ്ങനെ സംഘടന പൊടിപൂരമായി നടക്കുന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നും പണം പിരിക്കുന്നുണ്ട്. റവയുടെ നേതൃത്വത്തിൽ കുറെ സഭകളുണ്ട്. പാസ്റ്റർമാർക്ക് മാസം തോറും ആയിരം രൂപ കൊടുക്കും. കണക്കിൽ അത് 5000 ആകും. വല്ല സായിപ്പോ പണക്കാരായ മറ്റു വി.ഐ.പികളോ വരുമ്പോൾ റവ ഒരു സ്പെഷ്യൽ യോഗം വിളിക്കും. റവയുടെ എല്ലാ സഭകളിലേയും വിശ്വാസികൾ യോഗത്തിനെത്തും. കൂടാതെ, മറ്റു പെന്തക്കോസ്ത് സഭകളിൽ നിന്നും ആളുകളെ ക്ഷമിച്ചു വരുത്തും. വരുന്ന പാസ്റ്റർമാർക്കെല്ലാം കൈമടക്കു കൊടുക്കും. അതുകൊണ്ടു റവ വിളിച്ചാൽ പാസ്റ്റർമാരെത്തും. വി.ഐ.പി ഈ ജനക്കൂട്ടത്തെ കണ്ടു വണ്ടറടിക്കും. മടങ്ങിപ്പോകുമ്പോൾ നല്ലൊരു തുക സംഭാവന നൽകുകയും ചെയ്യും. കിട്ടിയതിന്റെ അഞ്ചോ പത്തോ ശതമാനം മാത്രമേ യോഗം നടത്താൻ ചെലവാകൂ.

സഭ കൂടാതെ റവയുടെ വഹയായി സെമിനാരിയുമുണ്ട്. ബൈബിൾ സ്ക്കൂൾ അറു പഴഞ്ചൻ. ബൈബിൾ കോളേജിന് ഗമ പോരാ. അതുകൊണ്ട് ഇപ്പോൾ സെമി നാറികൾ മാത്രമേയുള്ളൂ. റവയുടെ സെമിനാരിയിൽ സി.റ്റി.എച്ച്, ജി.റ്റി.എച്ച്., ബി.റ്റി.എച്ച്., എം.ഡിവ്., എം.റ്റി.എച്ച്., എന്നീ കോഴ്സുകളുണ്ട്. പക്ഷേ പത്താം ക്ലാസ്സു പാസ്സായ ആരും പഠിക്കാൻ എത്തുന്നില്ലെന്നതു രഹസ്യം. ഇംഗ്ലീഷ് മീഡിയത്തിലും മലയാളം മീഡിയത്തിലും ക്ലാസ്സുണ്ടെന്നാണു പ്രചരണം. പക്ഷേ മലയാളം തന്നെ കഷ്ടി.

ആണ്ടുതോറും അതിഗംഭീരമായി ബിരുദദാനം നടത്തും. കോട്ടും സൂട്ടും കണ്ഠകൗപീനവും മറ്റുമായി നിരക്ഷര കുക്ഷികൾ ബിരുദം വാങ്ങാൻ അടിവച്ചടിവച്ചു നീങ്ങുന്ന കാഴ്ച വീഡിയോയിൽ പകർത്തും. എല്ലാ ബിരുദദാനച്ചടങ്ങിലും രണ്ടോ മൂന്നോ ദിവ്യൻമാരെ ഡോക്ടറേറ്റ് നൽകി ആദരിക്കും. (അന്നു മുതൽ ഈ ചങ്ങാതിമാരും ഡോ ആയി മാറും.) ബിരുദദാനച്ചടങ്ങിന്റെ വാർത്തയും ചിത്രങ്ങളും സകല പെന്തക്കോസ്ത് പത്രങ്ങൾക്കും അയച്ചുകൊടുക്കും.

ജീവകാരുണ്യ രംഗത്തും റവ കൈവച്ചിട്ടുണ്ട്. അനാഥശാലയാണു പ്രധാനം. പല സ്ഥലങ്ങളിൽ നിന്നായി ഇരുപതോളം കുട്ടികളെ കൊണ്ടുവന്നിട്ടുണ്ട്. എല്ലാവർക്കും മാതാപിതാക്കളുണ്ട്. കഷ്ടിച്ചു ജീവിക്കാനുള്ള വകയുമുണ്ട്. എങ്കിലും വീടിനടുത്തു നല്ല സ്ക്കൂളില്ല. അതുകൊണ്ട് റവയുടെ അനാഥശാലയിൽ നിന്നു സ്ക്കൂളിൽ പോകുന്നു. അവധിക്കാലമായാൽ കുട്ടികൾ വീട്ടിൽ പോകും. പക്ഷേ റവയുടെ കണക്കു പുസ്തകത്തിൽ ഇവരെല്ലാം തികച്ചും അനാഥർ. പോകാൻ വീടില്ലാത്തതുകൊണ്ട് എല്ലായ്പ്പോഴും അനാഥശാലയിൽ താമസിക്കുന്നു. ദീനാനുകമ്പയുടെ ആൾരൂപമായ റവ ഈ സാധുക്കളെ സംരക്ഷിക്കുന്നു. ഇവരുടെ ചിത്രങ്ങൾ ബ്രോഷറിലും വെബ്സൈറ്റിലും കൊടുത്തു പണം പിരിക്കുന്നു.

ചുമ്മാഡോയ്ക്ക് ഒരു സ്ക്കൂളുമുണ്ട്. സി.ബി.എസ്.സി സിലബസ്സിലാണു സംഭവം നടക്കുന്നത്. അംഗീകാരമില്ല, ഉണ്ടാകണമെന്നു നിർബ്ബന്ധവുമില്ല. അത്യുഗ്രൻ ഫീസ് പിരിച്ചാണു സംഗതി നടത്തുന്നത്. എങ്കിലും ചാരിറ്റിയുടെ ലേബലിലാണു കാര്യങ്ങൾ പോകുന്നത്. സംഗതി മിഷൻ സ്ക്കൂളായതുകൊണ്ട് ഓരോ കുട്ടിയുടേയും തലയെണ്ണി സായിപ്പു കാശുകൊടുക്കുന്നുണ്ട്. ഈ കാശ് കൃത്യമായി എണ്ണി വാങ്ങലാണ് റവയുടെ മിഷൻ.

ആണ്ടുതോറും നടത്തുന്ന ജനറൽ കൺവൻഷൻ നാടിന്റെ ഉത്സവമാണ്. ഒന്നോ രണ്ടോ സായിപ്പൻമാർ തീർച്ചയായും ഉണ്ടാകും. നാടൻ സായിപ്പൻമാർ എക്ട്രാ. പകലും രാത്രിയും യോഗങ്ങളുണ്ടാകും. അവസാന ദിവസം എല്ലാവർക്കും ഭക്ഷണം കൊടുക്കും. പാസ്റ്റർമാർക്കു വണ്ടിക്കൂലി ഉറപ്പ്. ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നു വണ്ടി വാടകയ്ക്കെടുത്തു യോഗത്തിനു വരുന്നവർക്കു വണ്ടിവാടകയും ലഭിക്കും. അതുകൊണ്ട് റവയുടെ ജനറൽ കൺവൻഷന് നല്ല ആൾക്കൂട്ടമുണ്ടാകും. എല്ലാ പത്രങ്ങൾക്കും സപ്ലിമെന്റ് കൊടുക്കും അതുകൊണ്ട് പെന്തക്കോസ്ത് പത്രങ്ങളെല്ലാം നല്ല പ്രാധാന്യത്തോടെ കൺവൻഷന്റെ വാർത്ത കൊടുക്കും.

കൺവൻഷനോടനുബന്ധിച്ച് തയ്യൽ മെഷീൻ വിതരണം, വിവാഹസഹായ വിതരണം തുടങ്ങിയ പരിപാടികളുമുണ്ടാകും. ചിലർക്കൊക്കെ ചികിത്സാസഹായവും നൽകും. സംഭവങ്ങളെല്ലാം വീഡിയോയിൽ പിടിക്കും. ഫോട്ടോയുമെടുക്കും.

മെയ് മാസത്തിൽ റവ അമേരിക്കയിലേക്കു പറക്കും. ഒക്ടോബർ അവസാന ആഴ്ചയിൽ തിരിച്ചെത്തും. അമേരിക്കയിൽ റവയ്ക്കു കുറെ സ്ഥിരം താവളങ്ങളുണ്ട്. കൂടാതെ, പ്രോഗ്രാം കിട്ടുന്നിടത്തെല്ലാം പോകും. ആരെ കണ്ടാലും സ്വന്തം കാർഡ് കൊടുക്കും. അവരുടെ കാർഡ് വാങ്ങുകയും ചെയ്യും. അന്നു രാത്രി തന്നെ അവരെ വിളിക്കും. പിന്നീടു സ്ഥിരമായി വിളിക്കും. നൂറു ഡോളറെങ്കിലും വാങ്ങിയെടുക്കും. റവയെ നോക്കി ഒന്നു ചിരിച്ചുപോയാൽ നൂറു ഡോളർ നഷ്ടം എന്നതാണു സ്ഥിതി.

റവയുടെ മിനിസ്ട്രിയുടെയെല്ലാം ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവ കാട്ടിയാണു പിരിവ്. വാർത്തകൾ അടിച്ചുവന്ന പത്രങ്ങളും തെളിവായി ഹാജരാക്കും. ആരും വിശ്വസിച്ചു പോകുന്നത്ര വാചാലമായാണ് റവ സംസാരിക്കുക. മാത്രമല്ല തനിക്ക് ഒരു ചില്ലിക്കാശുപോലും വേണ്ടെന്നും എല്ലാം മിനിസ്ട്രിയുടെ പേരിൽ തന്നാൽ മതിയെന്നും പറയുമ്പോൾ റവയുടെ സത്യസന്ധതയെ ഏവരും പുകഴ്ത്തും. ''റവയാണു മിനിട്രി'' എന്ന സത്യം അവർക്കറിഞ്ഞുകൂടല്ലോ.

എല്ലാവരും ഇങ്ങനെയാണെന്ന് ഈ പറഞ്ഞതിനർത്ഥമില്ല. എങ്കിലും ഭൂരിപക്ഷവും ഇങ്ങനെയൊക്കെത്തന്നെ. ദൈവമക്കൾ സൂക്ഷിക്കുക.

RNI No. 68089 / 97
2010 June 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# പെന്തക്കോസ്തിലെ ശുശ്രൂഷകൾ

പെന്തക്കോസ്ത് പാസ്റ്റർമാർ എന്തു ചെയ്താലും അതു ശുശ്രൂഷയാണ്. സ്നാനശുശ്രൂഷ, തിരവത്താഴ ശുശ്രൂഷ, വചന ശുശ്രൂഷ തുടങ്ങിയവയ്ക്കു വചനത്തിൽ അടിസ്ഥാനുണ്ട്. അതുകൊണ്ട് അവ ചെയ്യേണ്ടതുമാണ്. പക്ഷേ ദൈവവചനത്തിൽ പരാമർശിക്കപോലും ചെയ്യാത്ത ശുശ്രൂഷകൾ പെന്തക്കോസ്തിൽ നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഇത്തരം ശുശ്രൂഷകളെ പ്രധാനമായി രണ്ടു ഗ്രൂപ്പായി തിരിക്കാം:

1. ശുശ്രൂഷ എന്നു വിളിക്കുന്നതു ശരിയല്ലെങ്കിലും ആവശ്യമുള്ള കർമ്മങ്ങൾ.
2. ശുശ്രൂഷകളായി അറിയപ്പെടുന്ന അനാവശ്യ കർമ്മങ്ങൾ.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

വിവാഹ ശുശ്രൂഷ എന്ന പേരിൽ അറിയപ്പെടുന്ന പരിപാടി അനാവശ്യമാണെന്നു പറയാനാവില്ല. പക്ഷേ വിവാഹശുശ്രൂഷ എന്നൊരു ശുശ്രൂഷയെപ്പറ്റി ദൈവവചനത്തിൽ പരാമർശമില്ല. അതുപോലെയാണ് ശവസംസ്ക്കാര ശുശ്രൂഷയുടെ കാര്യവും. മൃതദേഹം സംസ്ക്കരിക്കേണ്ടത് ആവശ്യം തന്നെ. പക്ഷേ ശവസംസ്ക്കാര ശുശ്രൂഷ എന്നൊരു ശുശ്രൂഷ ദൈവവചനത്തിലില്ല.

വിവാഹവും ശവസംസ്ക്കാരവും വേണ്ട എന്നാണോ പറഞ്ഞുവരുന്നത് എന്നു ചിലരെങ്കിലും ചോദിച്ചേക്കാം. ഇവ ആവശ്യം തന്നെ. പക്ഷേ ഇവയൊന്നും ആത്മീയ ശുശ്രൂഷയല്ല എന്നു മാത്രം. വിവിധ മതങ്ങളിലും ദൈവങ്ങളിലും വിശ്വസിക്കുന്നവരും മതത്തിലോ ദൈവത്തിലോ വിശ്വസിക്കാത്തവരും വിവാഹം നടത്തുന്നു, ശവസംസ്ക്കാരവും നടത്തുന്നു. അവിശ്വാസിയായിരുന്ന കാലത്ത് ഒരാൾ വിവാഹിതനായി. പിന്നീട് അവർ കുടുംബമായി വിശ്വാസികളായാൽ അവരെ വീണ്ടും വിവാഹം കഴിപ്പിക്കുമോ? ഇല്ലെന്നു തീർച്ച. കാരണം അവരുടെ വിവാഹം യഥാർത്ഥ വിവാഹമായിരുന്നു. പക്ഷേ ശിശുസ്നാനം സ്വീകരിച്ച ഒരു വ്യക്തിയെ വീണ്ടും സ്നാനപ്പെടുത്തും. കാരണം, ശിശുസ്നാനം വചനാനുസൃതമുള്ള ശുശ്രൂഷ ആയിരുന്നില്ല. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു: എല്ലാ ജാതിക്കാരും എല്ലാ മതക്കാരും മനുഷ്യർ എന്ന നിലക്ക് ചെയ്യുന്ന ചില കർമ്മങ്ങളുണ്ട്. അവയൊന്നും ആത്മീയതയുമായി കൂട്ടിക്കുഴയ്ക്കേണ്ടതില്ല. വിവാഹം, ശവസംസ്ക്കാരം തുടങ്ങിയവ നല്ല ഉദാഹരണം.

ഈ വാദം തെറ്റാണെന്നു കരുതുന്നവരുണ്ടാകാം. അങ്ങനെയുള്ളവർ ബൈബിൾ പരിശോധിക്കുക: ദൈവസഭയിൽ വിവാഹം, ശവസംസ്ക്കാരം എന്നിവ ഒരു ശുശ്രൂഷ എന്ന നിലയ്ക്കു നടത്തിയതായി രേഖയുണ്ടോ? ഏതെങ്കിലും ദൈവദാസൻ വിവാഹം നടത്തിക്കൊടുത്തതായോ ശവസംസ്ക്കാരം ഒരു ശുശ്രൂഷ എന്ന നിലയ്ക്കു നടത്തിയതായോ കാണുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ?

വസ്തുത ഇതാണെങ്കിലും പെന്തക്കോസ്ത് പാസ്റ്റർമാർ, വിശേഷിച്ചു നേതാക്കൻമാർ ഇതൊന്നും അംഗീകരിച്ചു തരുകയില്ല. വചനത്തിൽ അടിസ്ഥാനമുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്ക് ഈ 'ശുശ്രൂഷകൾ' കൂടിയെ കഴിയൂ. കാരണം എന്തെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

വിവാഹം, ശവസംസ്ക്കാരം എന്നിവ ആത്മീയ ശുശ്രൂഷയല്ലെങ്കിലും ഒഴിവാക്കാനാവാത്ത കാര്യങ്ങളാണ്. പക്ഷേ ശിശുപ്രതിഷ്ഠ എന്ന പരിപാടിയുടെ കാര്യം അങ്ങനെയല്ല. ദൈവവചനത്തിൽ ഇതിന് അടിസ്ഥാനമുണ്ടെന്നു വരുത്തിത്തീർക്കാൻ കുറെ വാക്യങ്ങൾ വായിക്കുക പതിവാണ്. പക്ഷേ മേല്പടി വാക്യങ്ങളൊന്നും ശിശുപ്രതിഷ്ഠ എന്ന പരിപാടിയുമായി പുലബന്ധം പോലും ഉള്ളവയല്ല. എങ്കിലും ശിശുപ്രതിഷ്ഠ നടത്താതെ മാതാപിതാക്കൾക്കു തൃപ്തിയാകില്ല. പാസ്റ്റർമാർ എല്ലാവിധ പ്രോത്സാഹനവും ചെയ്തുകൊടുക്കുകയും ചെയ്യും.

ഭവനപ്രതിഷ്ഠ എന്നതാണു മറ്റൊരു ശുശ്രൂഷ. ഒരു വീടു വച്ചാൽ ദൈവത്തിനു നന്ദി പറയണം. പ്രാർത്ഥിച്ചിട്ടു താമസം തുടങ്ങുന്നതും തെറ്റല്ല. പാസ്റ്ററേയും സഹവിശ്വാസികളേയും വിളിച്ചുകൂട്ടി പ്രാർത്ഥിക്കുന്നതും എല്ലാവർക്കും ഭക്ഷണം കൊടുക്കുന്നതും പാപമാണെന്നു പറയാനുമാവില്ല. പക്ഷേ ഇത്രയുമൊക്കെക്കൊണ്ടു നിർത്തുകയില്ല എന്നതാണു പ്രശ്നം. ഇത് ഭവനപ്രതിഷ്ഠാശുശ്രൂഷ ആക്കും. ഉടമസ്ഥന്റെ പണക്കൊഴുപ്പിനനുസരിച്ചുള്ള പാസ്റ്റർമാരെ വിളിക്കും. വലിയവന്റെ വലിയവീടു പ്രതിഷ്ഠിക്കാൻ ഏറ്റവും വലിയ നേതാവുൾപ്പെടെയുള്ളവർ എത്തും. ചെറിയവന്റെ കുടിൽ പ്രതിഷ്ഠിക്കാൻ ലോക്കൽ പാസ്റ്ററെങ്കിലും വന്നെങ്കിലായി. ഏതായാലും ഒരു ചോദ്യത്തിന് നാളിതുവരെ ആരും ഉത്തരം പറഞ്ഞിട്ടില്ല: ''ഭവനപ്രതിഷ്ഠ എന്നൊരു പരിപാടി ആരെങ്കിലും നടത്തിയതായി പുതിയനിയമത്തിലുണ്ടോ?''

വിവാഹങ്ങളുമായി ബന്ധപ്പെട്ടും നിരവധി ശുശ്രൂഷകൾ നടക്കുന്നുണ്ട്. നാട്ടുനടപ്പനുസരിച്ചു ചില നടപടിക്രമങ്ങൾ ഏവരും പാലിക്കേണ്ടതായിവരും. അന്യദൈവങ്ങളുമായി ബന്ധമില്ലാത്ത നടപടികൾ വിശ്വാസികൾക്കും അനുവദനീയമാണ്. പക്ഷേ പല നടപടികളും ശുശ്രൂഷയാക്കുന്നു എന്നതാണു പ്രശ്നം. വിവാഹം തന്നെ ശുശ്രൂഷയാക്കുന്നവർ മറ്റ് ആചാരങ്ങളും ശുശ്രൂഷയാക്കുന്നതിൽ അത്ഭുതമില്ല. കേക്കുമുറിക്കൽ ശുശ്രൂഷ എന്നതുതന്നെ നല്ല ഉദാഹരണം. ''അടുത്തതായി കേക്കു മുറിക്കൽ ശുശ്രൂഷ'' എന്നു പ്രഖ്യാപിച്ച ശേഷം മുഖ്യ പാസ്റ്റർ പ്രാർത്ഥിക്കുന്നു. പ്രാർത്ഥന കഴിഞ്ഞ് വധൂവരൻമാർ കേക്കു മുറിക്കുന്നു.

കരിക്കു കുടിക്കൽ ശുശ്രൂഷ എന്നൊരു പരിപാടിയും ചില സ്ഥലങ്ങളിലുണ്ട്. ഒരു കരിക്കിൽ രണ്ടു സ്ട്രോകളിട്ടു വധൂവരൻമാർ വെള്ളം കുടിക്കുന്നതാണു സംഭവം. അത്യുഗ്രൻ ശുശ്രൂശുഷയായിട്ടാണ് ഇതു ചിലർ നടത്തുന്നത്. മുഖ്യ പാസ്റ്ററുടെ പ്രാർത്ഥന കഴിഞ്ഞാണു കരിക്കു കുടിക്കൽ നടക്കുന്നത്. സാരിമാറൽ ശുശ്രൂഷ എന്നൊരു വിചിത്ര ശുശ്രൂഷയ്ക്കും ചിലർ ആരംഭം കുറിച്ചതായി കേട്ടു. വിവാഹം കഴിഞ്ഞ് വധു വിവാഹസാരി മാറി മറ്റൊരു സാരി ഉടുക്കുന്നതാണു സംഗതി.

എവിടെ ലൈഫ്ബോയ് ഉണ്ടോ അവിടെ ആരോഗ്യവുമുണ്ട് എന്നു പറഞ്ഞതുപോലെ എവിടെ കൺവൻഷനുണ്ടോ അവിടെ കാലുനാട്ടൽ ശുശ്രൂഷയുമുണ്ട്. കൺവൻഷൻ പന്തലിന്റെ ആദ്യത്തെ മുളങ്കാലു നാട്ടുന്ന മഹത്തായ സംഭവമാണു കാലുനാട്ടൽ ശുശ്രൂഷ. കൺവൻഷൻ ആരംഭിക്കുന്നത് ഉദ്ഘാടന ശുശ്രൂഷയോടെയാണ്. അതിന് ഏതെങ്കിലും ദിവ്യൻ കൂടിയേ കഴിയൂ. ചില കൺവൻഷനു സമാപന ശുശ്രൂഷയുമുണ്ട്.

കെട്ടിടനിർമ്മാണം ആരംഭിക്കുന്നതു കല്ലിടീൽ ശുശ്രൂഷയോടെയാണ്. കെട്ടിടത്തിന്റെ വലിപ്പമനുസരിച്ച് കല്ലിടുന്ന നേതാവിന്റെ ഗ്രേഡും കൂടും. കുടിൽ ഉണ്ടക്കാൻ ലോക്കൽ പാസ്റ്റർ കല്ലിട്ടാൽ മതി. പക്ഷേ പണക്കാരുടെ വീടുകൾക്കു കല്ലിടീൽ ശുശ്രൂഷ നടത്താൻ സഭാനേതാവിനെത്തന്നെ ക്ഷണിക്കും.

സമുദായങ്ങളിലുള്ള ദുരാചാരങ്ങളെ കുറ്റം പറഞ്ഞു നടന്നവരും നടക്കുന്നവരുമാണു പെന്തക്കോസ്തുകാർ. പക്ഷേ വചനത്തിൽ അടിസ്ഥാനമില്ലാത്ത ശുശ്രൂഷകൾ ചെയ്യാൻ ഇപ്പോൾ പെന്തക്കോസ്തുകാർക്കു ശങ്കയില്ല. ഇവയ്ക്കെതിരെ പ്രതികരിക്കാൻ ആരും തയ്യാറാകുന്നുമില്ല.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan